സമന്വയ

# സമന്വയ

അതിരൂപത ബുള്ളറ്റിൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

പുസ്തകം 23 ഡിസംബർ 2018 ലക്കം 12

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
***പത്രാധിപർ***
റവ.ഡോ.മൈക്കിൾ തോമസ്
***പത്രാധിപ സമിതി***
റവ. ഡോ. എഡിസൺ വൈ.എം
റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്
റവ. ഡോ. ഡൈസൺ എം.
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഫാ. എ.ആർ ജോൺ
റവ. ഫാ. ലെനിൻ രാജ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
റവ. ഫാ. ടോണി ഹാംലെറ്റ്
***കവർ & ലേ-ഔട്ട്***
ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ


- ആശ്വാസവും പ്രത്യാശയുമേകുന്ന ജീവന്റെ നാഥനെ വരവേല്ക്കാം (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്പ്സ് ഡയറി - ഡിസംബർ
- ബിഷപ്പ്സ് ഡയറി - ഡിസംബർ
- വിജ്ഞാപനം
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ

എഡിറ്റോറിയൽ

# ആശ്വാസവും പ്രത്യാശയുമേകുന്ന ജീവന്റെ നാഥനെ വരവേല്ക്കാം

2018 ഡിസംബർ മാസം തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്ന മാസമാണ്. ഡിസംബർ 8, 9 തീയതികളിൽ ശംഖുമുഖം തീരത്തു വച്ച് നടക്കുന്ന സംസ്ഥാനതല ലത്തീൻ കത്തോലിക്കാ സമുദായ സംഗമത്തിന് നാം ആഥിതേയത്വം വഹിക്കുകയാണ്. സാമുദായികമായും സഭാപരമായും സംഘടിക്കുവാനും വളരുവാനും ലഭിക്കുന്ന സുവർണ്ണാവസരം.

ഒപ്പം ഈ മാസം ബി.സി.സി. ഇടവക, ഫെറോനാതലങ്ങളിൽ നവനേതൃത്വത്തെ തെരഞ്ഞെടുക്കുകയും അവർക്കാവശ്യമായ പരിശീലനപ്രക്രിയ നടക്കുന്ന കാലയളവും കൂടിയാണ്. വരുന്ന രണ്ട് വർഷത്തേക്ക് ഇടവകയെ, ബി.സി.സി.യൂണിറ്റുകളെ വിവിധ ശുശ്രൂഷാ സമിതികളെ നയിക്കുവാനുള്ള ദിശാബോധം നൽകി കർമ്മനിരതമാകേണ്ട നാളുകൾ...

ഈ പശ്ചാത്തലത്തിലാണ് 2018 ലെ ക്രിസ്തുമസ് നല്കുന്ന സന്ദേശം നാം സ്വീകരിക്കേണ്ടത്. ലോകമനസാക്ഷിയെ സദാ തൊട്ടുണർത്തിക്കൊണ്ടിരിക്കുന്ന പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ 2018 ലെ ആഗമനകാല സന്ദേശത്തിന്റെ പ്രസക്തിയേറുന്നതിവിടെയാണ്. "ആഗമനകാലം ആശ്വാസത്തിന്റെയും പ്രത്യാശയുടെയും നാളുകളാണ്. പുതിയൊരു ആരാധനാവർഷത്തിന് തുടക്കം കുറിക്കുന്ന ഈ ആഗമനകാലം എല്ലാ ആശ്വാസത്തിന്റേയും ഉറവിടമായ ദൈവത്തിന്റെ നവീനസാന്നിദ്ധ്യമാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്. ഒരിക്കലും ലഭിക്കാത്ത കാര്യങ്ങൾക്കുവേണ്ടി വ്യഥാ കാത്തിരുന്ന് ജീവിതം പാഴാക്കുന്നതിനേക്കാൾ, എന്നും ജീവിതത്തിന് പുതുമയും പ്രത്യാശയുമേകുന്ന ദൈവത്തിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ ദിനങ്ങളായിത്തീരണം ആഗമനകാലം. ഇത് ഒന്നും ചെയ്യാതെ നിഷ്ക്രിയമായൊരു കാത്തിരിപ്പല്ല. പ്രത്യുത, സ്നേഹത്താൽ സജീവമാകുന്ന നാളുകളാണ് ആഗമനകാലമെന്ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നു.

80 വർഷത്തിലധികമായി യുദ്ധത്തിലകപ്പെട്ട് സംഘർഷഭരിതമായ അന്തരീക്ഷത്തിൽ കഴിയുന്ന സിറിയയിലെ ജനങ്ങളോട് വിശിഷ്യാ, അനാഥരായിത്തീർന്ന സിറിയൻ കുട്ടികളോടുള്ള ഹൃദയപൂർവ്വമായ അനുഭാവത്തോടെ പ്രത്യേകമായി





സജ്ജമാക്കിയ മെഴുകുതിരി തെളിച്ചുകൊണ്ട്, സിറിയയിലേയും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേയും സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ പാപ്പ ആഹ്വാനം ചെയ്തു. സമാധാനത്തിന്റെയും പ്രത്യാശയുടെയും തിരിതെളിച്ചുകൊണ്ട് പാപ്പ പ്രാർത്ഥിച്ചു:"ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിവിധ സംഘർഷങ്ങളിലും മാനസിക പിരിമുറുക്കങ്ങളിലും അകപ്പെട്ട് ജീവിക്കുന്ന മനുഷ്യഹൃദയങ്ങളിൽ പ്രത്യാശയുടെ ഈ നാളം ജ്വലിക്കട്ടെ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധത്തിനുവേണ്ടി മുറവിളി കൂട്ടുന്ന; അതിനായ് കോടികൾ ചെലവഴിച്ച് പടക്കോപ്പുകൾ ഒരുക്കുന്ന മനുഷ്യരോട് ദൈവം പൊറുക്കുകയും അവരെ മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്യട്ടെ!" ഇത് നമുക്ക് ഓരോരുത്തർക്കുവേണ്ടി, നമ്മുടെ കുടുംബത്തിനുവേണ്ടി, ഇടവകയ്ക്കുവേണ്ടി കൂടിയുള്ള പ്രാർത്ഥനയാണ്.

മുറിച്ച് പങ്കുവയ്ക്കപ്പെടുന്നതിലൂടെ അപരന് ജീവൻ നൽകുന്ന "അപ്പ"മായിത്തീരേണ്ട യേശുനാഥൻ "അപ്പത്തിന്റെ നാട്" ആയ ബത്‌ലഹേമിൽ ജനിക്കുന്നത് യാദൃശ്ചികമല്ല. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ദൈവീക പദ്ധതിയുടെ ഭാഗമാണത്. അപ്പമായിത്തീരേണ്ടവൻ വ്യക്തമായ ബോധ്യത്തോടുകൂടിയാണ് "ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവൻ ഏകുവാനും അത് സമൃദ്ധമായി ഏകുവാനുമാണ്" (യോഹ. 10:10) എന്ന് പ്രഖ്യാപിച്ചത്. ജീവന്റെ നാഥനായ യേശുവിന്റെ ജനനമഹോത്സവത്തിനായ് ഒരുങ്ങുന്ന നമുക്ക് ജീവന്റെ സംസ്ക്കാരം ഉൾക്കൊള്ളുവാനും അത് പരിപോഷിപ്പിക്കുവാനും സാധിക്കണം. ജീവന്റെ സംസ്ക്കാരത്തിന് തടസ്സമായി നില്ക്കുന്ന എല്ലാ തിന്മയുടെ ശക്തികളെയും തിരിച്ചറിയുവാനും അതിജീവിക്കുവാനും പരിവർത്തനപ്പെടുത്തുവാനും നമുക്ക് കഴിയട്ടെ!

നവനേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ നല്ലിടയനായ യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തങ്ങളും കടമകളും വിശ്വസ്തതയോടും അർപ്പണമനോഭാവത്തോടും നിർവ്വഹിക്കുവാനുള്ള കൃപയ്ക്കായ് പ്രാർത്ഥിക്കാം. ഏവർക്കും സമാധാനവും പ്രത്യാശയുമേകുന്ന ക്രിസ്തുമസ് ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, DECEMBER 2018

| | | | |
|---|---|---|---|
| 01 | SAT | 05.00 pm | Home Mission Conclusion, Vennicode |
| 02 | SUN | 07.30 am | PASTORAL VISIT, MONVILA |
| | | 05.00 pm | Church Blessing, Poozhikunnu |
| 03 | MON | | **KRLCBC** |
| 04 | TUE TO 06 THU | | **KCBC** |
| 09 | SUN | | **SAMUDHAYA SANGAMAM** |
| 16 | SUN | 04.00 pm | Church Blessing, Karali |
| 17 | MON TO 18 TUE | | ***Presbyterium*** |
| 20 | THU | 10.00 am | Convocation Day, JMAC, Vellayambalam |
| 21 | FRI | 05.30 pm | !0th Anniversary & Christmas Celebration, BhakitaBhavan |
| 24 | MON | | MIDNIGHT MASS at Cathedral Church |
| 25 | TUE | | **CHRISTMAS** |
| 26 | WED | 10.30 am | Marriage Blessing, Pangode |
| 30 | SUN | 07.30 am | PASTORAL VISIT, CHRISTURAJAPURAM |

**Fr. Shynish Bosco**
Secretary to Archbishop





## AUXILIARY BISHOP'S DIARY, DECEMBER 2018

| | | | |
|---|---|---|---|
| 01 | SAT | 06.00 pm | Christmas Message, St. Thomas School |
| 02 | SUN | 10.00 am | Feast Day Eucharistic Celebration, Attupuram |
| | | 05.30 pm | Feast Day Eucharistic Celebration, Neyyattinkara |
| 03 | MON | | **KRLCBC** |
| 04 | TUE TO 06 THU | | **KCBC** |
| 07 | FRI | 05.30 pm | Christmas Message, Kowdiar |
| 08 | SAT | 09.30 am | Feast Day Eucharistic Celebration, Edavanakadu, Verapoly |
| 09 | SUN | | **SAMUDHAYA SANGAMAM** |
| 11 | TUE | 05.00 pm | Christmas Celebration, L.P School, Kalluvettankuzhy |
| 15 | SAT | 11.00 am | Marriage Blessing, Veli |
| 16 | SUN | 08.00 am | Shrine Blessing & Holy Mass, Azhakulam |
| | | 05.30 pm | Feast Day Eucharistic Celebration, Poozhikunu |
| 17 | MON TO 18 TUE | | Presbyterium |
| 19 | WED | 11.00 am | Christmas Celebration, Kerala Ecumenical Mission Center |
| 21 | FRI | 05.30 pm | "Aid for Ochki affected", Marianadu |

| | | | |
|---|---|---|---|
| 22 | SAT | 03.00 pm | Ecumenical Christmas Celebration, Karumkulam |
| | | 06.00 pm | Christmas Message, Paattoor |
| 23 | SUN | 06.00 pm | WREN Music Academy Anniversary |
| 25 | TUE | | **CHRISTMAS** |
| 26 | WED | 11.00 am | Marriage Blessing, Vettucaud |
| | | 03.30 pm | **Diaconate Ordination** |
| 27 | THU | 11.00 am | Marriage Blessing, Veli |
| | | 03.30 pm | **Priestly Ordination, Mampally** |
| 27-29 | | | KCYM Ruby Celebration |
| 29 | SAT | 11.00 am | Marriage Blessing, Veli |
| | | 05.00 pm | Jubilee Celebration, Chinnathurai |
| 30 | SUN | 05.00 pm | Jubilee Celebration, Poothurai |
| 31 | MON | 11.00 am | Marriage Blessing, Veli |

**Fr. Shynish Bosco**
Secretary to Archbishop





No. 0012/2018/CL Dated: 10.11.2018 Latin Archdiocese of Trivandrum, Vellayambalam

***2019-2020 ലെ ബി.സി.സി-ഇടവക-ഫെറോന-രൂപത പങ്കാളിത്ത ഘടനകളിലേയ്ക്കുള്ള പുതിയ നേതൃത്വത്തിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിജ്ഞാപനം***

*വന്ദ്യ വൈദികരേ, പ്രിയ മക്കളേ,*

അതിരൂപതയിലെ വിവിധതലങ്ങളിലുള്ള (ബി.സി.സി-ഇടവക -ഫെറോന-രൂപത) പങ്കാളിത്ത ഘടനകളിലും സമിതികളിലും പ്രവർത്തിക്കുന്നവരുടെ കാലാവധി 2018 ഡിസംബർ 31-ന് പൂർത്തിയാകുകയാണ്. തുടർന്ന് എല്ലാ ഇടവകകളിലും 2019 ജനുവരി 1-ന് തന്നെ അടുത്ത രണ്ട് വർഷത്തേയ്ക്കുള്ള പുതിയ നേതൃത്വം നിലവിൽ വരേണ്ടതുണ്ട്.

കേരളത്തിലെ ഇതര സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ അതിരൂപത ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ടെങ്കിലും കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി പല മേഖലകളിലും നാം കുറെയേറെ വളർന്നു എന്നത് വസ്തുതയാണ്. അതിൽ നമുക്ക് അഭിമാനിക്കാം. ഈ അവസരത്തിൽ ചെറുതും വലുതുമായി തങ്ങളുടെതായ രീതിയിൽ പ്രാദേശിക സഭയുടെ വളർച്ചക്കുവേണ്ടി ഇക്കഴിഞ്ഞ രണ്ടുവർഷം സേവനമനുഷ്ഠിച്ച ഇടവക-ഫെറോന-അതിരൂപതാ കൗൺസിൽ അംഗങ്ങൾ, ധനകാര്യ സമിതി അംഗങ്ങൾ, ശുശ്രൂഷാ പ്രതിനിധികൾ, ബി.സി.സി. യൂണിറ്റ് ഭാരവാഹികൾ, ഇതര ശുശ്രൂഷകർ ഏവരേയും അതിരൂപതയുടെ പേരിൽ ഞാൻ നന്ദിയർപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ആഗോള കമ്പോള വ്യവസ്ഥിതിയും, സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിൽ ഉണ്ടായികൊണ്ടിരിക്കുന്ന പ്രവണതകളും കണക്കിലെടുക്കുമ്പോൾ, ധാർമ്മിക മൂല്യങ്ങളിൽ വീഴ്ച വരാതെ കത്തോലിക്കാ വിശ്വാസ ത്തിൽ അടിയുറച്ച് നിന്നുകൊണ്ട് നമ്മുടെ കുടുംബകൂട്ടായ്മകളെയും ഇടവകയെയും അതിരൂപതയെയും ഉന്നതമായ ലക്ഷ്യങ്ങളിലേയ്ക്ക് നയിക്കാൻ കെൽപുള്ള ഒരു നവമുന്നേറ്റം അനിവാര്യമായിരിക്കുന്നു.

നമ്മുടെ കുടുംബകൂട്ടായ്കളിലും ഇടവകകളിലും ഫെറോന, രൂപതാതലങ്ങളിലും പ്രവർത്തിക്കുന്ന കൗൺസിൽ അംഗങ്ങളുടെയും ശുശ്രൂഷാസമിതികളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് അഭികാമ്യമാണ്. വിലയിരുത്തപ്പെടുമ്പോഴാണല്ലോ തെറ്റുകൾ തിരുത്തി സഭാസമൂഹം എന്ന നിലയിൽ ലക്ഷ്യബോധത്തോടു കൂടി മുന്നോട്ട് പോകുന്നതിന് നമുക്ക് സാധിക്കുക.

വിജ്ഞാനവും വിവേകവും പക്വതയും കഴിവുകളുമുള്ളവർ വിവിധ സമിതികളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട് വരുന്നതിൽ നിന്ന് ഒഴിഞ്ഞുമാറി നിൽക്കരുത്. സഭാ ശുശ്രൂഷ ഒരു ദൈവവിളിയായി കരുതി സ്വയം സമർപ്പിക്കാനുള്ള മനോഭാവം എല്ലാവർക്കുമുണ്ടാകണം. ചെറുതും വലുതുമായ പൊതുലക്ഷ്യങ്ങൾ രൂപപ്പെടുത്തി അവ നേടിയെടുക്കുന്നതിന് വേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങളിൽ സഭയിലെ അംഗങ്ങളോടൊപ്പം അവരിൽ ഒരാളായി നിന്ന് വേണ്ട ദർശനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നല്കി ലക്ഷ്യപ്രാപ്തിയിലേയ്ക്ക് നയിക്കാൻ കഴിവും പ്രതിബദ്ധതയുമുള്ള വ്യക്തികളെ തെരഞ്ഞെടുക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ഇതിന് എല്ലാ അല്മായരുടെയും സന്ന്യസ്തരുടെയും വൈദികരുടെയും കൂട്ടായ പ്രവർത്തനം കൂടിയേ തീരു. ഈ പ്രവർത്തനത്തിന്റെ വിജയത്തിനായി നിങ്ങളോരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.





## A. തെരഞ്ഞെടുപ്പ് സമയക്രമീകരണം

1. **2018 നവംബർ 11 ഞായർ** : തെരഞ്ഞെടുപ്പു സംബന്ധിച്ച ഈ വിജ്ഞാപനം ഇടവകകളിൽ വായിച്ച് വിശദീകരിക്കുന്നു.
2. **നവംബർ 11, 18** തീയതികളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തെരഞ്ഞെടുപ്പിനെക്കുറിച്ച് ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും വേണ്ട മുന്നൊരുക്കം നടത്തുകയും ചെയ്യുന്നു.
3. **നവംബർ 18–30** – ബി.സി.സി. കളിൽ തെരഞ്ഞെടുപ്പ് നടത്തുന്നു.
4. **ഡിസംബർ 1–9** ഇടവക കൗൺസിലുകൾ രൂപീകരിക്കുന്നു.
5. **ഡിസംബർ 17–18** അതിരൂപത വൈദിക സമ്മേളനം (Presbyterium), വൈദിക സെനറ്റിന്റെ തെരഞ്ഞെടുപ്പ്.
6. **2019 ജനുവരി 01** – പുതിയ ഇടവക കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ.
7. **ജനുവരി 1 – 6** – പ്രഥമ ഇടവക കൗൺസിൽ യോഗം. ഇതിൽ കൗൺസിൽ ഭാരവാഹികളെയും, അതിരൂപത പാസ്റ്ററൽ കൗൺസിൽ പ്രതിനിധി, ഇടവക സാമ്പത്തികസമിതി അംഗങ്ങളേയും തെരഞ്ഞെടുക്കുന്നു.
8. **ജനുവരി 6–13** – ഫെറോന കൗൺസിൽ, മറ്റ് ഫെറോന സമിതികൾ എന്നിവയുടെ രൂപീകരണം.
9. **ജനുവരി 26 ശനി** – 13-ാമത് അതിരൂപത അജപാലന സമിതിയുടെ പ്രഥമ യോഗം.

## B. ഇടവക കൗൺസിൽ, സാമ്പത്തിക സമിതികൾക്കുള്ള പരിശീലനം

1. **ഡിസംബർ 07 വെള്ളിയാഴ്ച 5.30 pm – ഡിസംബർ 1 ശനിയാഴ്ച 2 pm** അതിരൂപതാതലത്തിൽ പരിശീലകർക്കുള്ള പരിശീ ലനം (ഫെറോന തലത്തിൽ ഇടവക കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം നൽകുന്നവർക്കായുള്ള പരിശീലനം). ഓരോ ഫെറോനയിൽ നിന്നും ഫെറോന വൈദിക സെക്രട്ടറിയും ബി.സി.സി. വൈദിക കോർഡിനേ

റ്ററും ഉൾപ്പെടെ 5-7 പേരടങ്ങുന്ന ഒരു ടീമിനെ ഫെറോന വികാരിമാർ പങ്കെടുപ്പിക്കുക.

2. **2018 ഡിസംബർ 9 – 31** ഇടവക കൗൺസിൽ അംഗങ്ങൾക്ക് ഫെറോന തലത്തിൽ ഫെറോനവികാരിയുടെ നേതൃത്വത്തിൽ പരിശീലനം.
3. **2019 ജനുവരി 6–20** ഫെറോന വികാരിമാരുടെ നേതൃത്വത്തിൽ സാമ്പത്തിക സമിതി അംഗങ്ങൾക്കുള്ള പരിശീലനവും, സാമ്പത്തിക സമിതികളുടെ സത്യ പ്രതിജ്ഞയും. സത്യപ്രതിജ്ഞയിൽ സമിതിയുടെ പ്രസിഡന്റായ ഇടവകവികാരി നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
4. **ജനുവരി 12** ഫെറോനാതല പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ഇടവക കൗൺസിൽ അംഗങ്ങൾക്ക് അതിരൂപതാ തലത്തിൽ പരിശീലനം.

## C. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ദൈവഹിതമനുസരിച്ച് കാലത്തിന് അനുയോജ്യരായ നവനേതൃത്വത്തിനെ തെരഞ്ഞെടുക്കുവാനായി തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രാർത്ഥന എല്ലാ കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലും ഇടവകകളിലും സന്യസ്തഭവനങ്ങളിലും പ്രാർത്ഥിക്കുക.
2. ഇടവക തെരഞ്ഞെടുപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇടവക വികാരിക്കും നിലവിലുള്ള ഇടവക കൗൺസിൽ അംഗങ്ങൾക്കുമായിരിക്കും.
3. തെരഞ്ഞെടുപ്പ് സമിതി അംഗങ്ങളും തെരഞ്ഞെടുപ്പിൽ സഹായിക്കുന്നവരും നിർബന്ധമായും തെരഞ്ഞെടുപ്പിന് മുന്നോടിയായി ഫെറോനാതലത്തിൽ നടത്തുന്ന പരിശീലനത്തിൽ പങ്കെടുത്തവരായിരിക്കണം. ഇവർ അടിസ്ഥാന ക്രൈസ്തവ സമൂഹ മാർഗ്ഗരേഖയും ഇടവക അജപാലനസമിതി നിയമാവലിയും വായിച്ച് മനസിലാക്കിയിരിക്കണം.





4. ബി.സി.സി. യൂണിറ്റിന്റേയും, ഇടവക കൗൺസിലിന്റേയും തെരഞ്ഞെടുപ്പ് ഫലപ്രദവും ന്യൂനമറ്റതുമാക്കുവാൻ ഇടവക അജപാലന സമിതി നിയമാവലിയുടെ 57-ാം ഖണ്ഡികയുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഇടവകയിൽ ഒരു തെരഞ്ഞെടുപ്പ് സഹായ സമിതിക്ക് (Election Commission) രൂപം നൽകുന്നത് ഉചിതമായിരിക്കും.
5. ബി.സി.സി. യൂണിറ്റ് തെരഞ്ഞെടുപ്പ് അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിച്ച അടിസ്ഥാന ക്രൈസ്തവ സമൂഹ മാർഗ്ഗരേഖയനുസരിച്ചും, ഇടവക കൗൺസിൽ, ധനകാര്യ സമിതി, ഇന്റേർണൽ ആഡിറ്റ് കമ്മിറ്റി എന്നിവയുടെ തെരഞ്ഞെടുപ്പ് അതിരൂപത അനുശാസിക്കുന്ന നിയമാവലിയനുസരിച്ചുമാണ് നടത്തേണ്ടത്.
6. ബി.സി.സി. യൂണിറ്റിലെയും ഇടവക കൗൺസിലിന്റെയും തെരഞ്ഞെടുപ്പ് തീയതി, സമയം, സ്ഥലം എന്നിവ വ്യക്തമായി രണ്ട് ഞായറാഴ്ചകളിൽ ദിവ്യബലി മദ്ധ്യേ ജനങ്ങളെ അറിയിച്ചശേഷം തെരഞ്ഞെടുപ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.
7. ബി.സി.സി. യൂണിറ്റുതല തെരഞ്ഞെടുപ്പിന് മുമ്പായി ഓരോ യൂണിറ്റിൽനിന്നും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനാർഹതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി ജനങ്ങളെ അറിയിക്കണം.
8. ഇടവക കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ യോഗ്യത:

a). കൗൺസിൽ അംഗങ്ങളാകുന്നവർ 25 വയസ്സെങ്കിലും പ്രായമുള്ളവരും (യുവജന പ്രതിനിധി ഒഴികെ) ഉത്തമ കത്തോലിക്കരും ബി.സി.സി. യൂണിറ്റ് യോഗങ്ങളിൽ പങ്കെടുക്കുന്ന വരുമായിരിക്കണം.

b). തിരുസഭയുടെ ശിക്ഷയിൽപ്പെട്ടിട്ടുള്ളവരും, വർഷത്തിലൊരിക്കലെങ്കിലും കുമ്പസാരവും വിശുദ്ധ കുർബാനയും സ്വീകരിക്കാത്തവരും, കുറ്റകൃത്യങ്ങളിലേർപ്പെട്ട് കോടതി ശിക്ഷയ്ക്ക് വിധേയ

രായവരും നിരീശ്വര പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ ഇടവകാംഗങ്ങൾ കൗൺസിൽ അംഗങ്ങളായിരിക്കുവാൻ പാടുള്ളതല്ല.

9. കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ 30 ശതമാനത്തിൽ കുറയാതെ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി റൊട്ടേഷൻ ക്രമത്തിൽ വനിതാ യൂണിറ്റ്/വാർഡുകൾ/ശുശ്രൂഷകൾ എന്നിവ മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്.
10. തെരഞ്ഞെടുപ്പിന് മുമ്പായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ യോഗ്യതകളും അവരുടെ കടമകളും ഉത്തരവാദിത്വങ്ങളും ജനങ്ങൾക്ക് വിശദമാക്കിക്കൊടുക്കണം (Ref. അടിസ്ഥാന ക്രൈസ്തവ സമൂഹ മാർഗ്ഗരേഖ, 2015 പരിഷ്ക്കരിച്ച പതിപ്പ്).
11. ഓരോ ശുശ്രൂഷാ സമിതിയിലേയ്ക്കും തെരഞ്ഞെടുക്കപ്പെടുന്നവർ അതാത് ശുശ്രൂഷയുടെ ദൗത്യത്തെക്കുറിച്ചുള്ള അറിവും, അതിനോട് താല്പര്യവും ഉള്ളവരായിരിക്കണം.
12. ഇടവക ബി.സി.സി. കോർഡിനേറ്ററിനെയും ഏഴ് ശുശ്രൂഷാ സമിതി കൺവീനർമാരെയും ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിലായിരിക്കണം തെരഞ്ഞെടുക്കേണ്ടത്.
13. തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ ഒരംഗത്തിന് ഇടവക കൗൺസിലിലേക്കോ ധനകാര്യസമിതിയിലേക്കോ തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല.
14. ബി.സി.സി.തല തെരഞ്ഞെടുപ്പിനുവേണ്ടി അതിരൂപത ബി.സി.സി. കമ്മിഷൻ തയ്യാറാക്കിയ ബി.സി.സി. യോഗക്രമ സഹായി ഉപയോഗിക്കുക.
15. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെ ലിസ്റ്റ് ഇടവക കാര്യാലയത്തിൽ സൂക്ഷിക്കുകയും, അതിന്റെ പകർപ്പ് ഫൊറോന -അതിരൂപതാ കാര്യാലയങ്ങളിൽ ഏല്പിക്കുകയും ചെയ്യുക.
16. നിലവിലെ വിവിധ സമിതികളുടെ ഭാരവാഹികൾ തങ്ങളുടെ ഉത്തരവാദിത്വം പുതിയ നേതൃത്വത്തിന് കൃത്യസമയത്ത് കൈമാറുന്നതിനുവേണ്ടി റിപ്പോർട്ടുകളും കണക്കുകളും





ഇതര രേഖകളും നേരത്തേ തയ്യാറാക്കിവയ്ക്കുവാൻ ഇടവക വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

**D. 09-11-2018 ൽ കൂടിയ വൈദിക സെനറ്റ് പാസ്സാക്കിയ ഇടവക അജപാലന സമിതി (Parish Council) നിയമാവലിയിൽ വരുത്തിയ പ്രധാന ഭേദഗതികൾ**

1. കൗൺസിൽ അംഗസംഖ്യയെകുറിച്ച് പ്രതിപാദിക്കുന്ന 21-ാം ഖണ്ഡിക താഴെ പറയുന്ന വിധം ഭേദഗതി ചെയ്തിരിക്കുന്നു.

i). 1000 കുടുംബങ്ങൾ വരെയുള്ള ഇടവകകളിൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം 11-ൽ കുറയാനോ 23-ൽ കൂടാനോ പാടില്ല.

ii). 1000 മുതൽ 3000 വരെ കുടുംബങ്ങൾ ഉള്ള ഇടവകയിൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം 11-ൽ കുറയുവാനോ 25-ൽ കൂടുവാനോ പാടില്ല.

iii). 3000-ൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകയിൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം 11-ൽ കുറയുവാനോ 29-ൽ കൂടുവാനോ പാടില്ല. വലിയ ഇടവകകളുടെ വാർഡുകളുടെ പരമാവധി എണ്ണം 15 ആയി നിജപ്പെടുത്തേണ്ടതാണ്.

2. യൂണിറ്റ്/വാർഡുതല തെരഞ്ഞെടുപ്പിനെകുറിച്ച് പ്രതിപാദിക്കുന്ന 26-ാം ഖണ്ഡികയിൽ താഴെപറയുന്നരീതിയിൽ മാറ്റം വരുത്തിയിരിക്കുന്നു.

i). വാർഡിൽ നിന്നും കൗൺസിൽ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നത് വാർഡിലെ എല്ലാ യൂണിറ്റുകൾക്കും പ്രാതിനിധ്യം ലഭിക്കത്തക്കരീതിയിൽ **റൊട്ടേഷൻ ക്രമത്തിലായിരിക്കണം.**

* ഈ നിയമം ഈ വർഷം മുതൽ പ്രാബല്യത്തിൽ വരുന്നതിനാൽ ഒരുതവണ മാത്രം കൗൺസിൽ അംഗമായിരിക്കുന്ന ഒരാൾക്ക് ഇടവകയുടെ ക്രമീകരണം അനുസരിച്ച് ഇപ്രാവശ്യം റൊട്ടേഷന്റെ ഭാഗമായി വരാവുന്നതാണ്.

ii). **ഒരു കുടുംബത്തിൽ നിന്നും ഒരു അംഗത്തിന് മാത്രമേ** ഇടവക കൗൺസിലിൽ പ്രതിനിധിയാകാൻ സാധിക്കൂ.

iii). ഓരോ യൂണിറ്റിൽ നിന്നും ഒരു പുരുഷ ലീഡർ, ഒരു സ്ത്രീ ലീഡർ, ഒരു സെക്രട്ടറി-ഖജാൻജി എന്നീ ചുമതലകൾക്കായി മൂന്നു ലീഡർമാരും, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, യുവജനം, അല്മായം എന്നീ ശുശ്രൂഷകൾക്കായി ഓരോ പ്രതിനിധിയും ഉൾപ്പെടെ 9 അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്.

iv). ഇതിന് പുറമെ മത്സ്യത്തൊഴിലാളികൾ ഉള്ള ഇടവകയിൽ പുതുതായി രൂപം നൽകിയിരിക്കുന്ന മത്സ്യമേഖല ശുശ്രൂഷയ്ക്കായി യൂണിറ്റുകളിൽ നിന്നും ഓരോ പ്രതിനിധിയെയും അവരിൽ നിന്നും ഇടവക കൗൺസിലിലേക്ക് ഒരു കൺവീനറിനെയും തെരഞ്ഞെടുക്കേണ്ടതാണ്.

v). ഇടവക കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് ബി.സി.സി. യൂണിറ്റ് യോഗങ്ങളിൽ 50 ശതമാനമെങ്കിലും ഹാജർ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നത് അഭികാമ്യമായിരിക്കും.

vi. ഇടവക കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ വിവിധ ശുശ്രൂഷാസമിതികൾ അതിരൂപതാതലത്തിൽ നടത്തുന്ന പരിശീലന പരിപാടികളിലോ (ദൈവശാസ്ത്ര, ബൈബിൾ പഠനക്കളരി/ലാമ്പ്/കൗൺസലിംഗ് കോഴ്സ് തുടങ്ങിയ) സമാനമായി സംസ്ഥാന - ദേശീയ തലങ്ങളിൽ സഭാപരമായി നടത്തുന്ന പരിശീലന പരിപാടികളിലോ പങ്കെടുത്തവർക്ക് മുൻഗണന നൽകാവുന്നതാണ്. കൂടാതെ, അതാത് ശുശ്രൂഷകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഫോറങ്ങളുടെയും പ്രവർത്തന സമിതികളുടെയും ഭാരവാഹികളെകൂടി അനുഭാവപൂർവ്വം പരിഗണിക്കുന്നത് ഉചിതമായിരിക്കും.

3. കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞയെക്കുറിച്ച് പ്രതിപാദിക്കുന്ന 61-ാം ഖണ്ഡിക താഴെപ്പറയുന്ന രീതിയിൽ മാറ്റം വരുത്തിയിരിക്കുന്നു.

തെരഞ്ഞെടുപ്പിന് ശേഷം കൗൺസിൽ അംഗങ്ങൾ ഫൊറോന/രൂപതാസമിതി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ





പങ്കെടുത്തശേഷം മാത്രമേ സത്യപ്രതിജ്ഞ ചെയ്യാവൂ.

**E. ഫെറോന കൗൺസിലിന്റെയും ഫെറോനാ/അതിരൂപതാതല ശുശ്രൂഷാസമിതികളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട് വരുത്തിയിരിക്കുന്ന ഭേദഗതികൾ**

1. ഫെറോന കൗൺസിലിലും ഫെറോന ശുശ്രൂഷാ സമിതികളിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ആവശ്യമാണ്. ഇതിനായി 1000 കുടുംബങ്ങൾ വരെയുള്ള ഇടവകകളിൽ നിന്നും ഫെറോനാ കൗൺസിലിലെ ഓരോ വിഭാഗത്തിലേക്കും (സെക്രട്ടറി, വൈസ് പ്രസിഡന്റ്, ഖജാൻജി, കോർഡിനേറ്റർ) ഫെറോനാ ശുശ്രൂഷാ സമിതികളിലേക്കും ഓരോ പ്രതിനിധിയും 1000 കുടുംബങ്ങളിൽ കൂടുതലുള്ള ഇടവകകളിൽ നിന്നും 2 പ്രതിനിധികളും പങ്കെടുക്കേണ്ടതാണ്.
2. ഫെറോനാ സമിതികളിലെ പ്രധാന തസ്തികകളിലേക്ക് പൊതുസമിതിയിൽ നിന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കുകയും പ്രാതിനിധ്യം ലഭിക്കാത്ത ഇടവകകൾക്ക് എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുത്തുകൊണ്ട് പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതുമാണ്.
3. ഫെറോനയിൽ നിന്ന് അതിരൂപതാതലത്തിൽ സമിതികൾ രൂപപ്പെടുത്തുമ്പോൾ 3000 കുടുംബങ്ങൾ വരെയുള്ള ഫെറോനകളിൽ നിന്നും ഒരു പ്രതിനിധിയും 3000 കുടുംബങ്ങളിൽ കൂടുതലുള്ള ഫെറോനകളിൽ നിന്ന് 2 പ്രതിനിധിയും പങ്കെടുക്കേണ്ടതാകുന്നു. എല്ലാ ഫെറോനയിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

   പ്രധാന തസ്തികകളിലേക്ക് പൊതുസമിതിയിൽ നിന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്. ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ പ്രാതിനിധ്യം ലഭിക്കാത്ത ഫെറോനകളിൽ നിന്ന് എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുത്തുകൊണ്ട് പ്രാതിനിധ്യം ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ഇടവക കൗൺസിൽ, ഫെറോന കൗൺസിൽ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ എന്നിവയുടെ കാലാവധി രണ്ടുവർഷ

മായതിനാൽ ഫെറോന വികേന്ദ്രീകൃത സമിതികളായ നിർമ്മാണ സമിതി, തർക്കപരിഹാര സമിതി, ആഡിറ്റിംഗ് സമിതി, ധനകാര്യ സമിതി എന്നിവയുടെ കാലാവധിയും രണ്ടു വർഷമായിരിക്കും.

ഇടവക സമൂഹത്തെ ശുശ്രൂഷാ മനോഭാവത്തോടെ നയിക്കുവാനും യേശുവിന്റെ ദൗത്യം ഇന്നത്തെ ചുറ്റുപാടുകളിൽ ശരിയായി നിർവ്വഹിക്കുവാനും പര്യാപ്തമായ നല്ലൊരു നേതൃത്വം നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

വെള്ളയമ്പലം — **† സൂസപാക്യം എം.**
10-11-2018 — തിരുവനന്തപുരം മെത്രാപ്പോലീത്ത

***NB: ഈ വിജ്ഞാപനം 2018 നവംബർ 11 ഞായറാഴ്ച ദിവ്യബലിയുടെ അവസാനം വായിച്ചു വിശദീകരിക്കേണ്ടതാണ്.***





## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 0013/2018/CL — Dated: 15.11.2018

### ലത്തീൻ കത്തോലിക്കാസമുദായദിനവും ഓഖി വാർഷിക അനുസ്മരണവും

***ദൈവത്തിനു സ്തുതി!***

***ദൈവജനത്തിന് സമാധാനം!***

***വന്ദ്യ വൈദികരേ, പ്രിയമക്കളേ,***

ഒരു സഭയും ഒരു സമുദായവും എന്ന ലക്ഷ്യത്തിലേക്ക് വളരാനായി വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായർ കേരള ലത്തീൻ കത്തോലിക്കർ സമുദായദിനമായി ആഘോഷിക്കുകയാണല്ലോ. ഈ വർഷം 2018 ഡിസംബർ 9-നാണ് സമുദായദിനാചരണം. സംസ്ഥാനതല ആഘോഷങ്ങൾക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതയാണ് ആതിഥേയത്വം വഹിക്കുന്നത്. സമുദായദിനാചരണത്തിലൂടെ സഭയ്ക്കും സമൂഹത്തിനും നന്മ പ്രദാനം ചെയ്യാനായി യത്നിക്കുന്ന എല്ലാവർക്കും ദൈവാനുഗ്രഹം നേരുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

2017-ൽ വല്ലാർപാടത്തുനടന്ന മിഷൻകോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും തുടർപ്രവർത്തനങ്ങളാണ് നാമിപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. 'മിഷൻ' ദൈവത്തിന്റെ വിളിയായും ബിസിസി അതിനുള്ള പ്രത്യുത്തരമായും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് നാം തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച്

തയ്യാറാക്കിയ ദശവത്സര കർമ്മപദ്ധതിയുമായി വിവിധ ശുശ്രൂഷാ സമിതികളും കമ്മീഷനുകളും പ്രവർത്തനനിരതമാണ്. 'മിഷൻ ക്രോസ്' തീർത്ഥാടനം വഴി കേരളത്തിലെ 12 ലത്തീൻ കത്തോലിക്കാ രൂപതകളിലും പുതിയ മിഷൻ ചൈതന്യം രൂപപ്പെടുകയും 'ഹാർട്ട് ടു ഹാർട്ട്' പദ്ധതിയിലൂടെ ഓരോ രൂപതയും കേരളത്തിന് പുറത്തുള്ള ഒരു രൂപതയുമായി മിഷൻ ബന്ധം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ഒക്ടോബർ 5, 6 തീയതികളിൽ മിഷൻ കോൺഗ്രസ്സിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തുന്ന ഒരു മിനി ലിവിംഗ് ഇൻ ടുഗദെർ ആലുവ കാർമ്മൽഗിരി സെമിനാരിയിൽ നടത്തുകയുണ്ടായി. ഇവയെല്ലാം സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും കൂടുതൽ പ്രതീക്ഷ പകരുന്ന കാര്യങ്ങളാണ്. ഒപ്പം ഇനിയും ഏറെക്കാര്യങ്ങൾ എല്ലാവരുടെയും ഒത്തൊരുമയോടുള്ള പ്രവർത്തനങ്ങൾ വഴി നാം നേടിയെടുക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് നാം ഈ വർഷത്തെ സമുദായദിനാഘോഷത്തിന് ഒരുങ്ങുന്നത്.

## സാമൂഹ്യ പശ്ചാത്തലം

**1.** കേരളത്തിലെ ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ ക്ഷേമത്തിനായി 2002-ൽ രൂപീകൃതമായ കെ.ആർ.എൽ.സി.സി. (കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ) കേരളത്തിലെ 590 കിലോമീറ്ററിൽ വ്യാപിച്ചു താമസിക്കുന്ന പത്തു ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെ വികസനത്തിനുവേണ്ടി 'കടൽ' (കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് ഏജൻസി ഫോർ ലിബറേഷൻ) എന്ന ഏജൻസി രൂപീകരിക്കുകയും കടലിന്റെ (KADAL) നേതൃത്വത്തിൽ തീരദേശജനതയുടെ പ്രശ്നങ്ങൾ പഠിക്കുകയും അവരുടെ തൊഴിൽ സംരക്ഷണത്തിനും അതിജീവനത്തിനുമായി ഒരു സമഗ്രരേഖ രൂപപ്പെടുത്തുകയും ചെയ്തു. ഈ രേഖയുടെ പിൻബലത്തിൽ കേരള തീരദേശത്തിന്റെ വികസനത്തിനായി 8000 കോടി രൂപയുടെ പാക്കേജ് അനുവദിക്കണമെന്ന് 2010-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗിനെ കെ.ആർ.എൽ.സി.സി. പ്രതിനിധികൾ നേരിട്ടുകണ്ട് നിവേദനത്തിലൂടെ ആവശ്യപ്പെടുകയും അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അദ്ദേഹം ഉറപ്പുനല്കുകയും ചെയ്തിരുന്നു.

**2.** കടലിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനും അവരുടെ യാനത്തിനും വലകൾക്കും വേണ്ടത്ര സുരക്ഷയില്ലെന്ന് കെ.ആർ.എൽ.സി.സി.യുടെ പാക്കേജിൽ വിശദീകരിച്ചിരുന്നു. 2017 നവംബർ 29-ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റിന്റെ ഉത്ഭവവും ഗതിയും മുൻകൂട്ടി അറിയുവാൻ കഴിയാത്തതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് ലഭിച്ചില്ല. അതുമൂലം മുന്നൂറോളം സഹോദരങ്ങളുടെ ജീവനും ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഏറ്റിനങ്ങളും നഷ്ടപ്പെട്ടു. ഓഖി ദുരന്തം കഷ്ടതയിലാഴ്ത്തിയ ജനവിഭാഗങ്ങളുടെ മുറിവുണക്കുവാനും ജീവിതം പടുത്തുയർത്തുവാനുമായി കേന്ദ്ര - സംസ്ഥാനസർക്കാരുകൾക്ക് മുമ്പിൽ 3500 കോടി രൂപയുടെ പാക്കേജ് കെആർഎൽസിസി അവതരിപ്പിച്ചു. ഓഖിദുരിതബാധിതപ്രദേശം സന്ദർശിച്ച പ്രധാനമന്ത്രിയുടെ മുമ്പിൽ കേരളസർക്കാർ 7300 കോടി രൂപയുടെ തീരദേശവികസനപാക്കേജ് സമർപ്പിച്ചു. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും കേന്ദ്ര - സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച ആശ്വാസനടപടികൾ, ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ ഇവയൊന്നും ജനങ്ങൾക്ക് തൃപ്തികരമാകുന്ന രീതിയിൽ നടപ്പാക്കപ്പെട്ടിട്ടില്ല.

**3.** ഓഖിക്കുശേഷം ആഗസ്റ്റ് 15 മുതൽ കേരളത്തിലെ 10 ജില്ലകളെ ദുരിതത്തിലാക്കിയ ജലപ്രളയം ഗ്രാമമെന്നോ നഗരമെന്നോ ഇട നാടെന്നോ മലനാടെന്നോ വ്യത്യാസമില്ലാതെ പേമാരിയും കാറ്റും നാശം വിതച്ചു. ദുരിതബാധിതരെ രക്ഷിക്കാൻ മത്സ്യത്തൊഴി ലാളികൾ നടത്തിയ ധീരോദാത്തമായ പ്രവർത്തനങ്ങൾമൂലം ഏതാണ്ട് 65000 പേരുടെ ജീവൻ രക്ഷിക്കുവാൻ കഴിഞ്ഞു. മുറിവുകളും ദുരിതങ്ങളും അവഗണിച്ച് സവിശേഷമായ ആത്മബലത്താൽ മത്സ്യത്തൊഴിലാളി സമൂഹം 65000 പേരുടെ ജീവൻ രക്ഷിച്ചു എന്നത് കേരളത്തിന് ഒരുകാലത്തും വിസ്മരി ക്കാനാവില്ല. സംസ്ഥാനസർക്കാർ നവകേരളം എന്ന ആശയവു മായി മുന്നോട്ടുപോകുമ്പോൾ കേരളത്തിന്റെ സൈന്യമെന്ന് കേരള മുഖ്യമന്ത്രിതന്നെ വിശേഷിപ്പിച്ച മത്സ്യത്തൊഴി ലാളി സമൂഹത്തിന്റെ ന്യായമായ വികസനവും പ്രതീക്ഷയോടെയാണ് കാത്തിരിക്കുന്നത്.

ഈ സാമൂഹികപശ്ചാത്തലത്തിലാണ് ലത്തീൻകത്തോലി ക്കർ തങ്ങളുടെ സമുദായദിനം ഡിസംബർ 9-ന് ആചരിക്കുന്നത്. സമുദായദിനാചരണത്തിലെ മുഖ്യ ചിന്താവിഷയമായി **തീരദേ ശവികസനവും നവകേരള നിർമ്മിതിയും** എന്ന പ്രമേയമാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ നവനിർമ്മാണത്തിൽ തീരജന തയുടെ ജീവിതസാഹചര്യങ്ങൾ വ്യക്തമായി പൊതുജനമധ്യേ അവതരിപ്പിക്കാനും നല്കിയ വാഗ്ദാനങ്ങൾ എത്രയുംവേഗം നടപ്പിലാക്കാൻ ഉത്തരവാദിത്വപ്പെട്ടവരെ ഓർമ്മിപ്പിക്കുവാനുമുള്ള അവസരമായിട്ടാണ് നാം ഈ സമുദായദിനാചരണത്തെ കാണുന്നത്.





തീരത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള 7300 കോടി രൂപയുടെ പാക്കേജ് നട പ്പാക്കണം. കേന്ദ്രഫിഷറീസ് മന്ത്രാലയം സ്ഥാപിക്കണം, മത്സ്യത്തൊഴിലാളികൾക്കുള്ള ഡീസലിന്റെ വിലയിൽനിന്ന് റോഡുനികുതി ഒഴിവാക്കണം, കടലിൽ 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനാവകാശം അനുവദിക്കണം, ആഴക്കടൽ മത്സ്യബന്ധന ഇനത്തിന് 1.5 കോടി രൂപ വില കണക്കാക്കി പകുതി തുക സബ്സിഡി നല്കണം. ജനാധിപത്യ ഭരണക്രമത്തെ ശക്തി പ്പെടുത്തുന്ന എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേറ്റീവ് തലങ്ങ ളിൽ ലത്തീൻ കത്തോലിക്കർക്ക് പങ്കാളിത്തം ലഭിക്കണം എന്നുള്ള ആവശ്യങ്ങളാണ് പ്രധാനമായും സമുദായ ദിനത്തിൽ ഒന്നുകൂടി ശക്തമായി ഉത്തരവാദിത്വപ്പെട്ടവരുടെയും പൊതുജനത്തിന്റെയും മുമ്പിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

***ഓഖി അനുസ്മരണം***

ഈ മാസം 29-ാം തിയതി നമ്മുടെ തീരപ്രദേശങ്ങളിൽ വലിയ നാശനഷ്ടങ്ങളും ജീവപായവും വരുത്തിയ ഓഖി ചുഴലിക്കാറ്റ് ആഞ്ഞടിച്ചിട്ട് ഒരു വർഷം തികയുകയാണ്. സ്ഥിതിഗതികൾ നിയന്ത്രണാതീതമാണെന്ന് തോന്നിയ അവസരത്തിലും നാം ഈ വിപത്തിനെ അതീവജാഗ്രതയോടെ ഒത്തൊരുമിച്ച് നേരിടുകയുണ്ടായി. സുരക്ഷാ പ്രവർത്തനങ്ങൾ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ലെന്ന് കണ്ടപ്പോൾ നമ്മുടെ തന്നെ ഇടവകകളിലെ മത്സ്യത്തൊഴിലാളികളാണ് നൂറോളം ബോട്ടുകളുമായി രക്ഷാപ്രവർത്തനങ്ങൾക്കായി ഇറങ്ങിത്തിരിച്ചത്. അതിന്റെ ഫലമായി നാലു ദിവസങ്ങൾക്കു ശേഷവും ഏതാനും

സഹോദരങ്ങളെ ജീവനോടെ രക്ഷപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞു. ജീവൻ പോലും പണയപ്പെടുത്തി രക്ഷാപ്രവർത്തനങ്ങൾക്കായി മുന്നോട്ടുവന്ന എല്ലാ മത്സ്യത്തൊഴിലാളികളെയും അഭിനന്ദിക്കുന്നു. മരണമടയുകയും കാണാതാവുകയും ചെയ്ത 288 സഹോദര ന്മാരുടെയും പാവന സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും സന്തപ്ത കുടുംബങ്ങളെയെല്ലാം സർവ്വശക്ത നായ ദൈവം എല്ലാവരുടെയും സഹകരണത്തോടെ വഴിനടത്തട്ടെ എന്നു പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

പരിമിതികൾ ധാരാളമുണ്ടായിരുന്നെങ്കിലും അന്ന് നാമെല്ലാ വരും ഒത്തൊരുമിച്ച് നിന്നതു കാരണം രക്ഷപ്പെടുത്തിയവരെ തക്ക സമയത്ത് ആശുപത്രികളിലെത്തിക്കുവാനും സർക്കാരിന്റെയും സുമനസ്സുകളായ ധാരാളം പേരുടെയും സഹായത്തോടെ സുരക്ഷാ ക്രമീകരണങ്ങൾ നടത്തുവാനും പുനരധിവാസ പദ്ധതികൾക്ക് രൂപം കൊടുക്കുവാനും, മത്സ്യമേഖലയുടെ വികസനത്തിനുതകുന്ന പദ്ധതികൾക്ക് തുടക്കം കുറിക്കാനും നമുക്ക് സാധിച്ചു. പ്രധാനമന്ത്രി, മുഖ്യമന്ത്രി തുടങ്ങിയ ഉത്തരവാദിത്വപ്പെട്ടവരെ യെല്ലാം നേരിൽ കണ്ട് നമ്മുടെ അവസ്ഥ അവരെ ബോദ്ധ്യപ്പെടുത്തു കയും അടിയന്തിര നടപടികളും സമഗ്ര വികസനവും സാധ്യമാക്കണമെന്ന് ആവശ്യപ്പെടു കയും ചെയ്യുകയുണ്ടായി. ഇനിയും ഒത്തൊരുമിച്ചു നിന്നാൽ മാത്രമേ നമ്മുടെ ആവശ്യങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മുന്നിൽ സജീവമായി നിലനിറുത്താനും അർഹമായവ നേടിയെടുക്കാനും നമുക്കു സാധിക്കുകയുള്ളൂ.

ഓഖി ഒന്നാം വാർഷികം ആചരിക്കുന്ന ഈ മാസം 29-ാം തീയതി, സർവ്വപ്രധാനമായും മരണമടഞ്ഞവർക്ക് വേണ്ടിയും





കാണാതായവർക്കുവേണ്ടിയും പ്രാർത്ഥിക്കാനുള്ള ദിവസമാണ്. ഇവരെ ആശ്രയിച്ചു ജീവിച്ചിരിക്കുന്നവരുടെ സ്ഥിതിഗതികളും പെട്ടെന്ന് ഇരുളടഞ്ഞതായി. മറ്റുള്ളവരിൽ നിന്നും കിട്ടുന്ന സഹായ സഹകരണ ങ്ങൾക്ക് എപ്പോഴും ഒരു പരിധിയുണ്ടല്ലോ. അവശരായി തിരികെ വന്നവർ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല എന്ന ഒരു ആക്ഷേപവും നിലനിൽക്കുന്നുണ്ട്. കടലേറ്റം മൂലം ധാരാളം ഭവനങ്ങൾ തകർന്നിട്ടുണ്ട്. യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ട പലരും ഇന്നും കരകയറാനാവാത്ത കടബാദ്ധ്യതയിലാണ്. വിവാഹ പ്രായമായ മക്കളുടെ കാര്യമോർത്ത് ആകുലപ്പെടുന്ന മാതാപിതാക്കളും ധാരാളമുണ്ട്. പരസ്പരം സഹകരിച്ച് കുറെയൊക്കെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും ഇന്നും കഷ്ടനഷ്ടങ്ങളുടെയും, സംഘർഷങ്ങളുടെയും നടുവിലാണ് നാം. അതുകൊണ്ട് മരണമടഞ്ഞവരെയും അവശതയനുഭവിക്കുന്നവരെയും സ്നേഹപൂർവ്വം ഓർമ്മിച്ചു കൊണ്ട് ക്രിസ്തീയവും മാതൃകാപരവുമായ രീതിയിൽ വേണം നാം ഓഖിയുടെ ഒന്നാം വാർഷികം ആചരിക്കേണ്ടത്.

- ഓരോ ഇടവകയിലും അന്ന് അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ എല്ലാവരും സംബന്ധിക്കുകയും മരണമടഞ്ഞ സഹോദരങ്ങളുടെ നിത്യശാന്തിക്കുവേണ്ടിയും അവരുടെ ആശ്രിതരുടെ സമാശ്വാസ ത്തിനായും പ്രാർത്ഥിക്കണം.
- മരിച്ചവർക്കായുള്ള ദിവ്യബലിയോടനുബന്ധിച്ച് നമ്മുടെ തീരദേശങ്ങളിൽ സാധാരണ നടത്താറുള്ള മറ്റെല്ലാതരം ചിലവുകളും (വിരുന്നിനായി മണ്ഡപം ബുക്കു ചെയ്യുക, ധാരാളം പേരെ വിളിച്ചു കൂട്ടി സദ്യ നൽകുക, വലിയ തുകകൾ മുടക്കി സ്മാരകങ്ങൾ പണിയുക, തുടങ്ങിയവ) നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. ഇത്തരം ധൂർത്തിനും ആനാവശ്യകാര്യ

ങ്ങൾക്കും ചിലവഴിക്കുന്ന തുക മക്കളുടെ വിദ്യാഭ്യാസത്തിനും പാവപ്പെട്ട മക്കളുടെ വിവാഹത്തിനും അവശതയനുഭവിക്കുന്നവരുടെ പുനരധിവാസത്തിനും ഉപയോഗിക്കുന്ന ഒരു പ്രവർത്തനശൈലി നാം വളർത്തിയെടുക്കണം.

• 2018 നവംബർ 29 – ഓഖി ഒന്നാം വാർഷികം ആചരിക്കുന്ന അന്ന് അതിരൂപതയിലെ എല്ലാ ഇടവകകളിലെയും അംഗങ്ങളെ ഒരുമിച്ചുകൂട്ടി വൈകുന്നേരം 4.30 മണിമുതൽ കടൽത്തീരം വൃത്തിയാക്കുകയും കൃത്യം 5.30 മുതൽ മനുഷ്യചങ്ങല രൂപീകരിച്ച് കടൽ നോക്കി ജപമാല ചൊല്ലുകയും മൃതിയടഞ്ഞവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. ഇനിയും കൂടുതൽ അനർത്ഥങ്ങൾ ഉണ്ടാകാതിരിക്കാനും സുഗമവും സുരക്ഷിതവുമായ മത്സ്യബന്ധനത്തിലേർപ്പെടാനും വേണ്ടി പ്രത്യേകം പ്രാർത്ഥനകൾ ചൊല്ലി കടൽ ആശീർവദിക്കാൻ ബഹുമാനപ്പെട്ട വൈദീകർ പ്രത്യേകം ശ്രദ്ധിക്കണം.

[ഇത്തരുണത്തിൽ അതിരൂപത ദുരന്ത നിവാരണ പരിപാടികൾക്കായി നടത്തിയതും തുടർന്നുകൊണ്ടിരിക്കുന്നതുമായ ചില കാര്യങ്ങൾ ഏവരുടെയും ശ്രദ്ധയ്ക്കായി ചുവടെ ചേർക്കുന്നു. വികാരിയച്ചന്മാർക്ക് ഇവയെല്ലാം സന്ദർഭോചിതമായി ഇടവകാംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്:

• ഓഖി ദുരന്തത്തിൽ കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങളിലെ മക്കളുടെ തുടർവിദ്യാഭ്യാസത്തിനായി അതിരൂപതയിൽ നിന്നും ഇതുവരെ 59 വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ചെലവിന് സഹായം നൽകിവരുന്നു.

• വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങളും വിവിധപരിശീലന പരിപാടികളും നടത്തിവരുന്നു





• ദുരന്തബാധിതരായ എല്ലാ കുടുംബങ്ങളിലെയും വിദ്യാർത്ഥികളുടെ സമഗ്ര വിവരശേഖരണം നടത്തുകയും സർക്കാർ പദ്ധതികളിൽ അവ ഉൾക്കൊള്ളിക്കുവാൻ ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു.

• ദുരന്തത്തിൽ മരണമടയുകയോ കാണാതാവുകയോ ചെയ്ത 288 പേർക്കും അടിയന്തിര ധനസഹായം നൽകി.

• ദുരന്തബാധിത കുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹം നടത്തുവാൻ വേണ്ട ചെലവ് വഹിക്കുന്നതിനുള്ള ധനസഹായം വിതരണം ചെയ്തു.

• സാമൂഹ്യ ശുശ്രൂഷയുടെ നേതൃത്വത്തിൽ 200 കുടുംബങ്ങളെ 'സേവ് എ ഫാമിലിൽ' അംഗങ്ങളാക്കുകയും ബാക്കി 198 കുടുംബങ്ങൾക്ക് ഓഖി ദുരിതാശ്വാസ ഫണ്ടിൽ നിന്ന് മാസം 1000 രൂപ വച്ച് നൽകിയും സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു.

• ഭവനരഹിതരായ ദുരന്ത ബാധിതർക്കും സമാന സാഹചര്യങ്ങളിൽ ഉള്ളവർക്കും ഭവനവും സ്ഥലവും കണ്ടെത്തുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.

• തൊഴിൽ സംബന്ധമായി ആശ്രിതർക്ക് നൽകേണ്ട ജോലിയെ സംബന്ധിച്ച് സമ്മതപത്രം തയ്യാറാക്കി അവ കേരള സർക്കാരിനെ ഏല്പിക്കുകയും തുടർ നടപടിക്കായി ചർച്ചകൾ പുരോഗമിക്കുകയും ചെയ്യുന്നു.

• ദുരന്തത്തിലകപ്പെട്ട് മാരകമായ മുറിവുകളും സാരമായ പരിക്കുകളും പറ്റി രക്ഷപ്പെട്ടുവന്ന് ചികിത്സ തേടിയവർക്ക്, സൗജന്യ

ചികിത്സയും ഇൻഷ്വറൻസ് കാർഡും അടിയന്തിര സാമ്പത്തിക സഹായവും നൽകി വരുന്നു.

• നമ്മുടെ അതിരൂപതയിൽ നേഴ്സിംഗ് പഠനം പൂർത്തീകരിച്ച മൂന്ന് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുകയും ഒഴിവു വരുന്ന നിലയ്ക്ക് അർഹരായവരെ നിയമിക്കുവാൻ നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

• അതിരൂപത ആരോഗ്യ ശുശ്രൂഷയുടെ നേതൃത്വത്തിൽ വിവിധ മത്സ്യ ഗ്രാമങ്ങളിൽ ആരോഗ്യ പരിശോധനാ ക്യാമ്പുകളും സൗജന്യ മരുന്നു വിതരണവും നടത്തിവരുന്നു.

• കേന്ദ്ര സംസ്ഥാനത്തിന്റെ കാലാവസ്ഥാ നിരീക്ഷണ സമിതിയായ ഇൻകോയിസുമായി ചേർന്ന് വിവിധ സെമിനാറുകൾ നടത്തുകയും മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മൊബൈൽ ഫോണുകളിൽ കാലാവസ്ഥാ വ്യതിയാന മുന്നറിയിപ്പുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു.

• കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് ISRO-യിലെ ശാസ്ത്രജ്ഞൻമാരുമായി ചർച്ചകൾ നടത്തി.

• മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ ജാക്കറ്റുകളും അനുബന്ധ ഉപകരണങ്ങളും നൽകുവാൻ സർക്കാരുമായി ചർച്ചകൾ നടത്തി വരുന്നു.

• ഓഖി ദുരന്ത പുനരധിവാസവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നൽകി. അവ അംഗീകരിച്ചു നടപ്പിലാക്കാൻ വേണ്ട സമ്മർദങ്ങൾ





സർക്കാരിൽ ചെലുത്തി. തുടർ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

• ദുരന്ത ആഘാതത്തിന്റെ കൃത്യവും വ്യക്തവുമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി പങ്കുവയ്ക്കുകയും അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തികൊണ്ടിരിക്കുന്നു.

• കാലാവസ്ഥ മുന്നറിയിപ്പ്, കൃത്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനും, ദുരന്തപുനരധിവാസ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം ഉണ്ടാക്കിയെടുക്കുവാനും കൂട്ടായ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കാനും ഉതകുമാറ് അൽമായ നേതാക്കൾ, മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കൾ, രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾ, ശാസ്ത്ര സമൂഹം, ഉദ്യോഗസ്ഥർ എന്നിവരെ കൂട്ടായും ഒറ്റയ്ക്കൊറ്റയ്ക്കും വിളിച്ചു ചേർത്ത് ചർച്ചകളും കൂടിയാലോചനകളും സംഘടിപ്പിച്ചു. അതു തുടർന്നുകൊണ്ടിരിക്കുന്നു.

• ദുരന്ത ആഘാതത്തിൽ കഴിയുന്ന മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും വ്യക്തികളെയും നിരന്തരം സന്ദർശിക്കുകയും ആത്മീയ മാനസിക കൗൺസിലിംഗ് ശാക്തീകരണ പരിപാടികൾ നടത്തിവരുന്നു.

• കാലാവസ്ഥാ മുന്നറിയിപ്പ് നൽകുവാനും മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വിവിധ അറിയിപ്പുകളും നിയമങ്ങളും മറ്റിതര കാര്യങ്ങളുമൊക്കെ കോർത്തിണക്കി ഒരു റേഡിയോ നിലയം സ്ഥാപിക്കുവാനായി പദ്ധതി ചർച്ചകൾ പുരോഗമിക്കുന്നു.

• ഇതുവരെ ഓഖി ദുരന്തത്തിനു വേണ്ടി അതിരൂപതയ്ക്ക് ആകെ സമാഹരിക്കുവാൻ കഴിഞ്ഞ തുക എട്ടുകോടി പതിനാല് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി ആറ് (8,14,20,506.50/) ആണ്.

• വിവിധ സാമൂഹ്യ-വിദ്യാഭ്യാസ-ഭവന നിർമ്മാണ പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചതും ചിലവഴിച്ചു കൊണ്ടിരിക്കുന്നതുമായ തുക 7,55,76,256 രൂപയാണ്.

• വരും വർഷങ്ങളിലെ തുടർ പരിപാടികൾക്കുവേണ്ടി ശേഷിക്കുന്നത് 58,44,250.50 രൂപയാണ്. ഈ തുക മുഴുവനും പുനരധിവാസ പദ്ധതികൾക്കു വേണ്ടിതന്നെ ചിലവഴിക്കുകയും ചെയ്യും.

• ഇതുകൂടാതെ കേരള കത്തോലിക്കാ മെത്രാൻ സമിതി കേരളത്തിലെ വിവിധ രൂപതകളിൽ നിന്നും സമാഹരിച്ച് നമ്മുടെ അതിരൂപതയിൽ ദുരന്തത്തിനിരയായവരെ സഹായിക്കാൻ 40,134,940 രൂപയുടെ ഒരു സമഗ്രപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്.

***സംസ്ഥാന സമുദായദിനാചരണ പരിപാടികൾ***

ഡിസംബർ 9 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പ്രത്യേക പ്രാർഥനാശുശ്രൂഷകൾ നടത്തുവാനും സമുദായദിന പരിപാടികളിലെല്ലാം സജീവമായി സംബന്ധിക്കുവാനും നിങ്ങളേവ രെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു:

• ദിവ്യബലിക്കു മുമ്പോ പിമ്പോ പതാക ഉയർത്തുക





• ദിവ്യബലിയിൽ ലത്തീൻ കത്തോലിക്കാ സഭയ്ക്കും സമുദായ ത്തിനുംവേണ്ടി പ്രത്യേകം പ്രാർഥിക്കുക.

• പ്രസംഗമധ്യേ സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും സമുദായാഗംങ്ങളുടെ ദൗത്യത്തക്കുറിച്ചും വിശ്വാസികളെ പ്രബുദ്ധരാക്കുക.

• അന്നേദിനം ദിവ്യബലിക്കുപുറമെ സമുദായദിന സമ്മേളന പരിപാടികളല്ലാതെ മറ്റ് യാതൊരുവിധ പരിപാടിയും ഇടവകതലത്തിലോ ഫെറോനതലത്തിലോ നടത്താതിരിക്കുക.

• 2018 ഡിസംബർ 9 സംസ്ഥാന സമുദായ സമ്മേളനം രാവിലെ 10 മണിക്ക് ഓൾ സെയിന്റ്സ് കോളേജിൽവച്ച് പതാക ഉയർത്തലിനു ശേഷം 3 വിഭാഗങ്ങളായി അല്മായകമ്മിഷൻ, വനിത കമ്മിഷൻ, യുവജന കമ്മിഷൻ എന്നിവരുടെ നേതൃത്വത്തിൽ 3 നേതൃത്വ സമ്മേളനം നടത്തും. ഉച്ചഭക്ഷണത്തിനുശേഷം 2.30–ന് ദിവ്യബലി. തുടർന്ന് വൈകുന്നരം 5 മണിക്ക് ശംഖുമുഖം കടപ്പുറത്ത് സമുദായ സമ്മേളനം നടക്കും.

ഓരോ ഇടവകവികാരിയും കമ്മിറ്റി അംഗങ്ങളും ഉത്സാഹ ത്തോടെ പ്രവർത്തിക്കുകയും സമുദായാചരണ വിജയത്തിനായി പരമാവധി ശ്രമിക്കുകയും ചെയ്യേണ്ടതാണ്. സമുദായ സംഘടനകളും ഭക്ത സംഘടനകളും അല്മായ ഫോറങ്ങളും തങ്ങളെത്തന്നെ ശക്തിപ്പെടുത്തുകയും സമുദായ സമ്മേളനത്തിന് പരമാവധി ജനങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്യേണ്ട അവസരമാണിത്. സമുദായ സമ്മേളനത്തിന്റെ വിജയം പ്രധാനമായും അല്മായ പങ്കാളിത്തത്തിന്റെ വിജയമാണ് എന്നുള്ള

ചിന്തയോടുകൂടി പ്രവർത്തിക്കുകയും സാമൂഹികനീതി നേടിയെടുക്കുവാൻ ശ്രമിക്കുകയും ചെയ്യാം. സമുദായ ദിനാചരണത്തിന് എല്ലാവിധ സഹായസഹകരണവും പ്രതീക്ഷിച്ചു കൊണ്ട് നിങ്ങളേവർക്കും സമുദായ ദിനാശംസകൾ നേരുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

വെള്ളയമ്പലം **† സൂസപാക്യം എം.**

15-11-18 കെ.ആർ.എൽ.സി.സി അദ്ധ്യക്ഷൻ

തിരുവനന്തപുരം മെത്രാപ്പോലീത്ത

**NB: ഈ വിജ്ഞാപനം 2018 നവംബർ 18-ാം തീയതി ഞായ റാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.**





## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 013/2018/PL Dated: 26-11-2018

## *ആഗമനകാലം - 2018*

*"ശിരസ്സുയർത്തി നിൽക്കുവിൻ*

*എന്തെന്നാൽ നിങ്ങളുടെ വിമോചനം സമീപിച്ചിരിക്കുന്നു" (ലൂക്കാ. 21:28)*

**ദൈവത്തിനു സ്തുതി!**

**ദൈവജനത്തിനു സമാധാനം!**

**വന്ദ്യ വൈദികരേ, പ്രിയമക്കളേ,**

ഇന്ന് ആഗമനകാലം ഒന്നാം ഞായറാഴ്ചയാണ്. പുതിയൊരു ആരാധനാവർഷത്തിന് നാമിന്ന് തുടക്കം കുറിക്കുകയാണ്. യേശുവിന്റെ ജീവിതത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് പാഠങ്ങൾ പഠിക്കുവാനും അവ ജീവിതത്തിൽ പകർത്തുവാനുമുള്ള അവസരമാണ് ഓരോ ആരധനാവർഷവും. യേശുവിന്റെ ജനനതിരുനാളിന് ഒരുങ്ങുന്ന ആഗമനകാലം പരമ്പരാഗതമായി തപസ്സുകാലമെന്നപോലെ പ്രാർഥനയുടെയും പ്രായശ്ചിത്ത ത്തിന്റെയും അരൂപിയോടെയാണ് നാം ആചരിച്ചുവരുന്നത്.

ഇസ്രായേൽ ജനതയെപ്പോലെ രക്ഷകനെ വരവേല്ക്കുവാൻ ജാഗരൂഗരായി കാത്തിരിക്കുന്ന അവസരമാണ് ആഗമനകാലം. യേശുവിന്റെ ആദ്യത്തെ ആഗമനത്തെ അനുസ്മരിച്ചുകൊണ്ട് രണ്ടാമത്തെ ആഗമനത്തിനായിട്ടാണ് നാം കാത്തിരിക്കുന്നത്. ഇന്നു നാം വായിച്ചുകേട്ട സുവിശേഷത്തിലും മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചുകൊണ്ട് ഏല്പിച്ച ദൗത്യം വിശ്വസ്തതയോടെ നിർവ്വഹിക്കുവാനുള്ള ഒരു ആഹ്വാനമാണ് യേശു നമുക്ക് നല്കുന്നത്.

സുവിശേഷ പശ്ചാത്തലമിതാണ്: അതിമനോഹരമായ ജറുസലേം ദൈവാലയത്തിന്റെ ഭംഗിയിലേയ്ക്ക് ചിലർ യേശുവിന്റെ ശ്രദ്ധ ആകർഷിക്കാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ യേശു ശ്രദ്ധിച്ചത് ആലയത്തിന്റെ ബാഹ്യമോടിയേക്കാൾ ജനത്തിന്റെ ആന്തരികമായ ജീർണ്ണതയാണ്. "നിങ്ങൾ കാണുന്നവ കല്ലിന്മേൽ കല്ലുശേഷിക്കാതെ തകർക്കപ്പെടുന്ന സമയം വരുന്നു" (ലൂക്ക. 21:6) എന്നാണ് യേശു പ്രതിവചിച്ചത്. ദൈവാലയത്തിന്റെ മാത്രമല്ല, ജറുസലേം പട്ടണത്തിന്റെയും യുഗങ്ങളുടെതന്നെയും അന്ത്യത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ട് ജീവിത നവീകരണ ത്തിനായും നിലനില്ക്കുന്ന നിത്യജീവൻ സ്വന്ത മാക്കുന്നതിൽ വ്യാപൃതരായിരിക്കുവാനുമാണ് യേശു എല്ലാവരെയും ക്ഷണിക്കുന്നത്.

യേശു പ്രവചിച്ചപോലെ ക്രിസ്തുവർഷം 70-ാമാണ്ട് അതിമനോഹരമായ ജറുസലേം ദൈവാലയം മാത്രമല്ല, ജറുസലേം നഗരവും തകർന്നു തരിപ്പണമായി. ഇതുപോലെ സൃഷ്ട





വസ്തുക്കൾ ക്കെല്ലാം ഒരു അവസാനമുണ്ടാകും. ഭയാനകമാംവിധം ഇവയൊക്കെ നാമാവശേഷമാകുന്ന ഒരു ദിവസം വരും. "കർത്താവിന്റെ ദിവസം" എന്നാണ് പൊതുവേ ഈ വിധിയുടെ ദിവസം അറിയപ്പെടുന്നത്. ആ ദിവസം "സൂര്യൻ ഇരുണ്ടുപോകും ചന്ദ്രൻ പ്രകാശം തരുകയില്ല. നക്ഷത്രങ്ങൾ ആകാശത്തുനിന്ന് നിപതിക്കും. ആകാശ ശക്തികൾ ഇളകുകയും ചെയ്യും. അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും''. യേശുവിന്റെ സ്വർഗ്ഗാരോഹണം അത്ഭുതത്തോടെ നോക്കിനിന്ന ശിഷ്യന്മാർക്ക് ലഭിച്ച ഉറപ്പും ഇതുതന്നെയായിരുന്നു. ഒരു മേഘം വന്ന് യേശുവിനെ അവരുടെ ദൃഷ്ടിയിൽനിന്ന് മറച്ചപ്പോൾ രണ്ടു മാലാഖമാർ പ്രത്യക്ഷപ്പെട്ട് അവരോടു പറഞ്ഞതിതാണ്: "നിങ്ങളിൽനിന്ന് സ്വർഗ്ഗത്തിലേയ്ക്ക് സംവഹിക്കപ്പെട്ട യേശു, സ്വർഗ്ഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും" (അപ്പ.പ്ര.1:11).

ഇവയൊന്നും കെട്ടുകഥകളല്ല, വിശ്വാസ സത്യങ്ങളാണ്; കർത്താവിന്റെ ദിവസം ഞാനും നിങ്ങളും കാണാൻ പോകുന്ന സംഭവവികാസങ്ങളാണ്. ഇവയൊക്കെ കണ്ട് ഭയവിഹ്വലരാകാതെ ധൈര്യപൂർവ്വം ശിരസ്സുയർത്തി നില്ക്കുവാനാണ് ഇന്നു നാം വായിച്ചുകേട്ട സുവിശേഷ ഭാഗം നീതിമാന്മാരോട് ആവശ്യപ്പെടുന്നത്. കാരണം നീതിമാന്മാരെ സംബന്ധിച്ചിടത്തോളം അതു രക്ഷയുടെ ദിവസമാണ്. വിധിയുടെ ആ ദിവസം കർത്താവ് സമാഗതമാകുമ്പോൾ ജ്ഞാനികൾ ആകാശ വിതാനത്തിൽ പ്രഭപോലെ തിളങ്ങുമെന്നും നീതിമാന്മാർ നക്ഷത്രങ്ങൾപോലെ

പ്രശോഭിക്കുമെന്നും ദാനിയേലിന്റെ പുസ്തകത്തിൽ കാണുന്നു (Cfr. 12:3).

കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള വെളിപാടുകളുടെ ഈ പശ്ചാത്തലത്തിൽ നൂറ്റാണ്ടുകളായി പലരും ചോദിച്ചുകൊണ്ടിരിക്കുന്ന ഒരു ചോദ്യമിതാണ്: യേശുവിന്റെ രണ്ടാമത്തെ ആഗമനം എപ്പോൾ സംഭവിക്കും? ഇത് ഉടൻതന്നെ സംഭവിക്കുമെന്ന് വിശ്വസിച്ച ഒരു വിഭാഗം ആദിമസഭയിലുണ്ടായിരുന്നു. ഉത്തരവാദിത്വങ്ങൾ അവഗണിച്ചുകൊണ്ട് ഭയാശങ്കകളോടെ ചില ആചാരാനുഷ്ഠാനങ്ങളിൽമാത്രം വ്യാപൃതരായി അവർ കർത്താവിന്റെ ദിവസത്തെ കാത്തിരിക്കാൻ തുടങ്ങി. പൗലോസ് അപ്പോസ്തലൻ അവരെ ശാസിക്കുന്നതായും ഏതു നിമിഷത്തിലും കർത്താവിനെ സ്വീകരിക്കാൻ ഒരുക്കമുള്ളവരായിരിക്കണമെന്ന് പറഞ്ഞുകൊണ്ട് അവരെ ഇപ്രകാരം ഉപദേശിക്കുന്നതായും കാണുന്നു: “ആ ദിവസം കള്ളൻ എന്നപോലെ അപ്രതീക്ഷിതമായി നിങ്ങളെ പിടികൂടാൻ ഇടയാകത്തക്കവിധം നിങ്ങൾ അന്ധകാര ത്തിലല്ല കഴിയുന്നത്. നിങ്ങളെല്ലാവരും പ്രകാശത്തിന്റെയും പകലിന്റെയും പുത്രന്മാരാണ്. അതിനാൽ മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമുക്ക് ഉണർന്നിരുന്ന് സുബോധമുള്ള വരായിരിക്കാം” (1 തെസ്സ. 5:4-6).

ചരിത്രത്തിലുടനീളം കണ്ണോടിച്ചാൽ നിരവധി വ്യക്തികളും സമൂഹങ്ങളും കാലാകാലങ്ങളിലായി ലോകാവസാനത്തിന്റെ ഭീതിയിലും ആശങ്കയിലും ജീവിച്ചിരുന്നതായി കാണാം. സുപ്രസിദ്ധരും പ്രഗത്ഭരുമായ വ്യക്തികൾപോലും കർത്താവ് വരുന്ന കാലത്തെക്കുറിച്ച് കണക്കുകൾ കൂട്ടുന്നതായും





പ്രവചിച്ചിരുന്നതായു മൊക്കെ നാം കേൾക്കുന്നുണ്ട്. ഇന്നും ഇത്തരം പ്രവചനങ്ങളിലൂടെ പലരും മനുഷ്യരുടെ ഇടയിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. കൂട്ട ആത്മഹത്യകൾക്കുതന്നെ ഇതുപോലുള്ള പ്രവചനങ്ങൾ കാരണമായി ത്തീർന്നിട്ടുണ്ട്. യേശുവിന്റെ രണ്ടാമത്തെ ആഗമനം എന്നു സംഭവിക്കും എന്ന് ചോദിക്കുന്നവർക്കെല്ലാം യേശുതന്നെ സുവിശേഷങ്ങളിൽ നല്കുന്ന ഉത്തരമിതാണ്: ‘‘ആ ദിവസത്തെക്കുറിച്ചോ ആ മണിക്കൂറിനെ ക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ മാലാഖമാർക്കും പുത്രനുപോലും അറിഞ്ഞുകൂടാ (മാർക്കോ. 13:32). ദൈവമെന്ന നിലയിൽ യേശുവിന് എല്ലാമറിയാം. എന്നാൽ മനുഷ്യനെന്ന നിലയിൽ യേശുവിനുപോലും വെളിപ്പെടുത്താനാവാത്ത ഒരു വലിയ രഹസ്യമാണിത്. ദൈവം ഇത് വെളിപ്പെടുത്തിക്കൊടുക്കാത്തതിനു കാരണം അവസാന നിമിഷങ്ങൾക്കായും കർത്താവിന്റെ ആഗമനത്തി നായും നാം എപ്പോഴും ഒരുക്കമുള്ളവരായിരിക്കാൻ വേണ്ടിയാണ്. വിധിക്കുവാനായി യേശു വരുന്ന കാലത്തെയോ സമയത്തെയോകുറിച്ച് ആകുലചിത്തരാകേണ്ട ആവശ്യമില്ലെന്നും അത് ദൈവതിരുമനസ്സിനു വിട്ടുകൊടുക്കണമെന്നും സദാ ദൈവത്തിലാശ്രയിച്ചുകൊണ്ട് എല്പിച്ച കർത്തവ്യങ്ങളിൽ വ്യാപൃതരായി സ്വർഗ്ഗോന്മുഖരായി മുന്നോട്ടു പോകണമെന്നാണ് യേശു നമ്മെ ഉപദേശിക്കുന്നത്.

ലോകാവസാനം ഉടനെതന്നെ സംഭവിക്കുമായിരിക്കാം, ഇല്ലായിരിക്കാം. മാലാഖമാർക്ക് മാത്രമല്ല പുത്രനുപോലും വെളിപ്പെടുത്താനാവാത്ത ഈ രഹസ്യം ദൈവത്തിനുതന്നെ വിട്ടുകൊടുക്കുക. എന്നാൽ ഒരു സത്യം നമുക്കറിയാം;

നാമോരോരുത്ത രെയും സംബന്ധിച്ചിടത്തോളം മരണത്തോടുകൂടി നമ്മുടെലോകം അവസാനിക്കും. അത് അപ്രതീക്ഷിതമാണെങ്കിലും ഒരു നിശ്ചിത കാലത്തിനുള്ളിൽ സംഭവിക്കുമെന്നും നമുക്കറിയാം. ഇതിന്റെ സമയമോ സാഹചര്യമോ നമുക്ക് അറിയില്ലെന്നു മാത്രം. ദൈവം വിളിക്കുന്ന സമയം ധൈര്യപൂർവ്വം ശിരസ്സുയർത്തി മേല്പ്പോട്ടുനോക്കുവാനും കർത്താവിനെ എതിരേല്ക്കുവാനും നാം ഒരുക്കമുള്ളവരായിരിക്കണം. ഈ ഒരുക്കത്തിനു സഹായിക്കുന്ന ചില മാർഗ്ഗനിർദ്ദേശങ്ങളും സുവിശേഷ ത്തിൽ നാം കാണുന്നുണ്ട്:

- മരണവും വിധിയും നിത്യസമ്മാനത്തിനുള്ള അവസരങ്ങളായി കരുതി കർത്താവിന്റെ ദിവസത്തെ സന്തോഷത്തോടെ സ്വാഗതം ചെയ്യാൻ പ്രതീക്ഷയോടെ നാം കാത്തിരിക്കണം.

- നിരന്തരം പ്രാർഥനയിലൂടെ ദൈവവുമായി ബന്ധപ്പെടുകയും കർത്താവിനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യാനാവശ്യമായ ശക്തിയും വെളിച്ചവും നാം സംഭരിച്ചുകൊണ്ടിരിക്കണം.

- ജീവിത കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ചു കൊണ്ടിരിക്കണം.

- ഏതു സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടിവന്നാലും ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്താൽ നാം ജ്വലിച്ചുകൊണ്ടിരിക്കണം.

കാലത്തിന്റെ ചുവരെഴുത്തുകളിൽനിന്നും, നമുക്കുചുറ്റും നടക്കുന്ന സംഭവവികാസങ്ങളിൽനിന്നും മരണത്തെക്കുറിച്ചും യുഗാന്ത്യത്തെക്കുറിച്ചും ദൈവം നല്കുന്ന





അടയാളങ്ങൾ തിരിച്ചറിയാൻ നമുക്കു സാധിക്കണം. കാറ്റിനും കടലിനും കോളിളക്കത്തിനും ജലപ്രളയത്തിനും ഭൂമി കുലുക്കത്തിനും പ്രകൃതിക്ഷോഭങ്ങൾക്കുമെല്ലാം നമുക്ക് ഒരു സന്ദേശം തരാനുണ്ട്: പ്രതീക്ഷിക്കാത്ത നേരത്ത് ആകാശവും ഭൂമിയും കടന്നുപോകും. നശ്വരമായതെല്ലാം ഇല്ലാതാകും. പുതിയൊരാകാശവും പുതിയൊരു ഭൂമിയും സൃഷ്ടിക്കപ്പെടും. എന്തുതന്നെ സംഭവിച്ചാലും ഈ ലോകത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയും ഓരോ തലമുറയും അന്ത്യ ദിനത്തിന്റെ ഓർമ്മയോടുകൂടി ജീവിക്കണം എന്നാണ് യേശു പഠിപ്പിക്കുന്നത്. സിലോഹായിലെ ഗോപുരം ഇടിഞ്ഞുവീണ് പതിനെട്ടുപേർ മരിച്ച കാര്യം യേശു സൂചിപ്പിക്കുന്നുണ്ടല്ലോ (Cfr. ലൂക്ക. 13:4-8). അന്ന് ജീവിച്ചിരുന്നവർക്കെല്ലാം ഈ ദുരന്തം ഒരു മുന്നറിയിപ്പായിരുന്നു. ഇപ്രകാരമുള്ള മുന്നറിയപ്പുകൾ മനസ്സിലാക്കി പശ്ചാത്തപിച്ച് വിധി ദിവസത്തിനായി ഒരുങ്ങാത്തവർക്ക് അന്ത്യദിവസത്തിൽ സുവിശേഷ ത്തിൽ വിവരിച്ചിരിക്കുന്നതു പോലുള്ള ഭയാനകമായ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവരും.

കർത്താവിന്റെ ദിവസം ഇന്നോ നാളെയോ വരാൻ പോകുന്നില്ല എന്ന ചിന്തയോടെ ഇപ്പോൾ തിന്മയുടെ വഴിയേ സഞ്ചരിക്കാമെന്നും, അതുവരുമ്പോൾ മാനസാന്തരപ്പെടാമെന്നും കരുതുന്നവരുണ്ടാകും. ഇതു തികഞ്ഞ മൗഢ്യമാണെന്നും ഇവരെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ ദിവസം ഭയാനകമായ ഒരനുഭവമായിരിക്കുമെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ആമോസ് പ്രവാചകൻ പറയുന്നത് ഇപ്രകാരമാണ്: ‘‘കർത്താവിന്റെ ദിനത്തിനായി കാത്തിരിക്കുന്നവരേ നിങ്ങൾക്കു ദുരിതം! എന്തിനാണ് നിങ്ങൾക്ക് കർത്താവിന്റെ ദിനം? അത്

അന്ധകാരമാണ്, പ്രകാശമല്ല. അത് സിംഹത്തിന്റെ വായിൽനിന്ന് രക്ഷപ്പെട്ട് കരടിയെ കണ്ടുമുട്ടുന്നതുപോലെയോ, വീട്ടിലെത്തി ചുമരിൽ കൈചേർത്തു ചാരിനില്ക്കുമ്പോൾ സർപ്പദംശനം ഏല്ക്കുന്നതുപോലെയോ ആയിരിക്കും. കർത്താവിന്റെ ദിനം പ്രകാശമല്ല, അന്ധകാരമാണ്; പ്രകാശലേശമില്ലാത്ത തമസ്സാണ്!" (ആമോസ്. 5:18-20). പ്രകാശമാണോ ഇരുട്ടാണോ കർത്താവിന്റെ ദിനത്തിൽ നമുക്ക് അനുഭവവേദ്യമാകാൻ പോകുന്നത് എന്ന കാര്യം ഇപ്പോൾ ഇവിടെ ജാഗ്രതയോടുള്ള നമ്മുടെ ജീവിതശൈലിയെ ആശ്രയിച്ചിരിക്കും. പ്രാർഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും ഇപ്രകാരമുള്ള ഒരു ഒരുക്കത്തിനാണ് ആഗമനകാലം നമ്മെ ക്ഷണിക്കുന്നത്.

നീതിമാന്മാരെ സംബന്ധിച്ചിടത്തോളം " ശിരസ്സുയർത്തി നിൽക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ വിമോചനം സമീപിച്ചിരിക്കുന്നു" (ലൂക്ക.21:28) എന്ന സുവിശേഷത്തിലെ യേശുവിന്റെ വാക്കുകൾ പ്രത്യാശനല്കുന്നതാണ്. മരണത്തെക്കുറിച്ചോ ലോകാവസാന ത്തെക്കുറിച്ചോ വിധിയെക്കുറിച്ചോ നാം ഭയപ്പെടേണ്ടതില്ല. ഭൗതികമായ ഇതിനായി നമുക്കൊന്നും ഒരുക്കി വയ്ക്കാനില്ല. നമുക്കുവേണ്ടത് ആത്മീയമായ ഒരുക്കമാണ്. നീതിമാന്മാരുടെ ശിരസ്സ് ഉയർന്നു നില്ക്കുന്നതിനു കാരണം, താഴെയുള്ള ഭൗതിക സമ്പത്തിനെക്കാളും ഐശ്വര്യങ്ങളെക്കാളുമുപരിയായി അവരുടെ നോട്ടം എപ്പോഴും അക്ഷയനിധിയും സ്നേഹപിതാവും കരുണയുള്ള വിധിയാള നുമായ ദൈവത്തിലായതു കൊണ്ടാണ്; ഉച്ഛിഷ്ടംപോലെ താഴേക്കു വലിച്ചെറിഞ്ഞ നശ്വര വസ്തുക്കളിലേക്ക് നോക്കാതെ യേശുവിന്റെ ഈ മാർഗനിർദ്ദേശം മനസ്സിൽ സംഗ്രഹിച്ച് അതിനനുസൃതമായി





ജീവിക്കുന്നതു കൊണ്ടാണ്. "ഭൂമിയിൽ നിക്ഷേപം കരുതി വയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ, സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക.. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയില്ല" (മത്താ. 6:19-21).

പ്രാർഥനയിലും പ്രായശ്ചിത്തത്തിലൂടെയും ക്രിസ്തുമസ് ആഘോഷങ്ങളിലൂടെ യേശുവിന്റെ ഒന്നാമത്തെ വരവിന്റെ അനുസ്മരണത്തിനായുള്ള ഈ ഒരുക്കം യേശു വീണ്ടും ആഗത നാകുമ്പോൾ വിമോചനം സമീപിച്ചിരിക്കുന്നു എന്ന പ്രതീക്ഷയോടെ ശിരസ്സുയർത്തി നിൽക്കുവാൻ വേണ്ട വെളിച്ചവും ശക്തിയും നിങ്ങൾക്ക് പകർന്നു തരട്ടെ എന്ന് പ്രാർഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

വെള്ളയമ്പലം, **† സൂസപാക്യം എം.**
25-11-2018 തിരുവനന്തപുരം മെത്രാപ്പോലീത്ത

**NB:** ഈ ഇടയലേഖനം 2018 ഡിസംബർ മാസം 2-ാം തീയതി ഞായ റാഴ്ച ദിവ്യബലിമദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.

## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 014/2018/CL Dated: 26-11-2018

# *മത്സ്യമേഖലാ ശുശ്രൂഷ*

**വന്ദ്യവൈദികരേ, വത്സലമക്കളേ,**

തിരുവനന്തപുരം അതിരൂപതയിലെ ബഹുഭൂരിപക്ഷം ജനങ്ങളും മത്സ്യത്തൊഴിലാളികളാണ്. മത്സ്യത്തൊഴിലാളികളുടെ സംഘാടനവും സമഗ്രവുമായ വളർച്ചയും, ക്ഷേമവും സാധ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തിരുവനന്തപുരം അതിരൂപത മത്സ്യമേഖലാ ശുശ്രൂഷയ്ക്ക് രൂപം നൽകുന്നു. മത്സ്യത്തൊഴിലാളികളുള്ള ഇടവകകളിലും ഫെറോനകളിലും മത്സ്യമേഖലയ്ക്ക് ഊന്നൽ നൽകി ഇടവക-ഫെറോന - അതിരൂപത ശുശ്രൂഷ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ട് മത്സ്യമേഖലയുടെ സമഗ്ര വളർച്ചയും വികസനവും സാധ്യമാക്കുകയാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം.

തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോറം (റ്റി.എം.എഫ്) ട്രേഡ് യൂണിയനായി രജിസ്റ്റർ ചെയ്ത് മത്സ്യമേഖലാതൊഴിലാളികളുടെ സംഘാടനം നടത്തുക, മത്സ്യമേഖലാ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുക, സർക്കാരും വിവിധ ഓഫീസുകളുമായി മത്സ്യമേഖലാ പ്രശ്നപരിഹാര ചർച്ചകളിൽ സ്വാധീനം സമ്മർദ്ദം ചെലുത്തുക, മത്സ്യവിപണന സ്ത്രീ ഫോറം വഴി മത്സ്യവിപണന സ്ത്രീ സംഘാടനം നടത്തുക, മത്സ്യവിപണന പ്രശ്നങ്ങൾ പഠിക്കുക അതിനുള്ള പരിഹാരങ്ങൾ കണ്ടെത്തുക. സി.എഫ്.എസ്.





CADAL എന്നിവയെ ഉപയോഗപ്പെടുത്തി മത്സ്യമേഖലാപഠനം, പരിശീലനം, ഗവേഷണം മത്സ്യമേഖലാ പ്രശ്നങ്ങളിൽ സംസ്ഥാനതല ഇടപെടൽ നടത്തുക ഇവയാണ് പ്രധാന സംവിധാനങ്ങളും പ്രവർത്തന മേഖലകളും. ഇതിനായി മത്സ്യത്തൊഴിലാളികളുള്ള ഇടവകകളിലും ഫെറോനകളിലും എല്ലാ ബി.സി.സി. യൂണിറ്റുകളിൽ നിന്നും മത്സ്യമേഖലാ ശുശ്രൂഷയ്ക്ക് വേണ്ടി ഒരു മത്സ്യത്തൊഴിലാളിയെയോ ഇല്ലെങ്കിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഒരംഗത്തെയോ തിരഞ്ഞെടുക്കുകയും അതിൽ ഒരാളെ പാരീഷ് കൗൺസിൽ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്യു.

മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു corpus fund രൂപീകരിക്കുകയും അതിൽ നിന്ന് തൊഴിൽ സംബന്ധമായ നാശനഷ്ടത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക. മത്സ്യമേഖലാ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക. സംസ്ഥാനത്തും ഇതര സംസ്ഥാനത്തും മത്സ്യബന്ധനത്തിലേർപ്പിട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംബന്ധമായ ആവശ്യങ്ങളിൽ ഇടപെടലുകൾ നടത്തുക. സാമൂഹിക ശുശ്രൂഷയുമായി ചേർന്നുകൊണ്ട് മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ (വീട്, ടോയ്ലറ്റ്) സാധ്യമാക്കുക. ഇതര തൊഴിൽ സംഘടനകളുമായി യോജിച്ച്കൊണ്ട് പൊതു പരിപാടികൾ ആസുത്രണം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

സ്നേഹത്തോടെ,

**† സൂസപാക്യം എം.**
തിരുവനന്തപുരം മെത്രാപ്പോലീത്ത

***NB:*** **ഈ വിജ്ഞാപനം 2018 ഡിസംബർ 02 ഞായറാഴ്ച ദിവ്യബലിയുടെ അവസാനം വായിച്ചു വിശദീകരിക്കേണ്ടതാണ്.**

# DECEMBER 2018

**Priestly Ordination Anniversary**

20th December 2018 is the 49th Anniverary of the Priestly Ordination of His Grace our Archbishop Most Rev. Dr. Soosa Pakiam M. Special intention for the Archbishop should be added in the prayer of the faithful during the Holy Mass and kindly exhort the faithful to offer their family prayers for our Archbishop.

## BIRTHDAYS

| | |
|---|---|
| 1. Very Rev. Fr. Christil Rozario | 01.12.1972 |
| 2. Rev. Fr. Joseph Elkin | 01.12.1969 |
| 3. Rev. Fr. Xavier Veliyakam SJ | 05.12.1937 |
| 4. Rev. Fr. Joseph Maria | 09.12.1935 |
| 5. Rev. Fr. Joseph Prasad | 09.12.1973 |
| 6. Very Rev. Fr. Joseph Manuval OCD | 12.12.1979 |
| 7. Rev. Fr. Lucian Thomas | 12.12.1965 |
| 8. Rev.Fr. Varkeychen Mecheril SJ | 12.12.1972 |
| 9. Rev. Fr. Napolean Gomez IV Dei | 13.12.1962 |
| 10. Rev. Fr. Lenin Raj | 13.12.1977 |
| 11. Rev. Fr. Deejo Pathrose OFM Cap | 15.12.1985 |
| 12. Rev. Fr. Kulandai Yesu Rajan, CMF | 15.12.1989 |
| 13. Rev. Fr. Labrin Yesu R. | 20.12.1968 |
| 14. Rev. Fr. K.M. Prabhudass, S.J. | 22.12.1970 |
| 15. Rev. Fr. Jerald Savio | 23.12.1977 |
| 16. Rev. Fr. Saju Roldon | 23.12.1979 |
| 17. Rev. Fr. Williams Christopher, S.J. | 28.12.1981 |
| 18. Very Rev. Msgr. Dr. Thomas J. Netto | 29.12.1964 |





## ORDINATION ANNIVERSARYS

| | |
|---|---|
| 01. Very Rev. Fr. Sajan JosephOFM Cap | 06.12.2010 |
| 02. Rev.Fr. Joseph M.A., C.Ss.R | 06.12.1982 |
| 03. Rev. Fr. Gerard Silva | 18.12.1970 |
| 04. Rev. Fr. Stephen Jose Methachery | 18.12.1967 |
| 05. Rev. Fr. Sylvester Morais | 18.12.1970 |
| 06. Very Rev. Msgr. James Culas | 19.12.1974 |
| 07. Rev. Fr. Justin Alex | 19.12.1975 |
| 08. Rev. Dr. Thomas J. Netto | 19.12.1989 |
| 09. Rev. Dr. Augustine John | 19.12.1990 |
| 10. Rev. Fr. Stephen M.T | 19.12.1990 |
| 11. Rev. Fr. Stephen Mukkattil Sdb | 19.12.1981 |
| 12. Rev. Fr. Christy D'Cruz | 20.12.1969 |
| 13. Rev. Fr. Robinson F | 20.12.1985 |
| 14. Rev. Fr. Romanse L. | 20.12.1971 |
| 15. Rev. Fr. Joseph Pereira | 21.12.1969 |
| 16. Rev. Dr. Hyacinth M. Nayakam | 21.12.1981 |
| 17. Rev. Dr. Charles Leon | 21.12.1985 |
| 18. Very Rev. Msgr. Wilfred E. | 21.12.1984 |
| 19. Very Rev. Msgr. Dr. Joseph Chinnayyan | 22.12.1973 |
| 20. Rev Fr. Varghese John Puthengady sdb | 22.12.1974 |
| 21. Very Rev. Fr. Pancretius A | 22.12.1980 |
| 22. Very Rev. Msgr. Dr. Nicholas T | 23.12.1986 |
| 23. Rev. Fr. Antony Kurisinkal Ofm Cap | 26.12.2006 |
| 24. Rev. Fr. Saji Joseph SJ | 26.12.2010 |
| 25. Rev .Fr. Irattil Ranjit George SJ, | 26.12.2010 |
| 26. Rev. Fr. Deejo Pathrose OFM Cap | 26.12.2016 |
| 27. Rev. Fr. Jerome Alphonse | 27.12.1994 |
| 28. Rev. Fr. Anto Dickson S. | 27.12.2000 |
| 29. Rev. Fr. Beed Manoj Amado | 27.12.2000 |
| 30. Rev. Fr. John Bosco J. | 27.12.2000 |
| 31. Rev. Fr. Justin Judin | 27.12.2000 |

| | |
|---|---|
| 32. Very Rev.Fr.Francis Sales.OCD | 27.12.2005 |
| 33. Rev.Fr.Joy Muzolini.OCD | 27.12.2007 |
| 34. Rev. Fr. Andrew Kosmos | 27.12.1994 |
| 35. Rev. Fr. Santhappan M | 27.12.1994 |
| 36. Rev. Fr. Stanislaus Theesmas | 27.12.1994 |
| 37. Rev. Dr. Sujan Amurutham | 27.12.1994 |
| 38. Rev. Fr. Suresh D. Antony | 27.12.1994 |
| 39. Rev. Fr. Vincent Valiyaparambil OSJ | 27.12.2003 |
| 40. Rev Fr.Thomas Karukaparambil OCD | 27.12.2007 |
| 41. Rev.Fr.Johny jackson.OCD | 27.12.2008 |
| 42. Rev Fr.Augustine Shiju OCD | 27.12.2011 |
| 43. Rev Fr. Manivelil Aneesh Joseph SJ | 27.12.2011 |
| 44. Rev Fr. Arthiyal Puraidam Saji SJ | 27.12.2012 |
| 45. Rev Fr.Muthappan Beneet OCD | 27.12.2016 |
| 46. Rev. Fr. Norbert OFM Cap | 27.12.2017 |
| 47. Very Rev. Fr. Joseph Bastian | 28.12.1992 |
| 48. Rev. Fr. Yesudasan Mathias | 28.12.1992 |
| 49. Rev. Fr. Ansel Antony CMF | 28.12.2005 |
| 50. Rev. Fr. Dominic Koottiyaniyil CMF | 28.12.2010 |
| 51. Rev. Fr. Shibu Joseph S.J | 28.12.2010 |
| 52. Rev. Fr. Abel Anselm OCD | 28.12.2008 |
| 53. Rev.Fr. Joseph Anooj Panckal OSJ | 28.12.2009 |
| 54. Rev. Fr. Sunil. C.E Ofm Cap | 28.12.2006 |
| 55. Rev. Fr. Cineesh RCJ | 28.12.2011 |
| 56. Rev. Fr. Jobins Veluthedathuparambil M.S. | 28.12.2017 |
| 57. Rev. Fr. Joseph Baskaran | 29.12.1996 |
| 58. Rev. Fr. Antony Sony Panakkal IV Dei | 29.12.2009 |
| 59. Rev. Fr. Benny Chiramel SJ | 29.12.2001 |
| 60. Rev.Fr. Varkeychen Mecheril SJ | 29.12.2008 |
| 61. Rev Fr. Kuravanveliyel Thomas S.J | 29.12.2008 |
| 62. Rev.Fr. Yohannan OFM Cap | 29.12.2008 |
| 63. Rev Fr. Biju Joy SJ | 29.12.2012 |
| 64. Rev. Fr. Davidson S | 30.12.1991 |





| | |
|---|---|
| 65. Rev. Fr. Jerome D. Netto | 30.12.1991 |
| 66. Rev. Fr. Johnson Alexander | 30.12.1991 |
| 67. Rev. Fr. Lazar Benedict | 30.12.1991 |
| 68. Very Rev. Fr. Jude Thaddeus, Ofm Cap. | 30.12.1989 |
| 69. Very Rev. Fr. Joseph Manuval OCD | 30.12.2006 |
| 70. Rev. Fr. Arokyadas O.de.M. | 31.12.2010 |
| 71. Rev. Fr. John Britto, Ofm Cap | 31.12.2010 |

**DECEASED PRIESTS**

| | |
|---|---|
| 1. Rev. Fr. Aloysius Nazareth | 08.12.1976 |
| 2. Very Rev. Fr. John Koilparambil | 15.12.1960 |
| 3. Rev. Fr. Michael Ampudayan | 15.12.1971 |
| 4. Rev. Fr. Justine Peter | 16.12.2011 |
| 5. Rt.Rev. Msgr. Joseph M. | 20.12.2010 |
| 6. Rev. Fr. Michael C. | 21.12.1990 |
| 7. Rev. Fr. Jeremias D'Cruz | 22.12.1960 |
| 8. Rev. Fr. Louis Roche | 26.12.2004 |
| 9. Bishop Vincent V. Dereree | 29.12.1973 |

**PERPETUAL DAY ADORATION**

| | |
|---|---|
| 1. St. Nicholas Church, C.M. Thurai | 06.12.2018 |
| 2. Ursuline Convent, St. Andrews | 08.12.2018 |
| 3. St. Thomas Acquinas Church, Kochuthura | 12.12.2018 |
| 4. St. Thomas Church, Valiaveli | 19.12.2018 |

**Appointments & Relieving Orders**

Rev. Dr. Edison Y. M., DCL – appointed Judge, Metropolitan Archdiocesan Tribunal, Vellayambalam with effect from 15th November 2018

Very Rev. Dr. Baby Bevinson DCL **-** Defender of the Bond Metropolitan Archdiocesan Tribunal with effect from 15th November 2018

Rev. Fr. Joseph Roy, Ofm Cap– appointed Judge, Metropolitan Archdiocesan Tribunal, Vellayambalam with effect from 15th November 2018

Rev. Fr. Antony Lazer OFM Cap- appointed as Parish Priest of Our Lady of Fathima Church, Kudappanakkunu , with effect from 1st December 2018

**<u>ANNUAL STATISTICS</u>**

You are hereby reminded that it is now time for submitting the **annual statistics 2018** to Holy See (as on 31st December 2018). Hence, request you to kindly furnish in time the correct data, atleast with regard to the number of Catholic males and females, number of families and the number of BCC units. Separate sheet will be sent to you for furnishing the data.

**A. DIOCONATE**
**(26.12.2018 – 3.30PM - AT. ST. JOSEPH'S METROPOLITAN CATHEDRAL, PALAYAM)**

1. Bro.Johnson Muthappan from the Parish of St. Mary Magdalene's, Paruthiyoor
2. Bro.Sajith Solomon from the Parish of Madre de Deus, Vettucaud
3. Bro. Vigil George from the Parish of St. Antony's, Karakkamandapam





Prot. No.2018/AB/533

26 November 2018

**DECREE ON CONSTITUTION OF THE FISHERIES MINISTRY IN THE LATIN ARCHDIOCESE OF TRIVANDRUM**

To

All the Christian Faithful in the Archdiocese that consist of Priests, Religious and Laity,

I, the Archbishop of Trivandrum, understanding the need for the developmental and welfare concerns of fishermen and their families in our archdiocese, after having heard

- The Archdiocesan Pastoral Council
- The Presbyterium and Various Ministries
- The Council (Senate) of Priests, do hereby erect

FISHERIES MINISTRY

in our Archdiocese, by reorganizing the existing Trivandrum Matsya Thozhilali Forum (TMF), Women Fish Vending Forum, Centre For Fisheries Studies (CFS) and the concerns of CADAL under this ministry; also one each representative from Basic Christian Communities (BCC) is to be elected in the Forane and Parishes

where the need for this ministry is to be addressed and form Fisheries Parish Ministry under the leadership of a Parish council representative for this Ministry to be the base platforms of the Ministry. The Forane and Archdiocesan bodies of the Ministry will function as higher–organizing – coordinating bodies for the Ministry.

This decree comes to effect from 30th November, 2018 on the feast of St. Andrew the Apostle.

Yours in Jesus and Mary,

Rev. Dr. Edison Y.M.,
Chancellor

† Soosa Pakiam M.,
Archbishop of Trivandrum





## മത്സ്യമേഖലാ ശുശ്രൂഷ (Fisheries Ministry)

തിരുവനന്തപുരം അതിരൂപതയിലെ ബഹു ൂരിപക്ഷം ജനങ്ങളും മത്സ്യത്തൊഴിലാളികളാണ്. മത്സ്യത്തൊഴിലാളികളുടെ സംഘാടനവും സമഗ്രമായ വളർച്ചയും, ക്ഷേമവും സാധ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തിരുവനന്തപുരം അതിരൂപത മത്സ്യമേഖലാ ശുശ്രൂഷ യ്ക്ക് രൂപം നൽകുന്നു. മത്സ്യത്തൊഴിലാളികളുള്ള ഇടവകകളിലും ഫെറോനകളിലും മത്സ്യമേഖലയ്ക്ക് ഊന്നൽ നൽകി ഇടവക-ഫെറോന - അതിരൂപത ശുശ്രൂഷ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ട് മത്സ്യമേഖലയുടെ സമഗ്ര വളർച്ചയും വികസനവും സാധ്യമാക്കുകയാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം.

I **പ്രവർത്തനങ്ങൾ**

1. മത്സ്യത്തൊഴിലാളികളുടെ സംഘാടനം സാധ്യമാക്കുക.
2. തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോറം (റ്റി.എം.എഫ്) ട്രേഡ് യൂണിയനായി രജിസ്റ്റർ ചെയ്യുക. എല്ലാ മത്സ്യത്തൊഴിലാളികൾക്കും അംഗത്വം ഉറപ്പാക്കുക.
3. മത്സ്യമേഖലയുടെ പ്രശ്നങ്ങൾ, പ്രതിസന്ധികൾ, സാധ്യതകൾ എന്നിവയെക്കുറിച്ച് റ്റി.എം.എഫിന്റെ ഇടവക, ഫെറോന, രൂപതാ തലങ്ങളിൽ പഠിച്ച് പരിഹാര മാർക്ഷങ്ങൾ കണ്ടെത്തുക.
4. കടലുമായി ബന്ധപ്പട്ട വിഷയങ്ങളിൽ സി. എഫ്.എസ്.-ന്റെ നേതൃത്വത്തിൽ പഠനവും, പരിശീലനവും, ഗവേഷണവും നടത്തുക.
5. മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ (അംഗത്വം, പെൻഷൻ, ഇൻഷുറൻസ്) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ്, ഗ്രാന്റ്, തൊഴിൽ എന്നിവ ല ്യമാക്കുന്നതിന് സംസ്ഥാനതലത്തിൽ ഇഅഉഅഘ -ന്റെ നേതൃത്വത്തിൽ സർക്കാരിൽ സ്വാധീനം ചെലുത്തുക.
6. മത്സ്യക്കച്ചവട സ്ത്രീകളുടെ ഫോറം, പുരുഷ മത്സ്യത്തൊഴിലാളികളുടെ എസ്.എച്ച്.ജി. എന്നിവയുടെ സാമ്പത്തിക ഇടപാടുകൾ ക്രമീകരിക്കുക.

7. മത്സ്യത്തൊഴിലാളികളിൽ നിക്ഷേപ സ്വ ാവം വളർത്തുക. പൊതുജന ബാങ്ക് രൂപീകരിക്കുക.
8. മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടുകൂടി സർക്കാരുമായി ചേർന്നോ അല്ലാതെയോ പെൻഷൻ പദ്ധതി രൂപീകരിക്കുക.
9. മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു രീിൂൗ ളൗിറ രൂപീകരിക്കുകയും അതിൽ നിന്ന് തൊഴിൽ സംബന്ധമായ നാശനഷ്ടത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.
10. മത്സ്യമേഖലാ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.
11. സംസ്ഥാനത്തും ഇതര സംസ്ഥാനത്തും മത്സ്യബന്ധനത്തിലേർപ്പിട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംബന്ധമായ ആവശ്യങ്ങളിൽ ഇടപെടലുകൾ നടത്തുക.
12. സാമൂഹിക ശുശ്രൂഷയുമായി ചേർന്നുകൊണ്ട് മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ (വീട്, ടോയ്‌ലറ്റ്) സാധ്യമാക്കുക.
13. ഇതരതൊഴിൽ സംഘടനകളുമായി യോജിച്ച് കൊണ്ട് പൊതു പരിപാടികൾ ആസൂത്രണം ചെയ്യുക.

പ്രാദേശികമായ പ്രശ്നങ്ങൾക്ക് കഴിവതും ഇടവക തലത്തിൽ തന്നെ പരിഹാരം കണ്ടെത്തേണ്ടതാണ്. എന്നാൽ വിഷയങ്ങളുടെയും പ്രശ്നങ്ങളുടെയും ഗൗരവം മനസ്സിലാക്കി ഫെറോന,അതിരൂപതാ സമിതികളും സംവിധാനങ്ങളും ഇടപെടലുകൾ സമയബന്ധിതമായി നടത്തുന്നതാണ്.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ താഴെക്കാണുന്ന സംവിധാനങ്ങളിലൂടെയാണ് സാധ്യമാകുന്നത്.

## II സംവിധാനങ്ങളും പ്രവർത്തന മേഖലകളുംസംവിധാനം

### പ്രവർത്തന മേഖലകൾ

1. റ്റി.എം.എഫ് - ട്രേഡ് യൂണിയൻ-മത്സ്യമേഖലാ തൊഴിലാളികളുടെ സംഘാടനം





- മത്സ്യമേഖലാ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുക
- സർക്കാരും വിവിധ ഓഫീസുകളുമായി മത്സ്യമേഖലാപ്രശ്നപരിഹാര ചർച്ച- സ്വാധീനം സമ്മർദ്ദം ചെലുത്തൽ.

2. മത്സ്യവിപണന സ്ത്രീ ഫോറം
   - മത്സ്യവിപണന സ്ത്രീ സംഘാടനം
   - മത്സ്യവിപണന പ്രശ്നങ്ങൾ പഠിക്കുക, പരിഹാരങ്ങൾ കണ്ടെത്തുക
3. സി.എഫ്.എസ്.
   - മത്സ്യമേഖലാപഠനം- പരിശീലനം-ഗവേഷണം
4. CADAL
   - മത്സ്യമേഖലാ പ്രശ്നങ്ങളിൽ സംസ്ഥാനതല ഇടപെടൽ- പ്രശ്നപരിഹാരം

## III സമിതികൾ

### i. ഇടവക സമിതി

1. മത്സ്യമേഖലയുമായി ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാവരും മത്സ്യമേഖല ശുശ്രൂഷയുടെ പരിധിയിൽ പെടുന്നവരായിരിക്കും.
2. സജ്ജീവമായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ മാത്രമേ റ്റി,എം.എഫിലും മത്സ്യവിപണന ഫോറത്തിലും അംഗമാകാൻ പാടുള്ളൂ.
3. പാരീഷ് കൗൺസിൽ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടുന്നയാൾ സജ്ജീവമായി മത്സ്യബന്ധന ത്തിലോ മത്സ്യവിപണനത്തിലോ ഉൾപ്പെടുന്നവ രായിരിക്കണം.
4. എല്ലാ ബി.സി.സി. യൂണിറ്റുകളിൽ നിന്നും മത്സ്യമേഖലാ ശുശ്രൂഷയ്ക്ക് വേണ്ടി ഒരു മത്സ്യത്തൊളിലാളിയെയോ

ഇല്ലെങ്കിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഒരംഗത്തെയോ തെരെഞ്ഞെടുക്കുന്നു.

5. യൂണിറ്റ് തലത്തിൽ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിൽ നിന്നും വാർഡ് പ്രതിനിധികളെയും ഇവരിൽ നിന്ന് ഇടവക പ്രതിനിധിയെയും തെരെഞ്ഞെടുക്കുന്നു.

1) **ജനറൽബോഡി**

ബി.സി.സി. യൂണിറ്റുകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ടവരും, റ്റി.എം.എഫ്.-ന്റെയും മത്സ്യവിപണന സ്ത്രീഫോറത്തിന്റെയും ഭാരവാഹികളും ചേർന്നതാണ് ജനറൽബോഡി.

**ഔദ്യോഗിക ഭാരവാഹികൾ**

1. പ്രസിഡന്റ് - ഇടവക വികാരി
2. സെക്രട്ടറി / കൺവീനർ -പാരിഷ്കൗൺസിൽ പ്രതിനിധി
3. ഖജാൻജി
4. ഒരു സിസ്റ്റർ പ്രതിനിധി

**അംഗങ്ങൾ**

5. പ്രസിഡന്റ് - റ്റി.എം.എഫ്
6) സെക്രട്ടറി - റ്റി.എം.എഫ്
7) പ്രസിഡന്റ് - മത്സ്യവിപണനഫോറം





8) സെക്രട്ടറി - മത്സ്യവിപണനഫോറം
9) എക്സിക്യുട്ടീവ് അംഗം- 1000 കുടുംബങ്ങൾ വരെ ഉള്ള ഇടവകകളിൽ നിന്ന് ഒരു എക്സിക്യുട്ടീവ് അംഗവും 1000-ൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകയിൽ നിന്ന് രണ്ട് അംഗങ്ങളും.

**ii. ഫെറോന സമിതി**

1) ജനറൽബോഡി

ഫെറോനയിലെ എല്ലാ ഇടവകകളുടെയും എക്സിക്യുട്ടീവ് അംഗങ്ങൾ ഉൾപ്പെടുന്നതാണ് ഫെറോന ജനറൽ ബോഡി. ഇവരിൽ നിന്ന് ഫെറോന എക്സിക്യുട്ടീവ് സമിതിയെ തെരെഞ്ഞെടുക്കുന്നു.

**ഔദ്യോഗിക ഭാരവാഹികൾ**

യൂണിറ്റിൽ നിന്നും ശുശ്രൂഷാസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഇടവകയിലെയും അംഗങ്ങൾ ചേർന്ന് ഔദ്യോഗിക ാരവാഹികളെ തെരെഞ്ഞെടുക്കുന്നു.

1. ഫെറോന വൈദിക കോർഡിനേറ്റർ
2. സെക്രട്ടറി / കൺവീനർ
3. ജോയിന്റ് സെക്രട്ടറി
4. ഖജാൻജി

**അംഗങ്ങൾ**

5) പ്രതിനിധി - റ്റി.എം.എഫ്

6) പ്രതിനിധി - റ്റി.എം.എഫ്

7) പ്രതിനിധി - മത്സ്യവിപണനഫോറം

8) പ്രതിനിധി - മത്സ്യവിപണനഫോറം

9) എക്സിക്യൂട്ടീവ് അംഗം- 3000 കുടുംബങ്ങൾ വരെ ഉള്ള ഫെറോനകളിൽ നിന്ന് ഒരു എക്സിക്യൂട്ടീവ് അംഗവും 3000-ൽ കൂടുതൽ കുടുംബങ്ങളുള്ള ഫെറോനകളിൽ നിന്ന് രണ്ട് അംഗങ്ങളും.

ഫെറോന എക്സിക്യൂട്ടീവ് സമിതിയിൽ അംഗത്വം ലഭിക്കാത്ത ഫെറോനകളിൽ നിന്ന് ഒരംഗത്തെ വീതം എക്സിക്യൂട്ടീവ് സമിതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**iii. അതിരൂപതാ സമിതി**

ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്നായിരിക്കും അതിരൂപതാ ജനറൽ ബോഡി. ഇവരിൽ നിന്നും അതിരൂപത എക്സിക്യൂട്ടീവിനെ തെരെഞ്ഞെടുക്കുന്നു.

**അംഗങ്ങൾ**

1. അതിരൂപതാ കോർഡിനേറ്റർ
2. അതിരൂപതാ ശുശ്രൂഷാ സമിതി കോർഡിനേറ്റർ
3. സെക്രട്ടറി / കൺവീനർ





4. ജോയിന്റ് സെക്രട്ടറി
5. ഖജാൻജി
6. പ്രതിനിധി - റ്റി.എം.എഫ്

7) പ്രതിനിധി - റ്റി.എം.എഫ്

8) പ്രതിനിധി - മത്സ്യവിപണനഫോറം

9) പ്രതിനിധി - മത്സ്യവിപണനഫോറം

10) എക്സിക്യൂട്ടീവ് അംഗം - ഭാരവാഹിത്വം ലഭിക്കാത്ത ഫെറോനകളിൽ നിന്ന് ഒരു എക്സിക്യൂട്ടീവ് അംഗത്തെ വീതം തെരെഞ്ഞെടുക്കേണ്ടതാണ്.

## IV സാമ്പത്തികം

1. ഇടവക-ഫെറോന തലങ്ങളിൽ ശുശ്രൂഷയുടെ നടത്തിപ്പിനായി മൊത്തം വരുമാനത്തിന്റെ 10% വീതം വകയിരുത്തേണ്ടതാണ്. (സാമൂഹികശുശ്രൂഷ - 2.5%, വിദ്യാ ്യാസം 2.5%, മറ്റു വികസനം- 5%)

## V. സമിതിയുടെ കാലാവധി

ഇടവക-ഫെറോന-അതിരൂപതാ തലങ്ങളിൽ തെരെഞ്ഞെടുക്കപ്പെടുന്ന സമിതിയുടെ കാലാവധി 2 വർഷം ആയിരിക്കും. ഒരംഗം 2 തവണയിൽ കൂടുതൽ തുടർച്ചയായി തെരെഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല.

# 13TH ARCHDIOCESAN PASTORAL COUNCIL 2019-2020

## Archdiocese of Trivandrum

### Anjengo Forane

| | | |
|---|---|---|
| 1. | | Anjengo |
| 2. | • | Arayathuruthy |
| 3. | • | Attingal |
| 4. | • | Ayroor |
| 5. | | Chembavu |
| 6. | | Mampally |
| 7. | | Moongode |
| 8. | | Poothura |
| 9. | | Thazhampally |
| 10. | | Venniyode |

### Pettah Forane

| | | |
|---|---|---|
| 1. | | Cheruvakkal |
| 2. | | Kariavattom |
| 3. | | Kumarapuram |
| 4. | | Monvila |
| 5. | | Muttada |
| 6. | | Pettah |
| 7. | | Pongummoodu |
| 8. | • | Sreekaryam |
| 9. | • | Vikas Nagar |

### Kovalam Forane

| | | |
|---|---|---|
| 1. | • | Kovalam |
| 2. | | Kakkamoola |
| 3. | | Karakkamandapam |
| 4. | | Palappoor |
| 5 | | Paruthikuzhi & Edayar(1) |
| 6 | | Peringamala |
| 7 | | Poonthura |
| 8 | • | Vizhinjam |

### Puthukurichy Forane

| | | |
|---|---|---|
| 1 | | Fathimapuram |
| 2 | | Kochuthura |
| 3 | | Marianad |
| 4 | | Pallithura |
| 5 | | Puthenthope |
| 6 | | |
| 7 | | |
| 8 | • | St. Andrew's |
| 9 | • | St. Dominic's |
| 10 | • | Thumba |
| 11 | | Vettuthura |





### Palayam Forane

| | | |
|---|---|---|
| 1. | | Christurajapuram |
| 2. | | Kanjirampara |
| 3 | | Killipalam |
| 4 | | Kudappanakunnu |
| 5 | | Kulasekharam |
| 6 | | Malamughal |
| 7 | | Manacaud |
| 8 | | Mudavanmughal |
| 9 | | Nanthancode |
| 10 | • | Nettayam |
| 11 | • | Palayam |
| 12 | • | Peroorkada |
| 13 | • | Poozhikunnu |
| 14 | • | Thrikkannapuram |
| 15 | | Thycaud |
| 16 | | Vellayambalam |

### Pulluvila Forane

| | | |
|---|---|---|
| 1 | | Adimalathura |
| 2 | | Karumkulam |
| 3 | | Kochupally |
| 4 | • | Kochuthura |
| 5 | • | Lourdupuram |
| 6 | • | Nambiyathi |
| 7 | • | Pallom |
| 8 | | Paruthiyoor |
| 9 | | Poovar |
| 10 | | Pulluvila |
| 11 | | Puthiyathura |
| 12 | | South Kollemcode |

### Kazhakuttom Forane

| | | |
|---|---|---|
| 1. | • | Kazhakuttom, Fathimamatha |
| 2. | • | Kazhakuttom, St.Joseph's |
| 3. | | Koithoorkonam |
| 4. | | Mangalapuram |
| 5. | | Murukkumpuzha |
| 6. | | Njandurkonam |
| 7. | | Thundathil |

### Thoothoor Forane

| | | |
|---|---|---|
| 1 | • | Chinnathurai |
| 2 | • | Eraviputhenthurai |
| 3 | | Erayimmenthurai |
| 4 | | Marthandanthurai |
| 5 | | Neerody |
| 6 | | Poothurai |
| 7 | | Thoothoor |
| 8 | | Vallavila |

### Valiathura Forane

| | | |
|---|---|---|
| 1 | | Cheriathura |
| 2 | | Cheruvettucaud |
| 3 | | Kannanthura |
| 4 | • | Kochuthope |
| 5 | • | Kochuveli |
| 6 | • | Thope |
| 7 | | Valiaveli |
| 8 | | Vettucaud |
| 9 | | Valiathura, St. Antony's |
| 10 | | Valiathura, St. Xavier's |

Those parishes carrying the ● sign has to send **women - representatives**. This rotation is to ensure 30% women representation in the Archdiocesan Pastoral Council.

**Rev. Dr. Edison Y.M.**
Chancellor

**† Soosa Pakiam M**
Archbishop of Trivandrum





**Metropolitan Tribunal News**
**November-2018**

| | | |
|---|---|---|
| Number of Cases at the beginning of 2018 November | - | 224 |
| Received Cases in the Month of November | - | 010 |
| Total | = | 234 |

Decreed Case - 10

Balance Cases = 234-10 = 224

## ***Decreed Cases : 10***

1. Case No: MTLAT/31/2016 between Wilfred and Judy Antony
2. Case No: MTLAT/68/2016 between Merlin William and Antony Joseph
3. Case No: MTLAT/46/2017 between Shailaja Wilfred and Heldon Roj (Vinod)
4. Case No: MTLAT/62/2016 between Soniya and Ajay John (Thampiran)
5. Case No: MTLAT/36/2015 between Dileep Wilfred and Mary Jessica
6. Case No: MTLAT/33/2016 between Lawrence and Jincy
7. Case No: MTLAT/25/2015 between Johny and Preetha
8. Case No: MTLAT/32/2016 between Linda Paul and Angelo George
9. Case No: MTLAT/56/2016 between Maria Antonett and Fazil
10. Case No: MTLAT/20/2016 Brilliance and Prasanna

**Fr. Jose G.**
Judicial Vicar

# ബിസിസി

## അതിരൂപതാതലം

**1. ആനിമേറ്റേഴ്സിന്റെയും റിസോഴ്സ് ടീം അംഗങ്ങളുടെയും യോഗം 06.11.2018**

06.11.2018 ൽ ബി.സി.സി. ആനിമേറ്റേഴ്സിന്റെയും റിസോഴ്സ് ടീമിന്റെയും യോഗത്തിൽ കെ.ആർ.എൽ.സി.സി. നിർദ്ദേശിച്ച 'ലത്തീൻ സമുദായത്തിന്റെ വികസനം വിദ്യാഭ്യാസത്തിലൂടെ' എന്ന വിഷയത്തിന്മേൽ വിപുലമായി സംവദിക്കുകയും ബി. സി. സി. നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് തെരഞ്ഞെടുപ്പിനു ശേഷവും നടത്തുന്ന പരിശീലനക്കളരികളിൽ ഉപയോഗിക്കുവാൻ ആവശ്യമായ പഠന സഹായികൾ ഏറ്റവും ഫലപ്രദവും ആകർഷകവുമായ രീതിയിൽ തയ്യാറാക്കണമെന്ന് അഭിപ്രായപ്പെട്ടു.

**2. നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള പരിശീലനം**

08.11.2018 ൽ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഫെറോന പരിശീലകർക്കുള്ള പരിശീലനം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഈ പരിശീലകർക്കുള്ള മൊഡ്യൂൾസ് തയ്യാറാക്കിയതും പരിശീലനം നൽകിയതും ഫാ. മൈക്കൾ തോമസ്, ഫാ. സുരേഷ് പയസ്, നിക്സൻ ലോപ്പസ്, അജിത്ത് പെരേര, ജാക്സൺ എന്നിവരുടെ നേതൃത്വത്തിലായിരുന്നു.

**3. അതിരൂപതാ ടീം ഫെറോന സന്ദർശിച്ചു**

അഞ്ചുതെങ്ങ്, വലിയതുറ, കോവളം, തൂത്തൂർ, പുല്ലുവിള എന്നീ അഞ്ചു ഫെറോനകളിൽ ബഹുമാനപ്പെട്ട മൈക്കളച്ചനും സുരേഷച്ചനും ഫെറോന വികാരി, വൈദിക ബി.സി.സി. കോർഡിനേറ്റർ സിസ്റ്റർ ആനിമേറ്റർ എന്നിവരെ സന്ദർശിച്ച് തെരഞ്ഞെടുപ്പിന്റെ പ്രധാന്യത്തെ കുറിച്ചും നിലവിലുള്ള ബി. സി.സി. സംവിധാനങ്ങളെയും പ്രവർത്തനങ്ങളെയും സൃഷ്ടിപരമായി വിലയിരുത്തുകയും എപ്രകാരം രൂപതാ മെച്ചപ്പെടുത്താം എന്നും ചർച്ച ചെയ്തു. ബിസിസി സമിതി പുതിയ വർഷം മുതൽ ഫെറോനാ സമിതിയെയും ഇടവക സമിതികളെയും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുവാനും സൃഷ്ടിപരമായി നിർദ്ദേശങ്ങൾ പരസ്പരം പങ്കുവക്കുവാൻ ആഗ്രഹിക്കുന്നതായും അറിയിച്ചു. ഈ നിർദ്ദേശം സന്ദർശിച്ച എല്ലാ ഫെറോനകളും സ്വാഗതം ചെയ്തു. സന്ദർശിക്കാത്ത നാല് ഫെറോനകളും വരും നാളുകളിൽ സന്ദർശിക്കുന്നതായിരിക്കും. തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള ഫെറോനാതല പരിശീലനം പുല്ലുവിള, തൂത്തൂർ, പുതുക്കുറിച്ചി, അഞ്ചുതെങ്ങ്, വലിയതുറ, കഴക്കൂട്ടം, കോവളം എന്നീ ഫെറോനകളിൽ അതിരൂപതാ ബിസിസി കമ്മീഷന്റെയും ഫെറോനാ ബിസിസി കമ്മീഷന്റെയും സംയുക്ത നേതൃത്വത്തിൽ ഓരോ ഇടവകയിലും നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പിന് സഹായിക്കുന്നവർക്കുള്ള പരിശീലനം സംഘടിപ്പിച്ചു.

**4. ഹോം മിഷൻ ടീമിന്റെ ഒരുക്കധ്യാനം**

ഫാ. മൈക്കൾ തോമസിന്റെ നേതൃത്വത്തിൽ മോൺ. നിക്കോളാസ്, ഫാ. അഭിലാഷ്, ഫാ. സുരേഷ് പയസ് ശ്രീമാൻ അജിത് പെരേര, ശ്രീമാൻ നിക്സൻ ലോപ്പസ് എന്നിവരുടെ സഹകരണത്തോടെ നവംബർ മാസം 13, 14 തീയതികളിൽ ഹോം മിഷൻ ടീമിലെ സന്യസ്തർക്ക് വെട്ടുതുറ കനോഷ്യൻ കോൺവെന്റിൽ വച്ച് ആത്മീയ ഉണർവ് നൽകുന്ന ധ്യാനവും ടീമിന്റെ പ്രവർത്തന വിലയിരുത്തലും നടത്തി.

**5. വെണ്ണിയോട് ഹോം മിഷൻ**

അഞ്ചുതെങ്ങ് ഫെറോനയിലെ വെണ്ണിയോട് ഇടവകയിലും ഉപ ഇടവകയായ വർക്കലയിലും നവംബർ 26 മുതൽ ഡിസംബർ 1 വരെ ഹോം മിഷൻ സന്യസ്തർ ഭവനസന്ദർശനം നടത്തി. ശുശ്രൂഷാ പങ്കാളിത്തത്തിന് ആക്കം കൂട്ടുവാനും നവനേതൃത്വത്തിനും വേണ്ടി ഇടവക ജനങ്ങളെ ഒരുക്കുവാനും ഹോം മിഷൻ ടീം നേതൃത്വം നല്കി. ഇടവകയിലെ ഹോം മിഷൻ

പ്രവർത്തനങ്ങളുടെ ഭാഗമായി ഡിസംബർ 1-ാം തീയതി യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും സെമിനാറുകൾ നടത്തി.

6. **ഇടവക തെരഞ്ഞെടുപ്പിന് ഹോം മിഷൻ ടീമിന്റെ പങ്കാളിത്തം**

പുതിയ തെരഞ്ഞെടുപ്പിന് ഇടവക വൈദികരുടെ ആവശ്യാനുസരണം ഹോം മിഷൻ സന്യാസിനികൾ അടിമലത്തുറ, പൂവ്വാർ, പാളയം, പേട്ട, കൊല്ലങ്കോട്, പരുത്തിയൂർ, വെട്ടുകാട്, തുമ്പ എന്നീ ഇടവകകൾ സന്ദർശിച്ച് അവിടത്തെ ബി.സി.സി. യൂണിറ്റിലെയും പാരീഷ് തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ സഹായിക്കുന്നു.

## അഞ്ചുതെങ്ങ് ഫെറോന

ഒക്ടോബർ 30-ാം തീയതി ബിസിസി എക്സി. ഡയറക്ടർ ബഹു. മൈക്കിൾ തോമസ് അച്ചന്റെ അദ്ധ്യക്ഷതയിൽ റിസോഴ്സ് ടീം അംഗങ്ങൾക്കുവേണ്ടിയുള്ള ഒരു മീറ്റിംഗ് കൂടി. മീറ്റിംഗിൽ ഓരോ ഫെറോനയിൽനിന്നും ഈ വരുന്ന തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനും സംഘാടനത്തിനുമായി ടീംമിനെ അതിരൂപതാ ടീംമിനെ നിർദ്ദേശിക്കുകയും അതിൽ അഞ്ചുതെങ്ങ് ഫെറോനയിൽ നിന്നും 5 പേരുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയും ചെയ്തു. അവർ 8-ാം തീയതി വെള്ളയമ്പലത്ത് ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച പരിശീലന ക്ലാസ്സിൽ പങ്കെടുത്തു.

നവംബർ 13, 14, 15 തീയതികളിൽ വെട്ടുതുറ കനോഷ്യൻ സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ ഹോം മിഷൻ ടീം സിസ്റ്റേഴ്സിനും, ബിസിസി ആനിമേറ്റേഴ്സിനും വേണ്ടി സംഘടിപ്പിച്ചു. ധ്യാനത്തിൽ അഞ്ചുതെങ്ങ് ഫെറോനയിൽനിന്നും ബിസിസി ആനിമേറ്റർ പങ്കെടുത്തു.

നവംബർ 11-ാം തീയതി അഞ്ചുതെങ്ങിൽ ഫെറോനസമിതി യോഗം കൂടി ബഹു. ഫെറോനവികാരി അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ അതിരൂപതയിൽ നിന്നും ബിസിസി അസിസ്റ്റന്റ് എക്സി. സെക്രട്ടറി ബഹു. സുരേഷ് അച്ചനും ശ്രീമാൻ അജിത്തും തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും തെരഞ്ഞെടുക്കപ്പെടുന്നവർക്കു ഉണ്ടായിരിക്കേണ്ട ഗുണങ്ങളെയും കുറിച്ച് ക്ലാസ്സ് നല്കി. യോഗത്തിൽ എല്ലാ ഇടവകയിൽ നിന്നും സജീവമായി പങ്കെടുത്തു.





നവംബർ 12-ാം തീയതി രൂപതയിൽ നിന്നും എക്സി. സെക്രട്ടറിയും, അസിസ്റ്റന്റും ഔദ്യോഗികമായി ഫെറോന ബിസിസി സമിതിയെ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നല്കി. ഫെറോനവികാരി ബഹു.ഫാ.ജോസഫ് ബാസ്ക്കർ, വൈദിക കോർഡിനേറ്റർ ബഹു. ഫാ. ബിജിൻ ബിസിസി ഫെറോന സെക്രട്ടറി, ആനിമേറ്റർ സെൽവി, റിസോഴ്സ് ടീം പ്രതിനിധി ആന്റണി ദേവദാസ് എന്നിവർ സന്നിഹിതരായിരുന്നു. അഞ്ചുതെങ്ങ് ഫെറോന സജീവമായി പ്രവർത്തിക്കുന്നതിനുവേണ്ടി പൂർണ്ണ സഹായസഹകരണവും പിൻതുണയും തരാമെന്ന് ഉറപ്പുതരുകയും ചെയ്തു.

**ഇടവകതലം**

**ആറ്റിങ്ങൽ:** ഒക്ടോബർ മാസത്തിൽ കുടുംബകൂട്ടായ്മയിലെ ലീഡർമാർ വിമലഹൃദയ പ്രതിഷ്ഠ നടത്തി. കാരുണ്യപ്രവർത്തിയുടെ ഭാഗമായി ജപമാല നടത്തുന്ന ഭവനങ്ങളിൽ നിന്നും ആഘോഷമായ ചടങ്ങുകൾ ചുരുക്കി ധനസമാഹരണം നടത്തി ഇടവകയുടെ കാരുണ്യപ്രവർത്തിയിൽ പങ്കുചേരാൻ തീരുമാനിച്ചു.

വൈകുന്നേരം സമ്പൂർണ്ണ ജപമാലയും ആഘോഷമായ ദിവ്യബലിയോടുകൂടി ആചരിച്ചു. ഈ അവസരത്തിൽ മൂന്നു യൂണിറ്റുകളിലേയും പങ്കാളിത്തം ഉണ്ടായിരുന്നു.

നവംബർ 25-ാം തീയതി ക്രിസ്തുരാജന്റെ തിരുന്നാൾ ദിനത്തിൽ അതിരൂപതാ ബിസിസി ഡയറക്ടർ ബഹു. മൈക്കിൾ തോമസ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും തുടർന്ന് തെരഞ്ഞെടുപ്പിനെക്കുറിച്ചും, ശുശ്രൂഷ സമിതി ലീഡർമാരുടെ ചുമതലയെക്കുറിച്ചും ഒരു ക്ലാസ്സ് നല്കിയ

തിനുശേഷം മൂന്നു യൂണിറ്റുകളിലെയും തെരഞ്ഞെടുപ്പിന് നേതൃത്വം നല്കി.

**വെന്നിക്കോട്:** ഇടവകയിൽ നവംബർ 4-ാം തീയതി ജനറൽബോഡി ബിസിസി എക്സി. സെക്രട്ടറി ബഹു. മൈക്കിൾ തോമസ് അച്ചന്റെ നേതൃത്വത്തിൽ ബിസിസി ജനറൽബോഡി കൂടി. യോഗത്തിൽ ഹോം മിഷന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ലക്ഷ്യത്തെക്കുറിച്ചും വിശദീകരിക്കുകയും തുടർന്ന് നവംബർ 26 മുതൽ ഡിസംബർ ഒന്നു വരെ ഇടവകയിൽ ഹോം മിഷൻ നടത്താൻ തീരുമാനിച്ചു. രൂപതയിൽ നിന്നും 20 സിസറ്റേഴ്സ് അടങ്ങുന്ന 4 വൈദീകരും ഹോം മിഷൻ ടീം, ദിവ്യബലി, ദിവ്യ കാരുണ്യ ആരാധന, കുമ്പസാരം, കൗൺസിലിംഗ്, യുവജന ങ്ങളുടെയും കുട്ടികളുടെയും സെമിനാർ ശുശ്രൂഷാതല റിപ്പോർട്ട് അവതരണം, ഇടവകകൗൺസിൽ യോഗം എന്നിവർക്ക് നേതൃത്വം നല്കി. സമാപന ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ച അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയു ടെയും പുനലൂർ രൂപതാദ്ധ്യക്ഷൻ സിൽവസ്റ്റർ പൊന്നുമുത്തൻ പിതാവിന്റെയും പുനലൂർ രൂപതയിലെ ഹോം മിഷൻ പ്രവർത്തന ങ്ങളെക്കുറിച്ച് പഠിക്കാനെത്തിയ നാല് സിസ്റ്റേഴ്സിന്റേയും രണ്ട് വൈദീകരുടെയും സാന്നിദ്ധ്യം ഏറെ പ്രചോദനകരവും അഭിനന്ദനാർഹവുമായിരുന്നു.

**വർക്കല:** വെന്നിക്കോട് ഇടവകയുടെ സബ്സ്റ്റേഷനായ വർക്കല ഇടവകയെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെയും, ആനന്ദത്തിന്റെയും ഒരു മാസമാണ് നവംബർമാസം. ഒക്ടോബർ 18-ാം തീയതി ഇടവക മദ്ധ്യസ്ഥനായ സെന്റ് ജെയിംസിന്റെയും പരിശുദ്ധ അമ്മയുടെയും തിരുന്നാൾ സംയുക്തമായി ആഘോഷിച്ചു. പൊന്തിഫിക്കൽ ദിവ്യബലി റൈറ്റ്.റവ.ഡോ.ക്രിസ്തുദാസ് പിതാവ് അർപ്പിക്കുകയും ചെയ്തു. വർക്കലമക്കൾക്ക് ഒരു നവദേവാലയം എന്നത് ഒരു സ്വപ്നമായിരുന്നു. അത്





സാക്ഷാത്കരിച്ചതിന് ദൈവത്തിന് ഒരായിരം നന്ദി. 27-ാം തീയതി വർക്കല ഇടവകയിൽ ഹോം മിഷൻ നടന്നു. സിസ്റ്റേഴ്സിന്റെ സാന്നിധ്യം ഞങ്ങളുടെ പാവപ്പെട്ട കുടുംബങ്ങളിൽ സന്തോഷം നല്കി. മനസ്സ് തുറന്ന് സംസാരിക്കാൻ ഒരവസരവും ലഭിച്ചു.

| | |
|---|---|
| **ഫാ. ബിജിൻ** | **സി. ജനറ്റ് റോച്ച ആർ.എസ്.സി** |
| കോർഡിനേറ്റർ | ആനിമേറ്റർ |

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ എല്ലാ ഇടവകകളിലും യൂണിറ്റ്തലത്തിൽ തെരഞ്ഞെടുപ്പ് ഒരുക്കങ്ങളും, അനുബന്ധ ബോധവൽക്കരണക്ലാസ്സുകളും നടക്കുന്നു.

പേട്ട സെന്റ് ആൻസ് ദേവാലയത്തിൽ സൺഡേ ക്ലാസ്സ് വിദ്യാർത്ഥികളും, അദ്ധ്യാപകരും മിഷൻപ്രോഗ്രാം നടത്തി. കുട്ടികൾ സ്കിറ്റുകൾ അവതരിപ്പിച്ചു. ഒക്ടോബർ മാസത്തിലെ വിദ്യാരംഭ ദിനത്തിൽ വികാരിയച്ചൻ കുഞ്ഞുങ്ങൾക്കു വിദ്യാരംഭം നടത്തി.

തെരഞ്ഞെടുപ്പ് ഒരുക്കത്തിന്റെ ഭാഗമായി നവംബർ മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച ദിവ്യബലിക്കുശേഷം വിജ്ഞാപനം അറിയിച്ചു. അന്നു ഉച്ചയ്ക്കുശേഷം 3 മണിക്ക് അടിയന്തിരമായി ജനറൽബോഡി വിളിച്ചുകൂട്ടി, തെരഞ്ഞെടുപ്പിന്റെ നിബന്ധനകളെക്കുറിച്ച് ബോധവൽക്കരണം നടത്തി. രഹസ്യ ബാലറ്റ് വഴി തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. ഡിസംബർ 2-ന് ദേവാലയത്തിൽ വച്ച് 24 യൂണിറ്റുകളിലും ഒരേ സമയം തെരഞ്ഞെടുപ്പ് നടത്തുമെന്ന് പ്രഖ്യാപിച്ചു. ബിസിസി യൂണിറ്റുക ളിലെ ഹാജർ പുസ്തകവും, വോട്ടുള്ളവരുടെ കുടുംബലിസ്റ്റും വികാരിയച്ചനെ 25-നു മുൻപായി ഏല്പിക്കണമെന്നു നിർദ്ദേശിച്ചു.

കുമാരപുരം ഇടവകയിൽ 15, 16, 17 തീയതികളിൽ തെരഞ്ഞെടുപ്പു നടന്നു.

പുഷ്പഗിരി ഇടവകയിൽ 12, 14 തീയതികളിൽ തെരഞ്ഞെടുപ്പു നടന്നു.

പോങ്ങുംമൂട് ഇടവകയിൽ തെരഞ്ഞെടുപ്പു ബോധവൽക്കരണം നടക്കുന്നു. നവംബർ 25-ന് തെരഞ്ഞെടുപ്പ് നടന്നു.

ശ്രീകാര്യം ഇടവകയിൽ തെരഞ്ഞെടുപ്പ് മുന്നൊരുക്ക ക്ലാസ്സുകൾ യൂണിറ്റുകളിൽ നടത്തി. തെരഞ്ഞെടുപ്പ് കമ്മിറ്റിയെ നിയമിച്ചു. ഫെറോനാ സെക്രട്ടറി ശ്രീമതി. കവിതാ ജേക്കബിനെ തെരഞ്ഞെടുപ്പു കമ്മിറ്റിയിലെടുത്തു. നവംബർ 25-ന് തെരഞ്ഞെടുപ്പ് നടത്തി. വികാസ്നഗറിൽ നവംബർ 18, 19, 20, 21 ദിവസങ്ങളിൽ തെരഞ്ഞെടുപ്പു നടത്തി.

കുശവർക്കൽ തെരഞ്ഞെടുപ്പു ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. നവംബർ മാസം 25-ന് തെരഞ്ഞെടുപ്പ്.

കുന്നുംപുറം തെരഞ്ഞെടുപ്പ് ബോധവൽക്കരണ ക്ലാസ്സുകൾ വാർഡ് മീറ്റിംഗ് വിളിച്ചു കൂട്ടി. നവംബർ മാസം 1, 4, 8, 10 തീയതികളിൽ മുട്ടട ഇടവകയിൽ തെരഞ്ഞെടുപ്പു ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. തെരഞ്ഞെടുപ്പു 18 മുതൽ ആരംഭിച്ചു. റിഡംപ്റ്ററിസ്റ്റ് ജൂബിലിയുടെ ഭാഗമായി 18-11-2018 ഞായറാഴ്ച ഉച്ചയ്ക്ക് 2.30-ന് മുട്ടട പാരീഷ് ഹാളിൽവച്ച് ചിത്രരചനാമത്സരം 'ജൂബിലിസദ്വര 18' നടത്തി. വിജയികൾക്ക് സമ്മാനം സമുദായദിനത്തിന് നൽകും.

മൺവിള ഇടവകയിൽ തെരഞ്ഞെടുപ്പ് ബോധവൽക്കരണ ക്ലാസ്സുകൾ വികാരിയച്ചൻ നടത്തി. നവംബർ മാസം 25-ാം തീയതി തെരഞ്ഞെടുപ്പ് പൂർത്തിയാക്കി

പുല്ലുകാട് സബ്സ്റ്റേഷൻ ദേവാലയത്തിലെ ബിസിസിക്കു വേണ്ടി മൺവിള ഡോൺബോസ്കോ കോൺവെന്റിൽ വച്ച് നവംബർ 18-ാം തീയതി 10 മണിക്ക് ബഹു. ആൽബർട്ട് അച്ചനും, സിസ്റ്റേഴ്സും ടീം അംഗങ്ങളും തെരഞ്ഞെടുപ്പിനെക്കുറിച്ചു ക്ലാസ് നൽകി. നവംബർ 25-ന് തെരഞ്ഞെടുപ്പ് നിശ്ചയിച്ചു. മുട്ടടയിലെ ചിത്രരചനാ മത്സരത്തിൽ പുല്ലുകാട് ദേവാലയത്തിൽ നിന്നും 2 കുട്ടികളെ പങ്കെടുപ്പിച്ചു.





**ആഗ്നസ് ബേബി**
ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

സെമിനാർ സംഘടിപ്പിച്ചു

ബിസിസി പുതുക്കുറിച്ചി ഫെറോനാ സമിതിയുടെ നേതൃത്വത്തിൽ പാരീഷ്കൗൺസിൽ നിയമാവലിയും നവനേതൃത്വത്തിന്റെ ഉത്തര വാദിത്വവും എന്ന വിഷയത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. 11-11-2018 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വെട്ടുതുറ പാരീഷ് ഹാളിൽ വച്ച് സംഘടിപ്പിച്ച സെമിനാറിൽ 10 ഇടവകയിൽ നിന്നും 89 അംഗങ്ങൾ പങ്കെടുത്തു. സെമിനാറിന് പുതുക്കുറിച്ചി ബിസിസി ഫെറോനാ വൈദിക കോർഡിനേറ്റർ ഫാ.ആശിലിൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. വെട്ടുതുറ ഇടവക വികാരി ഫാ.ജെറോ അൽഫോൺസ് സെമിനാർ ഉദ്ഘാടനം ചെയ്തു. വെട്ടുതുറ ബിസിസി കോർഡിനേറ്റർ ശ്രീമതി. ബ്ലെയ്സി ഡിക്സൺ സ്വാഗതം അർപ്പിച്ചു. തുടർന്നു തിരുവനന്തപുരം അതിരൂപതാ ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടഫി ഫാ.മൈക്കൽ തോമസ് ഇടയ നേതൃത്വത്തെക്കുറിച്ചും നിയമാവലിയിലെ ഭേദഗതികളുടെയും തെരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങളെ കുറിച്ച് ക്ലാസ് ശ്രീമാൻ നിക്സൺ ലോപ്പസും എടുത്തു. തുടർന്ന് സെമിനാറിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ക്ലാസിന് നേതൃത്വം നല്കിയവർക്കും ബിസിസി പുതുക്കുറിച്ചി ഫെറോനാ സെക്രട്ടറി എഡിസൺ ആൻഡ്രൂസ് നന്ദി അർപ്പിച്ചു.

**ഫാ. ആഷ്ലിൻ ജോസ്**
കോഓർഡിനേറ്റർ

**സി. മേരി ഹെലൻ**
ആനിമേറ്റർ

**കഴക്കൂട്ടം ഫെറോന**

ഫെറോനതലം

നവംബർ 18-ാം തീയതി ഫെറോന വികാരിയുടെ അദ്ധ്യക്ഷതയിൽ ഫെറോന കൗൺസിൽ നടന്നു. ഫെറോനയിലെ എല്ലാ വൈദികരുടെയും സാന്നിധ്യം ഉണ്ടായിരുന്നു. ഫെറോന കൗൺസിൽ വിളിച്ചു കൂട്ടിയതിന്റെ ആവശ്യകത ഫെറോനവികാരി വിശദീകരിച്ചു. ഫെറോന രൂപീകരണത്തിനുശേഷം നടന്ന ബിസിസി കമ്മീഷന്റെയും 6 ശുശ്രൂഷ സമിതികളുടെയും പ്ലാനും ബഡ്ജറ്റിന്റെയും അടിസ്ഥാനത്തിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിശദീകരണവും, വിലയിരുത്തലും ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒപ്പം നവനേതൃതെരഞ്ഞെടുപ്പ് ഒരുക്ക പരിശീലനവും.

ഫെറോനാ സെക്രട്ടറി ശ്രീ. ഫ്രഡറിക് റ്റി.പെരേര, ബിസിസി കമ്മിഷന്റെയും ശുശ്രൂഷസമിതികളുടെയും ഏപ്രിൽ മുതൽ നവംബർ 17 വരെയുള്ള പ്രവർത്തന റിപ്പോർട്ട് വളരെ വിശദമായി അവതരിപ്പിച്ചു. ഫെറോനയിൽ 7 ഇടവകകൾ, 7 സബ്സ്റ്റേഷനുകൾ ആകെ 55 ബിസിസി യൂണിറ്റുകൾ പരിമിതികൾ ധാരാളം -ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും മറ്റു ഫെറോനയ്ക്കൊപ്പമോ, ഒരുപടി മുൻപിലോ എത്താൻ കഴക്കൂട്ടം ഫെറോനയ്ക്കു സാധിക്കും എന്ന വിലയിരുത്തലാണ് റിപ്പോർട്ട് അവതരണത്തിനുശേഷം ലഭിച്ച പ്രതികരണം. തുടർന്ന് റവ.ഫാ. എ.ആർ.ജോൺ ഓഖി ദുരന്തവാർഷികാചരണത്തോടൊപ്പം നവംബർ 28, 29 തീയതികളിൽ അതിരൂപതാതലത്തിൽ നടത്താൻ പോകുന്ന കാര്യപരിപാടികളുടെയും ഡിസംബർ 9-ന് നടക്കുന്ന സമുദായസംഗമത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും സമുദായ അംഗങ്ങളുടെ പങ്കാളിത്തം ഈ രണ്ടു കാര്യങ്ങളിലും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു.

തുടർന്ന് നവനേതൃതെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും നേതൃനിരയിൽ വരേണ്ടവർക്ക് ഉണ്ടായിരിക്കേണ്ട





ഇടയമനോഭാവത്തെക്കുറിച്ചും ബിസിസി അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ റവ,ഫാ. സുരേഷ് പയസും ശ്രീ. അജിത്ത് പെരേരയും ക്ലാസ്സുകൾ നയിച്ചു. ഫെറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമായി 36 പേർ ഫെറോന കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. ഫെറോനയിലെ എല്ലാ ഇടവകകളിലും എല്ലാ യൂണിറ്റ് യോഗങ്ങളും നടന്നു. തെരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ ആയിരുന്നു പ്രധാന വിഷയം തെരഞ്ഞെടുക്കുന്നവർക്കുള്ള ഫെറോനതല പരിശീലനം ഡിസംബർ 16-ന് നടത്തുവാനും തീരുമാനിച്ചു.

**ഇടവകതലം:**

**മുരുക്കുംപുഴ**: ഇടവക ജനറൽബോഡി 11-ാം തീയതി നടന്നു. തെരഞ്ഞെടുപ്പു ഒരുക്കങ്ങൾ നടത്തി. യൂണിറ്റു തെരഞ്ഞെടുപ്പ് തീയതികളും തീരുമാനിച്ചു. അതിന്റെ വെളിച്ചത്തിൽ യൂണിറ്റുകളിൽ തെരഞ്ഞെടുപ്പു നടന്നുവരുന്നു.

**ഫാത്തിമമാതാ കഴക്കൂട്ടം:** ഇടവക ദേവാലയത്തിന്റെ രജതജൂബിലി ഒക്ടോബർ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ പൊന്തിഫിക്കൽ ദിവ്യബലിയോടുകൂടി ആഘോഷിച്ചു. ഇടവകയിൽ ഭവനമില്ലാത്ത ഒരു കുടുംബത്തിൽ രജത ജൂബിലി സ്മാരകമായ് ഒരു ഭവനം നിർമ്മിച്ചു നല്കി. അതിന്റെ താക്കോൽ ദാനം അഭിവന്ദ്യ ക്രിസ്തുദാസ്പിതാവ് നിർവഹിച്ചു. ഒപ്പം ദേവാലയനിർമ്മാണത്തിന് റവ. ഫാ. റെയ്മണ്ട് ജോയിയോടൊപ്പം പ്രവർത്തിച്ച കമ്മിറ്റി അംഗങ്ങളെയും ഈ ദേവാലയത്തിൽ തുടർ സേവനം നടത്തിയ വൈദികരെയും തദവസരത്തിൽ ആദരിച്ചു. തെരഞ്ഞെടുപ്പിനു മുന്നോടിയായ് യൂണിറ്റ് വിഭജനം നടന്നുവരുന്നു. ജനറൽബോഡിയോഗം 11-ന് നടന്നു.

**സെന്റ് ജോസഫ് കഴക്കൂട്ടം:** നവംബർ 18-ന് ജനറൽബോഡി യോഗം നടന്നു. ബിസിസി ശുശ്രൂഷസമിതികളുടെ പ്രവർത്തന വിലയിരുത്തൽ നടന്നു. തെരഞ്ഞെടുപ്പ് ഒരുക്കവും തീയതിയും തീരുമാനിച്ചു. അതിൻപ്രകാരം തെരഞ്ഞെടുപ്പു നടന്നുവരുന്നു.

**കാര്യവട്ടം:** ഇടവകമദ്ധ്യസ്ഥ തിരുന്നാൾ ഒരുക്കമായ് ഭവനങ്ങൾതോറും നടത്തിവന്ന ക്രിസ്തുരാജസ്വരൂപ പ്രയാണം

സമാപിച്ചു. തിരുനാൾ കൊടിയേറ്റും നടന്നു. 25-ന് തിരുന്നാൾ സമാപനം- തുടർന്ന് തെരഞ്ഞെടുപ്പ് പ്രക്രിയയുമായ് മുന്നോട്ടു പോകാനാണ് തീരുമാനം.

**ഞാണ്ടൂർക്കോണം:** ഡിസംബർ ആദ്യവാരം തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചു. എല്ലാ യൂണിറ്റു യോഗങ്ങളും നടന്നു. ആവുകുളം സബ്സ്റ്റേഷൻ ദേവാലയത്തിൽ വിമലമാതാ തിരുന്നാൾ ഡിസംബർ 7, 8, 9 തീയതികളിൽ നടത്താൻ തീരുമാനിച്ചു. യൂണിറ്റ്തലത്തിൽ തെരഞ്ഞെടുപ്പു ഒരുക്കങ്ങൾ നടത്തിവരുന്നു.

**തുണ്ടത്തിൽ**: നവംബർ 25-30 വരെ യൂണിറ്റ്തല തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചു. ബിസിസി കോർഡിനേറ്ററും, സിസ്റ്റർ ആനിമേറ്ററും തെരഞ്ഞെടുപ്പിനു മുന്നോടിയായി ഭവനങ്ങൾ സന്ദർശിച്ചു. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിവരുന്നു. എല്ലാ യൂണിറ്റ് യോഗങ്ങളും നടന്നു.

**കൊയ്ത്തൂർക്കോണം:** യൂണിറ്റ് യോഗങ്ങൾ എല്ലാം നടന്നു. തെരഞ്ഞെടുപ്പു ക്രമീകരണങ്ങളുടെ ഭാഗമായ് ഓരോ യൂണിറ്റിലെയും അംഗങ്ങളുടെ പേരുവിവരം തയ്യാറാക്കി അവരെ തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഡിസംബർ 2-ന് ദിവ്യബലിക്കുശേഷം ദേവാലയത്തിൽ വച്ചു തെരഞ്ഞെടുപ്പു നടത്താനുള്ളരീതിയിൽ ക്രമീകരണം നടക്കുന്നു.

**ഫാ. തോമസ് നെറ്റോ** — കോഓർഡിനേറ്റർ

**ഫ്രഡറിക് പെരേര** — ആനിമേറ്റർ

**~~പാളയം ഫെറോന~~**

**ഫെറോനതലം**

ബിസിസി ഫെറോന എക്സിക്യൂട്ടീവ് യോഗം കൂടി. തെരഞ്ഞെടുപ്പു യൂണിറ്റുതലത്തിലും ഇടവകതലത്തിലും നടത്തേണ്ട കാര്യങ്ങൾ, തയ്യാറെടുപ്പുകൾ ചർച്ച ചെയ്തു. മുന്നൊരുക്കമായി നവംബറിലെ വചനജ്വാലയും, തെരഞ്ഞെടുപ്പു വിജ്ഞാപനവും നല്കുന്ന സമയക്രമവും, തെരഞ്ഞെടുക്കപ്പെടേ





ണ്ടവരുടെ യോഗ്യതകളും യൂണിറ്റുതലത്തിലും ഇടവകതലത്തിലും എത്തിക്കുവാനുള്ള ഉത്തരവാദിത്വം ബിസിസി കോർഡിനേറ്റർമാരെയും റിസ്സോഴ്സ് ടീം അംഗങ്ങളെയും ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

ഫെറോന കമ്മീഷൻ യോഗം ആനിമേഷൻ സെന്റർ 51-ാം നമ്പർ ഹാളിൽ വൈദീക കോർഡിനേറ്റർ റവ.ഫാ, ആന്റണി സിൽവസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടി. അതിനുമുന്നോടിയായി 4 മണി മുതൽ 5 മണി വരെ ബ്രിജിറ്റൈൻസ് കോൺവെന്റ് ചാപ്പലിൽ ദിവ്യകാരുണ്യആരാധനയ്ക്കും ജപമാല മദ്ധ്യസ്ഥപ്രാർത്ഥന റവ.സിസ്റ്റർ റാണി, ഫെറോന ബിസിസി സെക്രട്ടറി ജോസഫ് രത്നരാജ് എന്നിവർ നേതൃത്വം നല്കി.

**പാളയം കത്തീഡ്രൽ**: ഇടവകവികാരി, സഹവികാരിമാർ, കോർഡിനേറ്റർ ഇടവക തെരഞ്ഞെടുപ്പു സമിതി എന്നിവർ എല്ലാ വാർഡുകളിലും യൂണിറ്റുകളിലും വേണ്ട ഒരുക്കം നടത്തി. 20-ാം തീയതി എല്ലാ വാർഡിലും യൂണിറ്റുകളിലും ഹോം മിഷൻ സിസ്റ്റർമാരുടെ സഹായത്തോടെ തെരഞ്ഞെടുപ്പു പൂർത്തിയാക്കി. 21-ാം തീയതി കോർഡിനേറ്റർ, ശുശ്രൂഷാസമിതി കൺവീനർമാർ എന്നിവരെ തെരഞ്ഞെടുത്തു. നവനേതൃത്വത്തിനുവേണ്ട പരിശീലനം പ്ലാൻ ചെയ്യുന്നു. അനന്തപുരി സാന്താഫെസ്റ്റിനുള്ള ഒരുക്കത്തിന് നേതൃത്വം വഹിക്കുന്നു.

**മലമുകൾ**: എല്ലാ യൂണിറ്റുകളും ദേവാലയത്തിൽ ദിവ്യബലി കഴിഞ്ഞ് യൂണിറ്റടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പും തുടർന്ന് കൗൺസിൽ അംഗങ്ങളേയും തെരഞ്ഞെടുത്തു.

നന്തൻകോട്, കുറവൻകോണം വേണ്ട ഒരുക്കത്തിനുശേഷം 25-ാം തീയതിയും രണ്ടാം തീയതിയും നടത്തുന്നു.

**ക്രിസ്തുരാജപുരം, കുലശേഖരം**: എന്നീ ഇടവകകളിൽ ക്രിസ്തുരാജന്റെ തിരുന്നാളിനോടനുബന്ധിച്ച് ഒരുക്ക ധ്യാനവും പ്രദക്ഷിണവും മറ്റു പരിപാടികളുമായതിനാൽ തെരഞ്ഞെടുപ്പ് രണ്ടാം തീയതിക്കു നടത്താനുള്ള തയ്യാറെടുപ്പിലാണ്.

**കിളളിപ്പാലം**: 25-ാം തീയതി ദിവ്യബലിക്കുശേഷം ഇടവക പരിസരത്തുവച്ച് യൂണിറ്റ്തല തെരഞ്ഞെടുപ്പും തുടർന്ന് പാരീഷ് കൗൺസിലും തെരഞ്ഞെടുത്തു.

**തൃക്കണ്ണാപുരം**: 11, 18 തീയതികളിൽ വിശദീകരണങ്ങൾ നല്കി. 25 മുതൽ ഡിസംബർ ഒൻപതുവരെയുളള സമയംകൊണ്ട് തെരഞ്ഞെടുപ്പു പൂർത്തിയാക്കും.

**പേരൂർക്കട**: 18-ാം തീയതി മുതൽ 25 വരെയുളള സമയങ്ങളിൽ തെരഞ്ഞെടുപ്പു പൂർത്തിയാക്കി.

**മുടവൻമുഗൾ**: 11, 18 തീയതികളിൽ ഇടയലേഖനം കുർബ്ബാന മദ്ധ്യേ വായിച്ചു വിശദീകരിച്ചശേഷം കമ്മറ്റിയുടെ തീരുമാനവും കഴിഞ്ഞ് യൂണിറ്റുകളുടെ തെരഞ്ഞെടുപ്പ് രണ്ടാം തീയതിയും 8-ാം തീയതിയും പളളിയങ്കണത്തിൽ വച്ചു നടത്തുന്നതിന് തീരുമാനിച്ചു. വൈദീകരും സിസ്റ്റേഴ്സും കൗൺസിൽ അംഗങ്ങളും യൂണിറ്റുകളെ അതിനായി ഒരുക്കി,

**കാച്ചാണി**: 25-ാം തീയതി തെരഞ്ഞെടുപ്പു പൂർത്തിയാക്കി. കാഞ്ഞിരംപാറ 2-ാം തീയതി തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചു.

**പുന്നയ്ക്കാമുഗൾ**: 25-ാം തീയതി രണ്ടു യൂണിറ്റുകളിലും തെരഞ്ഞെടുപ്പു നടന്നു.

**പൂഴിക്കുന്ന്**: വിശുദ്ധ അന്തോണീസിന്റെ തിരുശേഷിപ്പുളള പളളി പുതുക്കി പണിതു വെഞ്ചരിപ്പു രണ്ടാം തീയതി നടന്നു കഴിഞ്ഞ് ഡിസംബർ ആദ്യവാരം തെരഞ്ഞെടുപ്പു നടത്താൻ പ്ലാനിട്ടിരിക്കുന്നു.

**ഫാ. ആന്റണി സിൽവസ്റ്റർ** — **വൈ. സെബാസ്റ്റ്യൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ

### വലിയതുറ ഫെറോന

9-ാം തീയതി കമ്മീഷൻ മീറ്റിംഗ് ബഹു. ലാസർ അച്ചന്റെ





നേതൃത്വത്തിൽ നടന്നു. 12-ാം തീയതി ബഹു. മൈക്കിൾ അച്ചനും ബഹു. സുരേഷ് അച്ചനും ഫെറോന സെന്ററിൽ വരുകയും ഫെറോനതല പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ഇലക്ഷൻ തുടർ പരിശീലന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കുകയും ചെയ്തു. ഫെറോന റിസോഴ്സ് ടീമിന് ഇലക്ഷനോടനുബന്ധിച്ച് അതിരൂപതയിൽ ക്ലാസ്സ് നൽകുകയും, തുടർന്ന് ഫെറോന ടീം ബിസിസി കമ്മീഷൻ മീറ്റിംഗിൽ അവതരിപ്പിക്കുകയും ചെയ്തു.

ഫെറോന ടീം, വേളി, കൊച്ചുവേളി, ചെറുവെട്ടുകാട്, സെന്റ് സേവ്യഴ്സ് വലിയതുറ എന്നീ ഇടവകകളിൽ ജനറൽബോഡിയിൽ തെരഞ്ഞെടുപ്പിനെക്കുറിച്ചുളള ക്ലാസ്സ് നൽകി.

**വേളി**: 11-ാം തീയതി തെരഞ്ഞെടുപ്പിനെക്കുറിച്ചും ശുശ്രൂഷകളെക്കുറിച്ചുമുളള ക്ലാസ്സ് നല്കി. 19-ാം തീയതി മുതൽ തെരഞ്ഞെടുപ്പ് തുടങ്ങുകയും ചെയ്തു.

**കൊച്ചുവേളി**: 4-ാം തീയതി തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഒരുക്ക ക്ലാസ്സ് "ഇടയനേതൃത്വം" ബഹു. മൈക്കിൾ അച്ചന്റെ നേതൃത്വത്തിൽ നടന്നു. 26-ാം തീയതി മുതൽ തെരഞ്ഞെടുപ്പ് ആരംഭിച്ചു.

**ചെറുവെട്ടുകാട്**: 11-ാം തീയതി തെരഞ്ഞെടുപ്പിന്റെ മുൻ ഒരുക്ക ക്ലാസ്സ് ജനറൽബോഡിക്ക് ഫെറോന ടീമിന്റെ നേതൃത്വത്തിൽ നടന്നു. ലോഗോസ് മത്സരത്തിൽ 82 പേർ ഇടവകയിൽ നിന്ന് പങ്കെടുത്തു. ആറു യൂണിറ്റുകളും യൂണിറ്റ് വാർഷികം നല്ല രീതിയിൽ കലാപരിപാടികളോടുകൂടി നടത്തുകയും കൂട്ടായ്മ അനുഭവം പങ്കുവയ്ക്കുകയും ചെയ്തു. അതിരൂപതാ 'ജപമാലറാലി സമാപനം' ഇടവക മക്കളുടെ സജീവപങ്കാളിത്തമുണ്ടായിരുന്നു.

**കണ്ണാന്തുറ**: ബഹു. ലാസർ അച്ചന്റെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളും ഇടവകതല റിസോഴ്സ് ടീമിനൊപ്പം ചേർന്ന് തെരഞ്ഞെടുപ്പു പ്രക്രിയകൾ നല്ല രീതിയിൽ നടത്തിക്കൊണ്ടു

പോകുന്നു. ബിസിസിയുടെ നേതൃത്വത്തിൽ ഐ ക്യാമ്പ്, ക്ലീനിംഗ് തുടങ്ങീ കാരുണ്യ പ്രവർത്തനങ്ങളും നടന്നുവരുന്നു.

**കൊച്ചുതോപ്പ്:** ഫാത്തിമമാതാവിന്റെ തിരുനാൾ ബഹു. ജോയി അച്ചന്റെ നേതൃത്വത്തിൽ 14-ാം തീയതി നടത്തി. ലോഗോസിന് ഉന്നത വിജയം നേടിയ മൂന്നു കുട്ടികളെ ഇടവകയിൽ അനുമോദിക്കുകയും ചെയ്തു.

**വലിയതുറ**: തെരഞ്ഞെടുപ്പ് പ്രക്രിയകൾ നല്ല രീതിയിൽ ബഹു. മെൽക്കൺ അച്ചന്റെ നേതൃത്വത്തിൽ നടത്തുന്നു. 22-ാം തീയതി മുതൽ തെരഞ്ഞെടുപ്പ് ആരംഭിച്ചു.

**ഫാ. ലാസർ ബെനഡിക്ട്** — **സി. എം. ഹേമ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**കോവളം ഫെറോന**

കോവളം ഫെറോനയുടെ ബിസിസി കമ്മീഷൻ യോഗം ഒക്ടോബർ നാലാം ഞായറാഴ്ച ആഴാകുളം ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട സുരേഷ് പയസ് അച്ചന്റെ നേതൃത്വത്തിൽ നടത്തി. പ്രസ്തുതയോഗത്തിൽ എല്ലാ ഇടവക കോർഡിനേറ്റർമാരും സിസ്റ്റർ ആനിമേറ്റേഴ്സും സജീവമായി പങ്കെടുത്തു. ഇടവക റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. എപ്രകാരം ഇടവക യൂണിറ്റുകളെ തെരഞ്ഞെടുപ്പിന് വേണ്ടി തയ്യാറാക്കണമെന്ന് തെരഞ്ഞെടുക്കപ്പെടുന്നവർ എപ്രകാരം ഉള്ളവരായിരിക്കണം അവരുടെ ലക്ഷ്യം എന്തായിരിക്കണം എന്നും സിസ്റ്റർ അറിയിച്ചു. ബഹുമാനപ്പെട്ട സുരേഷച്ചൻ എല്ലാ ലീഡേഴ്സിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തി എല്ലാവരും അവരുടെ പ്രവർത്തനത്തിൽ ഉണ്ടായ സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവച്ചു എല്ലാ ലീഡേഴ്സും അവരുടെ യൂണിറ്റ് കുടുംബങ്ങൾ സന്ദർശിക്കണം എന്നും അച്ചൻ അറിയിച്ചു.





നവംബർ മാസത്തിൽ മരിച്ച വിശ്വാസികൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥനയും പൂജയും എല്ലാ ഇടവകകളിലും നടന്നു തെരഞ്ഞെടുപ്പിന് വേണ്ടി നടത്തിയ ഒരുക്ക ക്ലാസ്സിൽ എല്ലാ ഇടവകകളിൽ നിന്നും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ഫെറോനാവികാരി ബെബിൻസൻ അച്ചന്റെ നേതൃത്വത്തിലാണ് ക്ലാസ്സ് ഒരുക്കിയത് ബഹുമാനപ്പെട്ട സുരേഷ് അച്ചനും, നിക്സൻ സാറും ക്ലാസ്സുകൾ നൽകി ക്ലാസ്സിൽ ഫെറോനയിലെ എല്ലാ വികാരിയച്ചന്മാരും പങ്കെടുത്തു.

ഫെറോനയിലെ ക്ലാസ്സിനെ തുടർന്ന് ഇടവകകളിൽ ബോധവൽക്കരണ ക്ലാസ്സുകളും തെരഞ്ഞെടുപ്പും നടന്നുവരുന്നു.

**ഫാ. സനീഷ്** — **സി.ജമിനി ഏലിയാസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പുല്ലുവിള ഫെറോന**

പുല്ലുവിള ഫെറോനയിൽ 10-11-2018 ശനിയാഴ്ച 2.30 മുതൽ 5 മണി വരെ ബിസിസി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി. രൂപത ബിസിസി ഡയറക്ടർ ഫാ.മൈക്കിൾ തോമസ്, ശ്രീ. അജിത്ത് പെരേര എന്നിവർ ക്ലാസ്സുകൾ എടുത്തു. തെരഞ്ഞെടുപ്പിനു മുമ്പായി ഈ ക്ലാസ്സ് എല്ലാ ഇടവകകളിലും നടത്തുന്നതും നല്ലതായിരിക്കാം എന്നു പറഞ്ഞു. അതനുസരിച്ചു ചൊവ്വര, അടിമലത്തുറ,കൊച്ചുതുറ, കൊല്ലങ്കോട് ഇടവകകളിൽ ക്ലാസ്സുകൾ എടുത്തു എങ്ങനെയാണ് തെരഞ്ഞെടുപ്പു നടത്തേണ്ടത് എന്ന് പറഞ്ഞുകൊടുത്തു. പരിശീലന പരിപാടിയിൽ എല്ലാ ഇടവകകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. 12-11-18 തിങ്കളാഴ്ച 3 മണിക്കു പുല്ലുവിള ഫെറോനവികാരി എല്ലാ സിസ്റ്റർ ആനിമേറ്റർമാരേയും കോർഡിനേറ്റർമാരെയും റിസോഴ്സു ടീം അംഗങ്ങളെയും ഫെറോന ബിസിസി കോർഡിനേറ്റർ, സി. ആനിമേറ്റർ എന്നിവരെ വിളിച്ചുകൂട്ടുകയും രൂപത ഡയറക്ടർ ഫാ.മൈക്കിൾ തോമസ് തെരഞ്ഞെടുപ്പു നടത്തുന്നതിൽ എല്ലാവരുടെയും ഉത്തരവാദിത്വ

ത്തെയും പങ്കാളിത്തത്തെയും കുറിച്ചു അവബോധം നല്കി. ലൂർദ്ദുപുരം ഇടവകയിൽ വാർഡു കൺവൻഷൻ നടത്തി. ചൊവ്വരാ തെരഞ്ഞെടുപ്പു നടത്തി. അതിരൂപതാ ടീമിന്റെ സഹായത്തോടെ നവംബർ 24-ാം തീയതി അടിമലത്തുറയിലും പൂവ്വാറിലും ഡിസംബർ 2-ാം തീയതി പുല്ലുവിളയും തെരഞ്ഞെടുപ്പ് നടത്തി. മറ്റു ഇടവകകളിൽ ഡിസംബർ 2, 8, 9 തീയതികളിൽ നടത്തുന്നതായിരിക്കും.

**ഫാ. നിജു അജിത്ത്** — **സി. മേരിക്കുട്ടി**

കോഓർഡിനേറ്റർ — ആനിമേറ്റർ

**തൂത്തൂർ ഫെറോന**

കമ്മീഷൻ യോഗവും ബിസിസി നവനേതൃത്വത്തിലേക്കുള്ള തെരഞ്ഞെടുപ്പിനായുള്ള മുന്നൊരുക്ക പരിശീലനവും ഒക്ടോബർ 13-നും നവംബർ 10-നും നടത്തുകയുണ്ടായി. രണ്ടു യോഗങ്ങളിലും 8 ഇടവകയുടെയും പങ്കാളിത്തം ഉണ്ടായിരുന്നു. ഒക്ടോബർ മാസത്തിൽ നടന്ന യോഗത്തിൽ 73 അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കികൊണ്ട് ബഹുമാനപ്പെട്ട വൈദീകരുടെയും ഇടവകസമിതി അംഗങ്ങളുടെയും സാന്നിദ്ധ്യം ഏറെ അഭിനന്ദനാർഹമായിരുന്നു. പ്രസ്തുത യോഗത്തിൽ ബഹുമാനപ്പെട്ട ഫെറോനവികാരി ആൻഡ്രൂസ് കോസ്മോസ് അച്ചൻ ആമുഖമായി തെരഞ്ഞെടുപ്പിന് ചെയ്യേണ്ട ക്രമീകരണങ്ങളെക്കുറിച്ചും പരിഷ്ക്കരിച്ച നിയമാവലിയും പുതുതായി കൂട്ടിച്ചേർക്കപ്പെട്ട ശുശ്രൂഷയെയും പരിചയപ്പെടുത്തുകയുണ്ടായി. തുടർന്ന് റിസോഴ്സ് അംഗങ്ങളായ ശ്രീമാൻ ക്രിസ്തുദാസ്, ശ്രീമതി ഗ്രേസി, ശ്രീമതി ജനറ്റ് എന്നിവർ നേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്കുണ്ടായിരിക്കേണ്ട





യോഗ്യതകൾ, കഴിവുകൾ, അവരുടെ ഉത്തരവാദിത്വങ്ങൾ തുടങ്ങിയവ അവതരിപ്പിച്ചു. കോർഡിനേറ്റർ ജേക്കബ് അച്ചൻ തെരഞ്ഞെടുപ്പ് സമിതി ഫെറോനതലത്തിൽ രൂപീകരിക്കുകയും ചെയ്തു.

രൂപത നിർദ്ദേശിച്ചിരുന്ന ഒക്ടോബർ 7 വല്ലാർപാടത്ത് വച്ച് മാതാവിന്റെ വിമലഹൃദയത്തിന് നടത്തിയ സമർപ്പണത്തിന്റെ വാർഷിക ദിനാചരണവും വിമലഹൃദയപ്രതിഷ്ഠ ഫെറോന തലത്തിൽ ജപമാല റാലി നടത്തിയതിനാൽ ഫെറോന ആനിമേറ്റർ സി. ആൽബീന പ്രതിഷ്ഠവാചകം ചൊല്ലികൊടുത്ത് ഇന്നേദിവസം 13-ന് ഫെറോനയെ മാതാവിന് എല്ലാവരും ചേർന്ന് സമർപ്പിച്ചു പ്രാർത്ഥിച്ചു. നവംബർ 10-ന് നടന്ന യോഗത്തിൽ 47 പേരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഈ യോഗത്തിലും അതിനുമുൻപ് നടത്തിയ എക്സി. യോഗത്തിലും അതിരൂപതയെ പ്രതിനിധീകരിച്ച് സുരേഷ് പയസ് അച്ചന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അച്ചൻ വീണ്ടും ഇടവക സമൂഹത്തെ ശുശ്രൂഷാ മനോഭാവത്തോടെ നയിക്കുവാനും ഈശോയുടെ ദൗത്യം ഇന്നത്തെ സാഹചര്യങ്ങളിൽ ശരിയായി നിർവഹിക്കാനും സാധിക്കുന്ന നല്ലൊരു നേതൃത്വത്തെയാണ് തിരഞ്ഞെടുക്കേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട് അവരുടെ ഉത്തരവാദിത്വങ്ങളെയും കടമകളെയും യോഗ്യതകളെയും തിരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെയും വ്യക്തമാക്കി. ഒപ്പം ഏതൊരാവശ്യത്തിനും സഹായത്തിനും രൂപതാ ടീം സന്നദ്ധരാണെന്നും ഓർമ്മപ്പെടുത്തി. 9-11-2018 നടന്ന എക്സി. വച്ച് സുരേഷച്ചൻ ഫെറോനയിലെ 8 ഇടവകളെപ്പറ്റിയും ചോദിച്ചറിഞ്ഞു. കോർഡിനേറ്റർമാർ തങ്ങളുടെ ഇടവകയെ സംബന്ധിക്കുന്ന പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട വികാരി അച്ചന്മാരുടെ സാന്നിദ്ധ്യം തങ്ങളുടെ

ആളുകളോടുള്ള സ്നേഹവും പ്രതിബദ്ധതയും നിറഞ്ഞ ഇടയ ധർമ്മത്തിന്റെ തീക്ഷ്ണത വ്യക്തമാക്കുന്നതായിരുന്നു എന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഫെറോനയിൽ നിന്നും റിസോഴ്സ് അംഗങ്ങൾ രാമേശ്വരം, ഓരിയൂർ, ധനുഷ്കോടീ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് പരസ്പരം ബന്ധങ്ങളും സൗഹൃദം വളർത്തുകയുണ്ടായി. 6-11-18 ഫെറോനയോഗം ചേർന്നു. ഇരയുമെൻ തുറയ്, തൂത്തൂർ, പൂത്തുറയ് ഒഴിച്ചുള്ള എല്ലാ ഇടവകകളിലും ലീഡേഴ്സ് യോഗം നടന്നു. യോഗത്തിൽ നവനേതൃത്വവും അതിനുള്ള മുന്നൊരുക്കങ്ങളും ഉൾപ്പെടുത്തിയി രുന്നു. പൂത്തുറയിൽ യൂണിറ്റുകൾ അതാത് വാർഡുകളിൽ ഒരുമിച്ചുകൂടി ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ അദ്ധ്യക്ഷതയിൽ വാർഡ് വാർഷികം ആഘോഷിച്ചു. ഇരയിമ്മൻതുറയിൽ ബഹുമാന പ്പെട്ട വികാരി ഫാ. ആൻസെലേം ആന്റണി സിഎം.ഐ എല്ലാവർക്കും ബൈബിൾ നല്കുകയും നിർബന്ധമായും പള്ളിയിൽ കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്തതിന്റെ വെളിച്ചത്തിൽ എല്ലാവരും ബൈബിൾ കൊണ്ടുവരികയും വചന വായനയിൽ ഉപയോഗിച്ചും വരുന്നു. തൂത്തൂർ, നീരോടി ഇടവക ക്രിസ്തുരാജതിരുനാൾ ആഘോഷിച്ചും അതുപോലെ വള്ളവിള ഇടവകയിൽ ക്രിസ്തുരാജത്വതിരുനാൾ രാവിലെ 7.30 തുടങ്ങി 5.30-ന് സമാപിച്ച വാർഡ് തിരിച്ചുള്ള ദിവ്യകാരുണ്യ ആരാധനയും അതിനുശേഷം ദിവ്യബലിയുടെ ആഘോഷത്തോടെ സമാപിക്കുകയുണ്ടായി. ഇ.പി. തുറയിൽ വിശുദ്ധ കത്രീനയുടെ തിരുനാളിനോട് അനുബന്ധിച്ച് കുട്ടികളുടെ സ്ഥൈര്യലേപനവും രോഗികൾക്ക് രോഗീലേപന ശുശ്രൂഷയും നടത്തി. ചിന്നത്തുറ, മാർത്താണ്ഡംതുറ ഇടവകകളിൽ ഒരു ദിവസം മുഴുവനും നീണ്ടനിന്ന അഖണ്ഡ ജപമാല നടത്തി.

**ഫാ. ജേക്കബ് സ്റ്റെല്ലസ്** — കോഓർഡിനേറ്റർ

**സി. ആൽബിന** — ആനിമേറ്റർ





# അജപാലനശുശ്രൂഷ

## കഴക്കൂട്ടം ഫെറോന

നവംബർ 13-ാം തീയതി അജപാലനസമിതി യോഗം കഴക്കൂട്ടം ഫെറോന സെന്ററിൽ വച്ച് കൂടി. ഡിസംബറിൽ അൾത്താരബാലന്മാരുടെ കൂട്ടായ്മ നടത്തുവാൻ തീരുമാനിച്ചു.

**മതബോധനം:** മതബോധന ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 28-ന് നടത്തുകയുണ്ടായി. ഡിസംബറിൽ അദ്ധ്യാപകരുടെ ധ്യാനം കാരമൂട് ബിഷപ്പ് പെരേര സ്കൂളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. മതബോധന സമിതിയോഗം നവംബർ 25-ന് പള്ളിപ്പുറം അമ്മത്രേസ്യ പള്ളിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു. നവംബർ 4-ാം തീയതി എല്ലാ ഇടവകകളിലും അദ്ധ്യാപകദിനമായി ആചരിച്ചു.

**ഫാ. ജോസഫ് എൽക്കിൻ** — കോഓർഡിനേറ്റർ

**ജൂലിയറ്റ് പോൾ** — ആനിമേറ്റർ

## പാളയം ഫെറോന

4-11-2018 ഞായറാഴ്ച ക്രിസ്തീയ വിശ്വാസജീവിത പരിശീലന സമിതിയുടെ നേതൃത്വത്തിൽ അദ്ധ്യാപക സെമിനാർ (വി. ചാൾസ് ബൊറോമിയ ദിനാചരണത്തിന്റെ ഭാഗമായി) 2.30-ന് വെള്ളയമ്പലം പാരീഷ്ഹാളിൽ വച്ച് റവ.ഫാ.ലോറൻസ് കുലാസ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക പ്രബോധനമായ "ആനന്ദിച്ചാഹ്ലാദിക്കുവിൻ" എന്നതിനെകുറിച്ച് ക്ലാസ്സ് നയിച്ചു.

അഭിവന്ദ്യ ക്രിസ്തുദാസ് സഹായമെത്രാൻ ഉദ്ഘാടനം നിർവ്വഹിച്ചു. പാളയം ഫെറോനവികാരി വെരി.റവ.ഡോ.മോൺ. നിക്കോളസ് താർസിയൂസ് അദ്ധ്യക്ഷപദം അലങ്കരിച്ചു. റവ.ഫാ.

മുത്തപ്പൻ അപ്പോലി ഈ പരിപാടിയ്ക്ക് നേതൃത്വം നല്കി.

25 വർഷവും അതിൽ കൂടുതലും സേവനം അനുഷ്ഠിച്ച വിവിധ ഇടവകകളിലെ 25 അദ്ധ്യാപകരെ ആദരിക്കുകയുണ്ടായി. വെള്ളയമ്പലം ഇടവക വികാരി റവ.ഫാ.ജോസ്.ജി പങ്കെടുത്ത് എല്ലാവർക്കും നന്ദി അർപ്പിച്ചു.

**ഫാ. മുത്തപ്പൻ അപ്പോളി** — കോഓർഡിനേറ്റർ

**ജൂലി ഡയനേഷ്യസ്** — ആനിമേറ്റർ

## വലിയതുറ ഫെറോന

നവംബർ മാസം 4-ാം തീയതി ഡയറക്ടർ മെൽക്കോണച്ചന്റെ നേതൃത്വത്തിൽ വൈകുന്നേരം 5.30-ന് ഫെറോനാസെന്റർ തോപ്പിൽവച്ച് ജനറൽബോഡിയോഗം കൂടുകയും യോഗത്തിൽ കഴിഞ്ഞ പ്രവർത്തനങ്ങൾ വിലയിരുത്തുകയും റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്തു.

നവംബർ മാസം 4-ാം തീയതി ചെറിയതുറ കമ്മ്യൂണിറ്റിഹാളിൽ 2 മണി മുതൽ അധ്യാപകസംഗമം നടത്തുകയും ഇതിൽ ഇടവകവികാരിമാരും ഡയറക്ടറും ഫെറോനാ വികാരിയും അധ്യാപകരും പങ്കെടുത്തു. ഇതിൽ വച്ച് 25 വർഷം പൂർത്തീകരിച്ച 10 അധ്യാപകരെ ആദരിച്ചു. വിവിധ കലാപരിപാടികൾ നടത്തി.

16-ാം തീയതി 9.30 മുതൽ 3.30 വരെ ലീഡേഴ്സ് സെമിനാർ കൊച്ചുവേളി കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുകയും ഇതിൽ 120 ലീഡേഴ്സ് പങ്കെടുക്കുകയും കുട്ടികളെ രണ്ടു വിഭാഗമായി തിരിച്ച്, സി. സുനിത, ഫാ.വിഷാൽ എന്നിവർ ലീഡേഴ്സ്ഷിപ്പ് ക്വാളിറ്റിയെക്കുറിച്ച് ക്ലാസ് നല്കി.

18-11-2018 രാവിലെ ചെറിയതുറ ഇടവകയിൽ ക്യാറ്റീസം ഫെറോനാ ടീം സന്ദർശനം നടത്തി.





വലിയതുറ ഫെറോനയിൽനിന്നും 4405 പേർ ലോഗോസ് ക്വിസ്സിന് രൂപതയിൽ പേരുകൾ രജിസ്റ്റർ ചെയ്യുകയും 2345 പേർ പരീക്ഷ എഴുതുകയും ചെയ്തു.

**ഫാ. മെൽക്കോൺ** — വൈദിക കോർഡിനേറ്റർ

**മേരി ക്രിസ്റ്റി** — ആനിമേറ്റർ

## കോവളം ഫെറോന

മതബോധന അധ്യാപകരുടെ ഫെറോനാതലയോഗം കൂടി.

**ഷൈജ ആന്റണി**
ആനിമേറ്റർ

## പുല്ലുവിള ഫെറോന

അജപാലനസമിതി യോഗം 4-11-2018, 18-11-2018 എന്നീ തിയതികളിൽ, കരുംകുളം, പരുത്തിയൂർ എന്നീ ഇടവകകളിൽ വച്ച് 3 മണിക്ക് കോർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രസ്തുതയോഗത്തിൽ "സഭ ഐക്യ ക്രിസ്മസ് പരിപാടി സംഘടിപ്പിക്കുന്നതിന് 4-11-18-ലെ യോഗത്തിൽ തീരുമാനിച്ചു. ഇതിൽ സി.എസ്.ഐ, മലങ്കര, മാർത്തോമ എന്നീ സഭകളെ കൂടി സംഘടിപ്പിച്ചുള്ള പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**മതബോധനം**: 21-10-18-ൽ കൊച്ചുപള്ളി ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ. ശാന്തപ്പന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച യോഗത്തിൽ പദ്ധതി പ്രകാരം 3-11-18-ൽ പുതിയതുറ ഇടവകയിൽ വച്ച് അദ്ധ്യാപക സംഗമം നടത്തിയും പ്രസ്തുത യോഗത്തിൽ അദ്ധ്യാപകർക്കായി സെമിനാറും അതോടൊപ്പം സഹായമെത്രാൻ റൈറ്റ്. റവ. ക്രിസ്തുദാസ് പിതാവിന്റെ ദിവ്യബലിയും, അദ്ധ്യാപകർക്കായുള്ള ക്വിസ് കോമ്പറ്റിഷനും സംഘടിപ്പിച്ചു.

**ഫാ. അഗസ്റ്റിൻ ജോൺ** — കോഓർഡിനേറ്റർ

**മേരിത്രേസ്യ മൊറായിസ്** — ആനിമേറ്റർ

# കുടുംബപ്രേഷിത ശുശ്രൂഷ

അതിരൂപതാതലം

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെ മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ 10 തീയതിയും ഇന്റേൺഷിപ്പ് 17, 24 തീയതികളിലും നടക്കുകയുണ്ടായി. 35 പേർ പങ്കെടുക്കുന്ന കോഴ്സിന് ഫാ. എ. ആർ ജോൺ, ഫാ. ആൻഡ്രൂസ് കോസ്മോസ്, ഫാ. എഡിസൻ, ശ്രീ. യേശുദാസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 154 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.





ഇതുവരെയായി 115 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 110 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 8 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 4 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ ഏകസ്ഥരുടെ (വിവാഹിതരാകാതെ ജീവിക്കുന്നവരുടെ) അജപാലനം മുന്നിൽ കണ്ടുകൊണ്ട് നടത്തുന്ന കർമ്മ പരിപാടിയാണ് "ആരും തനിച്ചല്ല" - കരുണാമയൻ. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 30 അംഗങ്ങൾക്ക് ധനസഹായം നൽകുന്നു. അതിനോടൊപ്പം അവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു വരുന്നു.

വലിയതുറ ഫെറോനയിലെയും പാളയം ഫെറോനയിലെയും ഏകസ്തരുടെ ലിസ്റ്റ് ശേഖരിക്കുവാൻ സാധിച്ചു.

**ഓഖി സൈക്കോ സ്പിരിചൽ വെൽഫയർ**

കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ ഓഖി സൈക്കോ സ്പിരിചൽ വെൽഫയെർ പെൻഷൻ സ്കീം നടപ്പിലാക്കുന്നു. ഓഖിയിൽ നിന്നും മടങ്ങി വന്നവരിൽ ദൈനംദിന ചിലവുകൾക്കുപോലും കാശില്ലാതെ ജീവിതം ദുഃഖത്തിൽ തള്ളിനീക്കുന്ന 130 പേർക്കാണ് പ്രധാനമായും ഇത് നൽകുന്നത്.

**ഓഖി അനുധാവനത്തിന് ഒരു വയസ്സ് . . .**

ഓഖിയിൽ ജീവൻ നഷ്ടമായവരുടെയും തിരികെ വന്നവ

രുടെയും കുടുംബങ്ങളെ നിരന്തരം സന്ദർശിക്കുകയും മാനസിക മായി വിഷമതകൾ അനുഭവിക്കുന്നവർക്ക് കൗൺസിലിംഗ് നൽകിയും, അവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകിയും, ദൈനംദിനജീവിതത്തിൽ വിഷമിക്കുന്നവർക്ക് പെൻഷൻ വിതരണം ചെയ്തും കുടുംബപ്രേഷിത ശുശ്രൂഷ തങ്ങളുടെ അജ പാലനദൗത്യം തുടരുന്നു. ഇതിനകം തന്നെ 110 പേർക്ക് സാന്ത്വനം മംഗല്യം പദ്ധതിയിലൂടെ വിവാഹം സാക്ഷാത്ക്കരിക്കുവാനും , 35 വ്യക്തികളെ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്താനും ആയിരത്തി ലധികം പേർക്ക് കൗൺസിലിംഗ് സൗകര്യം നൽകാനും സാധിച്ചു.

ഓഖി ദുരന്തത്തിന് നവംബർ 29 ന് ഒരു വർഷം പൂർത്തി യായി. നവംബർ 28 ന് വൈകുന്നേരം വെള്ളയമ്പലം പാരീഷ് ഹാളിൽ വച്ച് അതിരൂപതാധ്യക്ഷൻ മോസ്റ്റ് റവ. ഡോ. സൂസപാക്യം അവർകളുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. ഈ യോഗത്തിൽ ഓഖി ദുരിന്തത്തിൽ അതിജീവിച്ചതിനുശേഷം തൊഴിലിന് പോകാൻ കഴിയാതെ അനുദിനം മുന്നോട്ടുപോകാൻ കഷ്ടപ്പെടുന്ന 130 പേർക്ക് കരുണാമയൻ പദ്ധതി വഴി പെൻഷൻ വിതരണവും സാന്ത്വനം മംഗല്യം പദ്ധതി വഴി ഓഖി ദുരന്തബാധിതരുടെയും സമാനസാഹചര്യത്തിൽ കഴിയുന്ന 35 കുടുംബങ്ങളിലെ പെൺക്കൾക്കുള്ള വിവാഹധന സഹായവിതരണവും നടന്നു. കേര ളസംസ്ക്കാര ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക്ക് ഉദ്ഘാ ടനം ചെയ്ത സമ്മേളനത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി മേഴ്സികുട്ടിയമ്മ മുഖ്യപ്രഭാഷണം നടത്തി.

**ഫെറോന ആനിമേറ്റേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാ





രുടെ ഈ മാസത്തിലെ യോഗം 21-ാം തീയതി കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടുകൂടി ആരം ഭിച്ച യോഗത്തിൽ ഓരോ ആനിമേറ്റർമാരും തങ്ങളുടെ ഫെറോന കളിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

28.11.2018 ന് നടക്കാനിരിക്കുന്ന ഓഖി അനുസ്മരണവും അതിനായി ചെയ്യേണ്ട ക്രമീകരണങ്ങളും ചർച്ച ചെയ്തു. ഓരോർത്തർക്കും ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ ഏൽപിച്ചു. അടുത്ത വർഷത്തെ കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

അടുത്ത മാസത്തെ മീറ്റിംഗ് ഡിസംബ് 5 ന് കൂടാമെന്ന് തുരുമാനിച്ചു.

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് ഒന്നാം ബാച്ച് സർട്ടിഫി ക്കറ്റ് വിതരണം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാ രത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒന്നാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം 28/11/2018 ന് വൈകുന്നേരം 3 മണിക്ക് നടന്ന ചടങ്ങിൽ തിരുവനന്തുരം അതിരൂപത സഹായമെത്രാൻ റൈറ്റ് റവ.ഡോ. ക്രിസ്തുദാസ് നിർവ്വഹിച്ചു. കേന്ദ്ര-കേരള സർക്കാ രുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് 38 പേരും പാസ്റ്ററൽ കൗൺസിലിംഗ് സർട്ടിഫിക്കറ്റ് 8 പേരും കൈപ്പറ്റി

**ഫെറോന തല പ്രവർത്തനങ്ങൾ**

**കോവളം ഫെറോന**

പൂന്തുറ, കാരയ്ക്കാമണ്ഡപം എന്നീ ഇടവകകളിലെ ഏകസ്ഥരെ സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ രൂപതയെ അറിയിച്ച് വേണ്ട സഹായങ്ങൾ നൽകുന്നതിനുള്ള തീരുമാനങ്ങൾ എടുത്തു. ദിവ്യബലിയിൽ സംബന്ധിക്കാൻ കഴിയാത്തവർക്ക് വി. കുർബാന നൽകുവാൻ സാധിച്ചു. പൂന്തുറ, വിഴിഞ്ഞം എന്നീ ഇടവകകളിൽ ഓഖിയിൽപ്പെട്ട് തിരിച്ചെത്തിയ സഹോദരങ്ങളെ സന്ദർശിച്ച് അവരെക്കുറിച്ചുള്ള റിപ്പോർട്ട് രൂപതയിൽ എത്തിച്ചു. കുടുംബങ്ങൾ ഒന്നിച്ച് പ്രാർത്ഥിക്കാനും പങ്കുവയ്ക്കാനും വേണ്ട പ്രോത്സാഹനം യൂണിറ്റുകളിൽ നൽകിവരുന്നു. രോഗികളായവരെയും മരണാസന്നരെയും സന്ദർശിക്കുകയും പ്രാർത്ഥിക്കുന്നകയും ചെയ്യുന്നതിന് കുടുംബങ്ങൾ മുന്നോട്ട് വരുന്നതിന് പ്രോത്സാഹിപ്പിക്കുന്നു.

**കഴക്കൂട്ടം ഫെറോന**

ഒക്ടോബർ 15-ന് നടന്ന ജോയിന്റ് ആനിമേറ്റേഴ്സ് യോഗത്തിനുശേഷം നടന്ന കുടുംബശുശ്രൂഷ എക്സിക്യൂട്ടീവ് യോഗ തീരുമാനം അനുസരിച്ച് ഫെറോനയിലെ എല്ലാ ഇടവകകളിൽനിന്നും വിധവകളുടെയും ഏകസ്ഥരുടെയും ലിസ്റ്റ് യൂണിറ്റ്തലത്തിൽ ശേഖരിക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഞാണ്ടൂർക്കോണം സെന്റ് ജോസഫ് കഴക്കൂട്ടം, ഫാത്തിമമാതാ കഴക്കൂട്ടം, മുരുക്കുംപുഴ, ഐ.ആർ.പി എഫ് എന്നിവിടങ്ങളിൽ ഈ പ്രക്രിയ പൂർത്തിയായി. ഞാണ്ടൂർകോണം മുരുക്കുംപുഴ ഇടവകകളിൽ ഇവരുടെ കൂടിവരവും നടന്നുവരുന്നു. കപ്പിൾസ് ഫോർ ക്രൈസ്റ്റ് കൂട്ടായ്മ ഞാണ്ടൂർകോണത്ത് ആരംഭിച്ചു





പ്രതിമാസ കൂടിവരവും നടക്കുന്നു. ഫാത്തിമമാതാ കഴക്കൂട്ടം അതിരൂപത കുടുംബശുശ്രൂഷ പദ്ധതികളായ കരുണാമയൻ, സാന്ത്വനംമംഗല്യം പദ്ധതികളിലേയ്ക്ക് സ്പോൺസർമാരെ കണ്ടെത്തി വരുന്നു. ഒപ്പം ഫെറോനതലത്തിൽ ഈ പദ്ധതികളുടെ ഗുണഭോക്താക്കളെയും സ്പോൺസർമാരെയും കണ്ടെത്തുവാനുള്ള ശ്രമവും നടക്കുന്നു.

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ എല്ലാ ഇടവകകളിലും ഒക്ടോബർ മാസം ജപമാല പ്രാർത്ഥന മാസമായി ആചരിച്ചു. ബി.സി.സി. യൂണീറ്റുകളുടെ നേതൃത്വത്തിൽ ഭവനങ്ങളിലും ദൈവാലയങ്ങളിലും യഥാക്രമം ജപമാല അർപ്പിച്ചു. ഒക്ടോബർ മാസം 31-ാം തീയതി ദിവ്യബലിയർപ്പണം അഖണ്ഡജപമാല, ജപമാല റാലി, ഇവയുമുണ്ടായിരുന്നു. മൺവിള ഇടവകയിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ പുല്ലുകാട് സബ്സേറ്റേഷൻ ഇടവയിലെ ബിയസി.സി. കോർഡിനേറ്റർ ശ്രീ. ജോണും കുടുംബ യൂണീറ്റ് അംഗങ്ങളും മൺവിള ദൈവാലയത്തിലെത്തി ജപമാല റാലിയിൽ പങ്കെടുത്തു. ഏകസ്ഥരുടെ ഭവനങ്ങൾ സന്ദർശിച്ചു വരുന്നു..

**പാളയം ഫെറോന**

ഫെറോനതല എക്സിക്യുട്ടീവ് യോഗം കൂടി മുൻമാസപ്രവർത്തനങ്ങൾ വിലയിരുത്തി. ഇനി നടക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു. ഫെറോന ജനറൽ ബോഡിയോഗം കൂടുവാൻ വേണ്ട ഒരുക്കങ്ങൾ നടത്തുവാൻ കോർഡിനേറ്ററുടെ യോഗത്തിൽ തീരുമാനമായി.

**ജനറൽ ബോഡി യോഗം:** 4.11.2018 ഞായറാഴ്ച ജനറൽബോഡി യോഗം പാളയം ഇടവക മദർതെരേസ ഹാളിൽ കൂടുകയുണ്ടായി.

പാളയം ഇടവക കോർഡിനേറ്റർ ഫാ. രജീഷ് വി രാജൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫെറോന വികാരി സന്നിഹിതനായിരുന്നു. രണ്ടു വർഷം പ്രവർത്തിച്ചവരെ അഭിനന്ദിക്കുകയും അവരുടെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്താവുന്ന കാര്യങ്ങളും വിലയിരുത്തുകയും ചെയ്തു.

കരുണാമയൻ പദ്ധതിയിൽ 10 സ്പോൺസേഴ്സ് മണക്കാട് ഇടവകയിൽ നിന്ന് തുടർച്ചയായി 1000/- രൂപ വീതം നൽകുന്നുണ്ട്.

മാധ്യമ വിരുദ്ധ മണിക്കൂർ, വിവാഹ ബ്യൂറോ വിവാഹ ഒരുക്ക സെമിനാർ, സാന്ത്വനം മംഗല്യം എന്നിവ യൂണിറ്റു തലം വരെ എത്തിക്കുവാൻ കൺ◌ാവീനർമാർ വഴി പരിശ്രമിക്കുന്നു.

**പുല്ലുവിള ഫെറോന**

പരുത്തിയൂർ, പൂവാർ ഇടവകകളിലെ വേർപിരിഞ്ഞ് കഴിഞ്ഞിരുന്ന 4 കുടുംബങ്ങളെ ഒരുമിപ്പിക്കുവാൻ സാധിച്ചു. വ്യക്തിപരമായ കൗദാശിക ജീവിതത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചു. നവംബർ 24 ന് പുല്ലുവിള ഫെറോനയുടെ കുടു എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും ഇപ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പിനുവേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**പരുത്തിയൂർ:** ഇടവകയിൽ നവംബർ 11 മുതൽ 14 വരെ കുടുംബ നവീകരണധ്യാനം ക്രിസ്തുരാജത്വതിരുനാളിനോടൊത്ത് സംഘടിപ്പിക്കുകയുണ്ടായി.

**തൂത്തൂർ ഫെറോന**

**കരുണാമയൻ പദ്ധതി:** രൂപതാതലത്തിൽ നടത്തി വരുന്ന കരുണാമയൻ പദ്ധതിയുടെ ഭാഗമായി നിർധനരായ 5 വ്യക്തികൾക്കുള്ള ധനസഹായം നൽകുകയും അവരെ സന്ദർശിച്ച് അവർ തനിച്ചല്ല





നിങ്ങളുടെ കൂടെ കൂട്ടായി ഞങ്ങളും ഉണ്ട് എന്ന അനുഭവത്തിലേക്ക് അവരെ നയിക്കുവാൻ സാധിച്ചു. കൂടാതെ ഇരയുമൻ തുറയിലെ ഏകസ്തരെ സന്ദർശിക്കുകയും അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

**വിവാഹ ഒരുക്കസെമിനാർ:** ഈ മാസം 15, 16, 17 തീയതികളിൽ നടന്ന് ക്ലാസ്സിൽ 65 കുട്ടികളും 22, 23, 24 തീയതികളിൽ നടന്ന ക്ലാസ്സിൽ 60 കുട്ടികളും പങ്കെടുത്തു.

**വയോധിക കൂട്ടായ്മ:** മാർത്താണ്ഡം തുറ ഇടവകയിലെ സാമൂഹിക ശുശ്രൂഷയോട് ചേർന്ന് വയോധിക കൂട്ടായ്മയിൽ 120 പേർ പങ്കെടുത്തു.

**പകൽ വീട്:** നീരോടി ഇടവയിൽ നടക്കുന്ന പകൽ വീടിന്റെ കൂട്ടായമ 5 -ാം വാർഡിൽ വച്ച് സമ്മേളിക്കുകയുണ്ടായി. വിവിധ കലാപരിപാടികളും സമ്മാനദാനങ്ങളും ഫാ. ലൂസിയാൻ അച്ചന്റെ നേതൃത്വത്തിൽ നടന്നു. അവിടെ വാർഡുകൾ തോറുമാണ് ഈ പദ്ധതികൾ ക്രമീകരിക്കുന്നത്.

മാർത്താണ്ഡം തുറയിലെ കുട്ടികൾക്ക് മൂല്യബോധം വർദ്ധിപ്പിക്കുന്ന ക്ലാസ്സകൾ സംഘടിപ്പിച്ചു. ഇത്തരം ക്ലാസ്സുകൾ മറ്റു ഇടവകകളിലും ഇടവക കേന്ദ്രീകരിച്ച് നടന്നു വരുന്നു.

**വിവാഹ ഒരുക്കസെമിനാർ**

നവംബർ 5, 6, 7 തീയതികളിൽ നടന്ന കോഴ്സിൽ 63 പെൺകുട്ടികളും 53 ആൺകുട്ടികളും 2018 നവംബർ 19, 20, 21 വരെ തീയതികളിൽ നടന്ന ക്ലാസ്സിൽ 54 ആൺകുട്ടികളും 63 പെൺകുട്ടികളും നവംബർ 30, ഡിസംബർ 1, 2 തീയതികളിൽ നടന്ന കോഴ്സിൽ 67 പെൺകുട്ടികളും 51 ആൺകുട്ടികളും പങ്കെടുത്തു.

ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**

2018 ഡിസംബർ 10, 11, 12

2018 ഡിസംബർ 28, 29, 30

**മാര്യേജ് ബ്യൂറോ**

16.11.18 ഫാ. ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബ്യൂറോയുടെ മാർക്കറ്റിംഗ് എങ്ങനെ നടത്താം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇടവക കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും രജിസ്ട്രേഷൻ നടത്തിയവരുടെ ഒത്തുചേരൽ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ച നടത്തുകയുണ്ടായി.

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. എന്നവിവാഹ ബ്യൂറോയുടെ ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 17 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.rcmatrimonial.org





# യുവജന ശുശ്രൂഷ

**10-ാമത് ലാമ്പ് ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും 11-ാമത് ബാച്ചിന്റെ ഉദ്ഘാടനവും, യുവ അവാർഡ് ദാനവും**

കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ യുവജന ശുശ്രൂഷ സംഘടിപ്പിക്കുന്ന ലാമ്പ് (ലീഡർഷിപ്പ് അവയർനസ് ആൻഡ് മോട്ടിവേഷൻ പ്രോഗ്രാം) എന്ന നേതൃത്വ വികസന പരിപാടിയുടെ 10-ാമത് ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും 11-ാമത് ബാച്ചിന്റെ ഉദ്ഘാടനവും യുവ അവാർഡ് വിതരണവും നടത്തപ്പെട്ടു. നവംബർ 10-ാം തീയതി വെട്ടുതുറ കനോഷ്യൻ കോൺവെന്റിൽ വച്ചു നടന്ന പരിപാടിയിൽ അതിരൂപത സഹായമെത്രാൻ റൈറ്റ്.റവ.ഡോ. ക്രിസ്തുദാസ്, യുവജന കമ്മീഷൻ ചെയർപേഴ്സൻ ചിന്താ ജെറോം എന്നിവർ മുഖ്യാതിഥികളായി എത്തി. 10-ാമത് ബാച്ചിൻ പങ്കെടുത്ത 43 യുവതീയുവാക്കൾ സെൻട്രൽ ഗവൺമെന്റിന്റെ അഫിലിയേഷൻ ഉള്ള നെഹ്റു യുവകേന്ദ്ര നൽകിയ സർട്ടിഫിക്കറ്റിന് അർഹരായി. മുഖ്യാതിഥിയായെത്തിയ യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോം മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. ലെനിൻ ഫെർണാണ്ടസ്, കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. ജോണി.എം.എ, ജനറൽ സെക്രട്ടറി ശ്രീ. ഷൈജു റോബിൻ, ഫാ.സന്തോഷ് കുമാർ, ഫാ. ആന്റോ ബൈജു എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി.

2017-18 കാലയളവിൽ മികച്ച പ്രവൃത്തകരേയും ഇടവകയേയും ഫെറോനയേയും തെരഞ്ഞെടുത്തു. അതിരൂപതയുടെ മികച്ച യുവജന പ്രവൃത്തകരായി കണ്ണാന്തുറ ഇടവകാംഗമായ ഹെർബിൻ ഹെറിബോയും, മികച്ച യുവജന പ്രവൃത്തകയായി നെല്ലിയോട് ഇടവകാംഗമായ കുമാരി ദിനി മോളും തെരഞ്ഞെടുക്കപ്പെട്ടു. അതിരൂപതയിലെ മികച്ച പ്രവൃത്തന യൂണിറ്റായി പള്ളിത്തുറ ഇടവകയും, മികച്ച ഫെറോനയായി പാളയം ഫെറോനയും നൽകപ്പെട്ട റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. ലാമ്പേഴ്സിനും അവാർഡു ജേതാക്കൾക്കും അതിരൂപത സെക്രട്ടറിയേറ്റിന്റെ അഭിനന്ദനങ്ങൾ.

## പുതുക്കുറിച്ചി ഫെറോന

ഫെറോന യുവജന ശുശ്രൂഷ സമിതിയുടെ ജനറൽബോഡി യോഗം 4-11-2018 കോർഡിനേറ്റർ ഫാ. ആന്റോ ബൈജു അച്ചന്റെ നേതൃത്വത്തിൽ നടന്നു. ലാമ്പിന്റെ 11-ാമത് ബാച്ചിന്റെ കോഴ്സ് വെട്ടുതുറയിൽ വച്ച് നടത്തി. ഉദ്ഘാടന കർമ്മം ക്രിസ്തുദാസ് പിതാവ് നിർവഹിച്ചു. ലാമ്പിന്റെ കോഴ്സിൽ 33 പേർ പങ്കെടുക്കുകയും പള്ളിത്തുറ ഇടവകയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കുട്ടിയ്ക്ക് ക്രിസ്തുദാസ് പിതാവ് മൊമന്റോ നല്കുകയും ചെയ്തു.

| | |
|---|---|
| **ഫാ. ആന്റോ ബൈജു** | **ലിസി സിജു** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## പേട്ട ഫെറോന

ഫെറോനാതലം

ഒക്ടോബർ 21, 28 എന്നീ തീയതികളിൽ യുവജന ശുശ്രൂഷാസമിതി യോഗം മൺവിള ബോയ്സ് ടൗണിൽ വച്ച് ഫെറോനകോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും നവംബർ 25-ാം തീയതി കട്ടേല ക്യാൻസർ സെന്ററിലെ രോഗികളെ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ സാധനങ്ങൾ ഇടവകകളിൽ നിന്നും ശേഖരിച്ച് നല്കാനും കലാപരിപാടികൾ നടത്താനും തീരുമാനിച്ചു.

നവംബർ 11-ാം തീയതി ഫെറോനാസമിതി യോഗം പോങ്ങുംമൂട് ഇടവകയിൽ വച്ച് കോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും ഡിസംബർ മാസം പുൽക്കൂട് നിർമ്മാണം, കരോൾ ഗാനം എന്നിവയിൽ മത്സരം നടത്താൻ തീരുമാനിച്ചു. സമുദായ ദിനാചരണത്തിൽ പേട്ട ഫെറോനയിലെ യുവജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

യുവജനസർവ്വേ എല്ലാ ഇടവകകളിലും നടത്തി.

| | |
|---|---|
| **ഫാ. ക്രിസ്തുദാസ്** | **സുശീല ഷാജി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |





## കഴക്കൂട്ടം ഫെറോന

കഴക്കൂട്ടം ഫെറോന യുവജനശുശ്രൂഷാസമിതി യോഗം എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച ഓരോ ഇടവകയിൽ വച്ച് നടത്തുന്നു. കഴക്കൂട്ടം ഫെറോന കലോത്സവം അടുത്തമാസം നടത്തുവാൻ തീരുമാനിച്ചു. കലോത്സവത്തിന്റെ ഒരുക്കങ്ങൾ നടക്കുന്നു. വാർഷിക പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ചർച്ചകൾ നടത്തി.

| | |
|---|---|
| **ഫാ. റിച്ചാർഡ് സക്കറിയ** | **ജൂലിയറ്റ് പോൾ** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## പാളയം ഫെറോന

ഫെറോനയിലെ യുവതി യുവാക്കളുടെ സ്ഥിതി വിവരകണക്ക് രേഖപ്പെടുത്തുന്നതിന്റെ ഭാഗമായി 15 വയസ്സു മുതൽ 35 വയസ്സുവരെയുള്ള യുവതിയുവാക്കളുടെ സർവ്വേ മണക്കാട്, നന്തൻകോട്, ക്രിസ്തുരാജപുരം, കുലശേഖരം, തൈക്കാട് എന്നീ ഇടവകകളിൽ പൂർത്തിയായി.

| | |
|---|---|
| **ഫാ. സന്തോഷ്** | **ജൂലി ഡയനേഷ്യസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## വലിയതുറ ഫെറോന

യുവജനശുശ്രൂഷ ജനറൽബോഡിയോഗം 14-11-2018 ബുധനാഴ്ച വൈകുന്നേരം 4-ന് കൂടി. യോഗത്തിൽ 8 ഇടവക പങ്കെടുത്തു. ക്വിസ് മത്സരം സംഘടിപ്പിക്കുന്നതിനെക്കുറിച്ചു തീരുമാനിച്ചു.

| | |
|---|---|
| **ഫാ. ജെറോം** | **മേരി ക്രിസ്റ്റി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## കോവളം ഫെറോന

കെസിവൈഎം സർവ്വേ ഫെറോനതലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വവ്വാമൂല, കക്കാമൂല, പരുത്തിക്കുഴി, ഇടയാർ, പാലാപ്പൂർ,

പെരിങ്ങമ്മല, നെല്ലിയോട്, പൂങ്കുളം എന്നീ ഇടവകകളിൽ സർവ്വേ ഫോറം പൂർത്തിയാക്കി.

സമുദായ ദിനത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

**ഫാ. ജെറോം** — **മേരി ക്രിസ്റ്റി**
കോഓർഡിനേറ്റർ — ആനിമേറ്റർ

### തൂത്തൂർ ഫെറോന

25-10-2018 സെന്റ് ജോൺ കോൺവെന്റിൽ വച്ച് 6 മണി മുതൽ 8 മണി വരെ ആരാധന നടത്തിയതിൽ 25 പേർ പങ്കെടുത്തു. 27-10-2018 പരുത്തിയൂർ ചർച്ചിൽ വച്ച് 6 മണിമുതൽ 8 മണിവരെ ആരാധന നടത്തി.

31-10-2018-ൽ നടന്ന ഓറിയന്റേഷൻ പ്രോഗ്രാമിൽ 75 പേർ പങ്കെടുത്തു.

**ഫാ. രജീഷ്** — **മല്ലിക ഡസൽബിൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ





## വിദ്യാഭ്യാസശുശ്രൂഷ

### അഞ്ചുതെങ്ങ് ഫെറോന

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷസമിതിയോഗം നവംബർ 11-ന് കോർഡിനേറ്റർ പ്രദീപ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു, യോഗത്തിൽ ഫെറോന ഇടവകതല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് വിലയിരുത്തി. 3-ന് നടത്തുവാനിരുന്ന അധ്യാപകർക്കുള്ള മോട്ടിവേഷൻ ക്ലാസ് നവംബർ 24-ന് നടത്തുവാൻ തീരുമാനിച്ചു.

ഫെറോനതലത്തിൽ എസ്എസ്എൽസി, +2 കുട്ടികൾക്കായി ഒരു മോട്ടിവേഷൻ ക്ലാസ് നടത്തി 95 കുട്ടികൾ പങ്കെടുത്തു. ആറ്റിങ്ങൽ ഇടവകയിൽ 3 വയസ്സ് മുതൽ 22 വയസ്സ് വരെയുള്ള കുട്ടികളുടെ സർവ്വേ പൂർത്തിയാക്കി.

**ഫാ. പ്രദീപ് ജോസഫ്** — **ഗ്ലാഡിസ് ജെയിംസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

### പേട്ട ഫെറോന

**ഫെറോനതലയോഗം**

നവംബർ മാസം 10-ാം തീയതി ശ്രീകാര്യം പാരീഷ് ഹാളിൽ വച്ച് 8 മുതൽ +2 വരെയുള്ള കുട്ടികൾക്കായി മോട്ടിവേഷൻ ആന്റ് ഗോൾ ഓറിയന്റേഷൻ അവയർനസ് ഓഫ് സ്കോളർഷിപ്പ് ഫോർ ഹയർ എഡ്യൂക്കേഷൻ എന്ന വിഷയത്തെകുറിച്ച് ക്ലാസ് നടത്തി. ലയോള സ്കൂൾ വൈസ് പ്രിൻസിപ്പാൾ റവ.ഫാ.ജോസ് പുളിന്താനത്ത്, ശ്രീമതി എലിസബത്ത് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. വിവിധ ഇടവകകളിൽ നിന്ന് 25 കുട്ടികളും മാതാപിതാക്കളും പങ്കെടുത്തു.

**ഫാ. ആന്റോ ഡിക്സൺ** — **സുശീല ഷാജി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

വിദ്യാഭ്യാസ ശുശ്രൂഷാ സമിതി റിപ്പോർട്ട് കഴക്കൂട്ടം ഫെറോനസമിതിയിൽ നവംബർ 18-നു അവതരിപ്പിച്ചു. അടുത്തമാസം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന പരിപാടിയെക്കുറിച്ച് ചർച്ച ചെയ്യുവാനായി വിദ്യാഭ്യാസശുശ്രൂഷ സമിതിയോഗം നവംബർ 25-ാം തീയതി വൈകുന്നേരം 5 മണിയ്ക്കു കഴക്കൂട്ടം ഫെറോന സെന്ററിൽ വച്ചു കൂടുവാൻ തീരുമാനിച്ചു

**ഫാ. ഡി.തോമസ്** — **ജൂലിയറ്റ് പോൾ**

കോഓർഡിനേറ്റർ — ആനിമേറ്റർ

## പാളയം ഫെറോന

ഫെറോനയുടെ നേതൃത്വത്തിൽ ഡിഫൻസ് അവയർനസ് & ട്രെയിനിംഗ് സെലക്ഷൻ ക്യാമ്പ് (നേവി, ആർമി, എയർഫോഴ്സ്) ഒരു വർഷത്തെ കോഴ്സ് എൻഎപിറ്റി (നാഷണൽ അക്കാഡമി ഓഫ് പ്രീ.റിക്രൂട്ട്മെന്റ് ട്രെയിനിംഗ്) ഡിസംബർ 2-ാം തീയതി പാളയം സെന്റ് ജോസഫ് മെട്രോപൊളിറ്റൻ കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് 1.30 മുതൽ 4.30 വരെ നടത്തുവാൻ തീരുമാനിച്ചു.

റ്റിറ്റിസി/ബിഎഡ്/ഡിഇഡി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ഫ്ളോറൻസ് എന്ന സ്ഥാപനവുമായി ചേർന്ന് കെ-ടെറ്റ് & സി-ടെറ്റ് സെക്കന്റ് ബാച്ച് പരിശീലനം ആരംഭിച്ചു. എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും ക്ലാസ്സ് നടന്നു വരുന്നു.

**ഫാ. ജോസ്.ജി** — **ജൂലി ഡയനേഷ്യസ്**

കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

നവംബർ മാസം 13-ാം തീയതി 3 മണിക്ക് വിദ്യാഭ്യാസ കോർഡിനേറ്റർ ബഹുമാനപ്പെട്ട ജോസ് ദിലീപച്ചന്റെ നേതൃത്വത്തിൽ ഫെറോനാസെന്ററിൽവച്ച് ഫെറോനാസമിതിയോഗം കൂടുകയും യോഗത്തിൽ 10-ൽ 6 ഇടവകയിൽ നിന്നുമുള്ള സമിതിയംഗങ്ങൾ പങ്കെടുത്തു ഫെറോനാതല പ്രവർത്തനങ്ങ ളുടെ വിലയിരുത്തൽ നടത്തുകയും തുടർ പരിശീലനപരിപാടികൾ ഇനി നടത്താനിരിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനമെടുത്തു.

നവംബർമാസം 3-ാം തീയതി വലിയതുറ സെന്റ് ആന്റണീസ് സ്കൂളിൽവച്ച് +1 വിദ്യാർത്ഥികൾക്ക് സോഷ്യൽ മീഡിയയുടെ ഉപയോഗവും ദുരുപയോഗവും എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസ് നല്കി. 2 മണി മുതൽ 4 വരെ നടത്തിയ ക്ലാസ് നയിച്ചത് ഫ്രാങ്ക്ളിൻ ബ്രദറാണ്.

എല്ലാ ഇടവകയിലെയും സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ ലിസ്റ്റ് ശേഖരിച്ചു.

20-11-2018 ചെറുവെട്ടുകാടു വച്ച് ശിശുദിനാഘോഷ പരിപാടി സാമൂഹ്യശുശ്രൂഷയുമായി സഹകരിച്ചു നടത്തി. ഇതിൽ 101 കുട്ടികൾ പങ്കെടുത്തു.

ഡിഫൻസ് പരിശീലന ക്ലാസിൽ വലിയതുറ ഫെറോനയിൽ നിന്നും 31 കുട്ടികൾ പങ്കെടുക്കുന്നു.

**ഫാ. ജോസ് ദിലീപ്** — **മേരി**

കോഓർഡിനേറ്റർ — ആനിമേറ്റർ

## കോവളം ഫെറോന

**ഫെറോനസമിതി:**

കോവളം വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ ഫെറോന തലയോഗം 11-10-2018 ഞായറാഴ്ച കൃത്യം 3 മണിക്ക് ജോഫിൻ

അച്ചന്റെ നേതൃത്വത്തിൽ യോഗം കൂടി. യോഗത്തിൽ ഫെറോനതലത്തിൽ പ്രാവർത്തികമാക്കാൻ തീരുമാനിച്ചിരിക്കുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ഓറിയന്റേഷൻ ക്ലാസ്സ് നവംബർ 11-ാം തീയതി നടത്താൻ തീരുമാനിച്ചു. കൂടാതെ നടത്താനിരിക്കുന്ന തെരഞ്ഞെടുപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള ചർച്ചകളും കാര്യക്ഷമമായി നടന്നു.

സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചപ്പോൾ 65 വിദ്യാർത്ഥികളും മാതാപിതാക്കളും പങ്കെടുത്തു. സിവിൽ സർവ്വീസ് അക്കാഡമിയിൽ നിന്നും ക്ലാസ്സ് നൽകി.

ഓഖി ദുരന്തത്തിൽ ബാധിക്കപ്പെട്ട വിദ്യാർത്ഥികളുടെ മാതാപിതാ ക്കളുടെ യോഗം കൂടി.

ഫെറോനയിലെ വിഴിഞ്ഞം, പൂന്തുറ, ഓഖി-ബാധിത വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് (രാജഗിരി കോളേജ് സ്പോൺസേഴ്സ് ചെയ്ത വിദ്യാർത്ഥികളുടെ) പൂന്തുറ സെന്റ് തോമസ് സ്കൂളിൽ വച്ച് 2 മണിക്ക് യോഗം ആരംഭിച്ചു. യോഗത്തിൽ വിദ്യാർത്ഥികളുടെ പഠനപുരോഗതിയും സാമ്പത്തികമായ ബുദ്ധിമുട്ടുകളും ചർച്ച ചെയ്തു. പ്രത്യേക ക്ലാസ്സുകൾ ഓഖി-ബാധിത വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. യോഗത്തിൽ വിദ്യാർത്ഥികൾക്കുള്ള പഠന ഉപകരണങ്ങൾ വിതരണം ചെയ്തു.

**ഇടവകതലം**

**പൂന്തുറ ഇടവക**

പൂന്തുറ ഇടവകയിൽ കെ.റ്റെറ്റ് ക്ലാസ്സുകൾ നൽകി. 30 ഉദ്യോഗാർത്ഥികൾ പങ്കെടുത്ത സൈക്കോളജി വിഷയത്തിനായി പ്രത്യേക അധ്യാപകനെ നിയോഗിച്ചു.

ഇടവകയിലെ 4 മുതൽ 8 വരെയുള്ള സാമ്പത്തിക സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്കായി സെന്റ് തോമസ് സ്കൂളിൽ 5 മണി മുതൽ 7.30 വരെ പ്രത്യേക ക്ലാസ്സുകൾ നൽകുന്നു. പഠനത്തിനു പുറമെ വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണം, കലാ-കായിക-





വികസനത്തിനുതകുന്ന തരത്തിലുള്ള പ്രത്യേക പരിശീലനം നൽകാൻ തീരുമാനിച്ചു

+2 മതബോധന വിദ്യാർത്ഥികൾക്കായി സർക്കാർ തലത്തിൽ ജോലി സാധ്യതകൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്ലാസ്സ്, സർക്കാർ മേഖലയിൽ എങ്ങനെ വിദ്യാർത്ഥികൾക്ക് എത്തിച്ചേരാം എന്നുള്ള ബോധവൽക്കരണ ക്ലാസ്സ് നൽകാൻ തീരുമാനിച്ചു.

**വിഴിഞ്ഞം ഇടവക**

കെ-റ്റെറ്റ് പരിശീലനം 30 ഉദ്യോഗാർത്ഥികൾക്ക് 1 മാസം നൽകി.

എസ്എസ്എൽഎസി, +2 വിദ്യാർത്ഥികൾക്കായി സൂപ്പർവൈസറി സ്റ്റഡി 4.30 മുതൽ 7 മണി വരെ സംഘടിപ്പിക്കുന്നു.

**ആഴാകുളം ഇടവക**

എല്ലാ ശനിയാഴ്ചയും 2 മണിക്കൂർ 35 വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നല്കി വരുന്നു.

**നെല്ലിയോട് ഇടവക:** ഒക്ടോബർ 14-ാം തീയതി 4 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്കായി പഠനത്തിൽ വിജയികളാകാൻ എന്തു ചെയ്യണം എന്നുള്ള വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു 30 വിദ്യാർത്ഥികൾ പങ്കെടുത്തു. 10 മുതൽ 35 വയസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി വിവിധതരം ജോലി സാധ്യതകളെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി കരിയർ ഗൈഡൻസ് ക്ലാസ്സ് നൽകി. 30 വിദ്യാർത്ഥികൾ പങ്കെടുത്തു.

**പരുത്തികുഴി:** ഇടവകയിൽ വിദ്യാഭ്യാസ സമിതി യോഗം കൂടി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ഭാഷാപരിജ്ഞാന ക്ലാസ്സുകൾ നല്കി.

**ഫാ. ജോഫിൻ** — **ഷൈജ ആന്റണി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി യോഗം 4-11-2018 ഞായറാഴ്ച 3 മണിക്ക് കൊച്ചുപള്ളി ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ. ഫ്രഡി സോളമന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന, ഇടവകാതലത്തിൽ പ്ലാൻ അനുസരിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് റിപ്പോർട്ടിൻമേൽ വിലയിരുത്തൽ നടത്തി.

എൽ.പി, യു.പി, എച്ച്.എസ് തലത്തിൽ പിഎസ്‌സി പരിശീലനം സംഘടിപ്പിക്കാൻ പ്ലാൻ അനുസരിച്ച് സമിതി യോഗത്തിൽ സംഘടിപ്പിച്ചതിൻ പ്രകാരം 10-11-2018 ശനിയാഴ്ച 3 മണിക്ക് ഫെറോനതലത്തിൽ പുല്ലുവിള Leo XIII എച്ച്എസ്എസ്സിൽ വച്ച് ആരംഭിച്ചു. 14 ഉദ്യോഗാർത്ഥികൾ പരിശീലനത്തിന് പങ്കെടുത്തു.

**തുടർപ്രവർത്തനങ്ങൾ**

1. പി എസ് സി പരിശീലനം ഈ മാസം 5 ക്ലാസ്സുകൾ സംഘടിപ്പിച്ചു.
2. സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പരിശീലനം 4 ക്ലാസ്സുകൾ സംഘടിപ്പിച്ചു.
3. ഡിഫൻസ് പരിശീലനം എല്ലാ ദിവസവും കായികക്ഷമത പരിശീലനവും, ശനി, ഞായർ ദിവസങ്ങളിൽ എഴുത്ത് പരീക്ഷയ്ക്കായുള്ള പരിശീലനവും നടന്നുവരുന്നു.

മൂന്ന് പ്രവർത്തനങ്ങൾ തുടർ പരിപാടിയായി നടന്നുവരുന്നു.

**ഇവകാതലം:** പൂവാർ, കരുംകുളം, നമ്പ്യാതി, ലൂർദ്ദുപുരം എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ സംഘടിപ്പിച്ചു. പ്ലാൻ അനുസരിച്ച് നടന്ന പ്രവർത്തനങ്ങളുടെയും വിലയിരുത്തലും ഇനി നടത്തേണ്ട പ്രവർത്തനങ്ങളുടെ ക്രമീകരണവും നടത്തി.

എസ് എസ് എൽ സി വിദ്യാർത്ഥികൾക്കായുള്ള നൈറ്റ്സ്റ്റഡി ജനുവരി മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

പിഎസ്‌സി പരിശീലനം ഇടവകാതലത്തിൽ നമ്പ്യാതി, പൂവാർ എന്നീ ഇടവകകളിൽ നടന്നു വരുന്നു. ഫെറോനതലത്തിൽ എസ്എസ്എൽസി, +2 വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി “How to face exam” എന്ന വിഷയത്തിന്മേൽ ഫെറോനയിലെ 5 ഇടവകകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**ഫാ. ഫ്രഡി സോളമൻ** — കോഒാർഡിനേറ്റർ
**മേരിത്രേസ്യ മൊറായിസ്** — ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഫെറോനതലയോഗം**

തൂത്തൂർ ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാസമിതിയോഗം 10-11-2018-ൽ ഫെറോനാസെന്ററിൽ വച്ച് കോർഡിനേറ്റർ ഫാ. ആൻസിൽ ആന്റണിയുടെ നേതൃത്വത്തിൽ നടന്നു. ഫെറോനാ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. ഫെറോനാ പ്ലാൻ അനുസരിച്ച് എച്ച്എസ്, എച്ച്എസ്എസ് തലത്തിൽ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി പ്രോഗ്രാമുകൾ പ്ലാൻ ചെയ്തു.

11-11-2018 ചിന്നത്തുറ കമ്മ്യൂണിറ്റിഹാളിൽ വച്ച് കൊടുമുടി തൊടാം എന്ന വിഷയത്തെ ആസ്പദമാക്കി രേവതി ടീച്ചർ 90 കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നല്കി. കരിയർ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചതിൽ എല്ലാ ഇടവകയിൽ നിന്നുമുള്ള കുട്ടികളെ പങ്കെടുപ്പിച്ചു.

6-11-2018-ൽ ഫെറോനാവികാരിയുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് മീറ്റിംഗ് നടന്നു. റിപ്പോർട്ടുകൾ അവതരിപ്പിച്ചു. എല്ലാ ആനിമേറ്റേഴ്സും കൂട്ടായ് നിന്നു പ്രവർത്തിക്കാൻ ഫെറോനാവികാരി ആവശ്യപ്പെട്ടു. എല്ലാ ഇടവകയിലെയും അധ്യാപകരുടെ ലിസ്റ്റ് ശേഖരിച്ചു.

**ഫാ. ആൻസിൽ ആന്റണി** — കോഒാർഡിനേറ്റർ
**മല്ലിക ഡെസൽബിൻ** — ആനിമേറ്റർ

## മീഡിയ കമ്മീഷൻ

കയർ എന്ന ഹ്രസ്വചിത്രം ഒരു മുക്കുവ കുടുംബത്തിന്റെ വൈകാരികത നിറഞ്ഞ ജീവിത യാഥാർത്ഥ്യങ്ങളുടെ പച്ചയായ ഒരു ദൃശ്യാവിഷ്ക്കാരമാണ്. 9 മിനിറ്റ് ദൈർഘ്യമുള്ള ഈ ചിത്രം ഓഖി ദുരന്തത്തെ അതിജീവിച്ച ഒരു മുക്കുവ കുടുംബത്തിന്റെ ഇപ്പോഴത്തെ ദുരവസ്ഥയെയാണ് പ്രധാന പ്രമേയമാക്കിയിരിക്കുന്നത്. ഇന്ധനത്തിന്റെ വിലക്കയറ്റവും അതുമൂലമുണ്ടാകുന്ന തൊഴിലില്ലായ്മ, പട്ടിണി, ദാരിദ്ര്യം തുടങ്ങിയ ഒരു മുക്കുവ കുടുംബത്തിന്റെ ആനുകാലിക പ്രശ്നങ്ങളെ ഈ ഹ്രസ്വചിത്രത്തിന്റെ പ്രമേയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം കെസിബിസി സംഘടിപ്പിച്ച ഹ്രസ്വചിത്ര മത്സരത്തിൽ പ്രത്യേക പുരസ്കാരത്തിന് അർഹമായ ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത് തിരുവനന്തപുരം രൂപതയുടെ കീഴിലുള്ള മീഡിയ കമ്മീഷൻ ആണ്.

**ഫാ. ദീപക് ആന്റോ**
കോഓർഡിനേറ്റർ





# സാമൂഹ്യശുശ്രൂഷ

**ആരോഗ്യകാര്യ കമ്മീഷൻ - 2018-19**

മനുഷ്യന്റെ അടിസ്ഥാന അവകാശമാണ് ആരോഗ്യം. ആരോഗ്യസംവിധാനങ്ങൾ ജനങ്ങളുടെ ഇടയിൽ എത്തിച്ചുകൊണ്ട് ആരോഗ്യപരിരക്ഷണത്തിൽ കൈത്താങ്ങായി പ്രവർത്തിക്കുക എന്ന മനോഭാവത്തോടെ അതിരൂപതയിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണവും ശുചിത്വ പരിപാലനവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ.

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞം പദ്ധതിയിലൂടെ കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നിർണ്ണായക ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷത്തിൽ 5780 പേർ രോഗനിർണ്ണയ ക്യാമ്പിനു വിധേയരാവുകയും ഇവരിൽ, 187 പേർക്ക് പോസിറ്റീവ് ആയി രോഗം കണ്ടെത്തുകയും ചികിത്സിക്കപ്പെടുകയും ചെയ്തു.

വയോജനങ്ങളോടുള്ള കരുതലും ആദരവും സ്നേഹതണലിൽ ഇത്തിരിനേരം എന്ന വയോജന കൂട്ടായ്മ പാളയം പേട്ട ഫെറോനകളിലെ ഇടവകകളിൽ രൂപികരിച്ച് ഇവരുടെ ഒത്തുവരവിനു വഴിയൊരുക്കി. ഏകദേശം 320 വയോജനങ്ങൾക്ക് പല ഇടവകകളിൽ നിന്നും ഇത്തരത്തിലുള്ള ഗ്രൂപ്പിൽ നിന്ന് കരുതലും ആദരവും ലഭിച്ചുകൊണ്ടിരിക്കുന്നു.

ഭിന്നശേഷിയുള്ളവരെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ എല്ലാ ഫെറോനകളിൽ നിന്നും 156 ഭിന്നശേഷിയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവരുടെ ആരോഗ്യം, വിദ്യാഭ്യാസം, തുടർജീവിതം എന്നീ തലങ്ങളിൽ സഹായം ചെയ്തുകൊണ്ടിരിക്കുന്നു. സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പദ്ധതിയിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർക്കു നേടി കൊടുക്കുവാൻ സഹായിക്കുന്നു. ഈ കുട്ടികളുടെ രക്ഷിതാവിന്

സ്വയം തൊഴിൽ പരിശീലന ക്ലാസുകൾ നല്കി, അവരെ സ്വയം പര്യാപ്തതയിൽ എത്തിക്കുവാനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. ഇവർക്കായി 9,36,000 രൂപ ചെലവഴിച്ചു.

മാലിന്യമുക്ത ഗ്രാമം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി തീരദേശ പ്രദേശത്തുള്ള 30 ഇടവകകളിലും ശുചീകരണ പരിപാടികൾ നടപ്പിലാക്കി. ചന്ത സ്ഥലങ്ങൾ വിദ്യാലയ പിരസരങ്ങൾ പൊതു സ്ഥലങ്ങളും റോഡുകളും, ആശുപത്രി പരിസരങ്ങൾ മുതലായവ പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും യുവജനസമിതികളുടെയും നേതൃത്വത്തിൽ ശുചീകരണം നടത്തുകയും വെയിസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള ഏർപ്പാടുകൾ നടത്തുകയും ചെയ്തു.

ആരോഗ്യസംരക്ഷണത്തെക്കുറിച്ച് കൂടുതൽ ജാഗ്രത പുലർത്തുന്നതിനുവേണ്ടി സ്കൂൾ കുട്ടികൾക്കും യുവാക്കൾക്കും വേണ്ടി ആരോഗ്യം പരിസ്ഥിതി സംരക്ഷണം എന്നിവയെ ലക്ഷ്യമാക്കി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. കുട്ടികളും യുവാക്കളും ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കേണ്ട ഭക്ഷണപദാർത്ഥങ്ങളെക്കുറിച്ചും വർജിക്കേണ്ട ഭക്ഷണ രീതികളെക്കുറിച്ചും നിയന്ത്രിത ജീവിതരീതികളെക്കുറിച്ചും അറിവും നേടി. ഭാവിയിൽ കാൻസർ പോലുള്ള പല മാരകരോഗങ്ങളിൽ നിന്നും വിമുക്തരാകാൻ വേണ്ടി ലഹരി പദാർത്ഥങ്ങൾ ഒഴിവാക്കേണ്ട ആവശ്യകതയെകുറിച്ചും മനസിലാക്കികൊടുത്തു. 2000–ത്തോളം കുട്ടികൾക്ക് ഈ ക്ലാസുകളുടെ പ്രയോജനം ഉണ്ടായി.

സർക്കാർ ആസ്വനികളുടെയും ജൂബിലി ഹോസ്പിറ്റലിന്റെയും സഹായത്തോടെ ആരോഗ്യ സംരക്ഷണത്തിൽ വളരെയധികം ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരുവേദിയാണ് ജനറൽ ഹെൽത്ത്. പകർച്ചവ്യാധികളെക്കുറിച്ചുള്ള ബോധവൽക്കരണം, ഡങ്കി, നിപ്പ, എലിപ്പനി, മഞ്ഞപ്പനി, മുതലായവ സാംക്രമിക





രോഗങ്ങളെക്കുറിച്ചുള്ള അവബോധവും ബോധവൽക്കരണ ക്ലാസുകളിലൂടെ ജനങ്ങൾക്ക് മനസിലാക്കികൊടുത്തു. ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള അറിവ് നേടികൊടുത്തു. നേരിചികിത്സ, ഡെന്റൽ കെയർ, ഇ.സി.ജി മുതലായ ചികിത്സകൾക്കുള്ള വഴിയൊരുക്കികൊടുത്തു. ജൂബിലി ഹോസ്പിറ്റലിന്റെ മൊബൈൽ ഹെൽത്ത് സർവീസ് നിർദ്ധനരായ രോഗികൾക്കും കിടപ്പുരോഗികൾക്കും ചികിത്സാസഹായം എത്തിച്ചുകൊടുക്കുന്നത് ഒരു വലിയ ആശ്വാസമാണ്. ഈ സാമ്പത്തിക വർഷത്തിൽ 9690 പേർക്ക് ഇത്തരത്തിലുള്ള ചികിത്സ ലഭ്യമായി.

സർക്കാർ ഹെൽത്ത് സെന്ററിന്റെയും അംഗൻവാടികളുടെയും സഹായത്തോടെ ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടുന്ന പോഷകാഹാരം ലഭ്യമാക്കികൊടുത്തു. വരുംതലമുറയെ അംഗവൈകല്യത്തിൽ നിന്നും അകറ്റി നിർത്തുന്നതിനുവേണ്ടിയും ആരോഗ്യമുള്ള കുട്ടികൾക്ക് ജന്മം നല്കുന്നതിനുംവേണ്ടിയുള്ള മുൻകരുതലുകൾ ബോധവൽക്കരണ ക്ലാസ്സുകളിലൂടെ അമ്മമാർക്കും യുവതികൾക്കും ലഭ്യമാക്കി കൊടുത്തു. തുടർന്ന് ആരോഗ്യസംരക്ഷണത്തിന്റെ ഉന്നമനത്തിനായി സഹായഹസ്തം രൂപതയുടെ എല്ലാ മൂലകളിലും എത്തിച്ചു കൊടുക്കുവാൻ ശ്രമിക്കുന്നതാണ്.

ഓഖിദുരന്തബാധിതർക്കുവേണ്ടിയുള്ള ആയുർവേദ ചികിത്സ, സൗജന്യമെഡിക്കൽ ക്യാമ്പ്, നേത്രചികിത്സാ ക്യാമ്പ്, ഡെന്റൽ ക്യാമ്പ് മുതലായവ ജൂബിലി ഹോസ്പിറ്റലിന്റെയും സർക്കാർ ആശുപത്രികളുടെയും നേതൃത്വത്തിൽ 25 ക്യാമ്പുകൾ സംഘടിപ്പിച്ചു. രണ്ടു വർഷത്തെ തുടർ ചികിത്സക്കുവേണ്ടിയുള്ള ഇൻഷുറൻസ് ചികിത്സ പദ്ധതിയും ജൂബിലി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ലഭ്യമാക്കികൊടുത്ത് മത്സ്യതൊഴിലാളിയുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കി.

**സി. അഡോൾഫ**

ഹെൽത്ത് കോർഡിനേറ്റർ

**മത്സ്യമേഖലാ ശുശ്രൂഷ**

മത്സ്യമേഖലയിൽ പുതിയൊരു ശുശ്രൂഷയുടെ ആവശ്യകത മനസ്സിലാക്കി പ്രസ്ബിറ്റേറിയം ഏക കണ്ഠമായി ആവശ്യപ്പെട്ടതിനെ തുടർന്ന് തിരുവനന്തപുരം അതിരൂപതയിലെ ബഹുഭൂരിപക്ഷം വരുന്ന മത്സ്യത്തൊഴിലാളികളുടെ സംഘാടനവും സമഗ്രമായ വളർച്ചയും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി പുതിയ ശുശ്രൂഷയ്ക്ക് രൂപം കൊടുത്തു. അതിരൂപത വൈദീക കൂട്ടായ്മ, അതിരൂപത അജപാലന സമിതി, സെനറ്റ്, തൊഴിൽ വർക്കിംഗ് കമ്മിറ്റി എന്നീ വിവിധ ഫോറങ്ങളിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ അവശ്യം വേണ്ട ഭേദഗതികളോടെ അംഗീകരിച്ച് അതിരൂപത മത്സ്യമേഖല ശുശ്രൂഷ(Fisheries ministry)യ്ക്ക് രൂപം കൊടുത്തു.

**1.Coastal Warden നിയമനം**

മത്സ്യത്തൊഴിലാളികളെ Coastal Warden ആയി നിയമിക്കുന്നതിന് വേണ്ടി 30/10/2018 ൽ സർക്കാർ ഇറക്കിയ വിജ്ഞാപനം എല്ലാ ഇടവകകളിലും എത്തിക്കുകയും അതിരൂപതയിൽ നിന്ന് ഏകദേശം 2000 പേരുടെ അപേക്ഷ ഈ നിയമനത്തിന് വേണ്ടി നൽകുവാനും കഴിഞ്ഞു. മുൻ നിശ്ചയിച്ച 25/11/2016 തീയതി മാറ്റി പുതുക്കിയ തീയതിയും സ്ഥലവും എല്ലാ അപേക്ഷകരേയും അറിയിക്കേണ്ട നടപടികളും ചെയ്തു. എങ്ങനെ ഇന്റർവ്യൂ അഭിമുഖീകരിക്കാം എന്നതിനെകുറിച്ച് അപേക്ഷകർക്ക് ക്ലാസ്സ് നൽകുകയും ചെയ്തു.

**2. മത്സ്യത്തൊഴിലാളി ദിനാഘോഷം.**

മത്സ്യത്തൊഴിലാളികളുടെ സംഘാടനത്തിന്റെ ഭാഗമായി നവംബർ 21 ലോകമത്സ്യത്തൊഴിലാളി ദിനത്തോടനുബന്ധിച്ച് മാമ്പള്ളി മുതൽ ഇരയിമൻതുറവരെയുള്ള മത്സ്യത്തൊഴിലാളികളെ ഒരുമിച്ച് കൂട്ടുകയും ഇന്ന് മത്സ്യമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും അത് അതിജീവിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും മനസ്സിലാക്കി ഏതാണ്ട് 700 പേർ യോഗത്തിൽ പങ്കെടുത്തു.

3. മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം ലഭിക്കാൻ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിനുവേണ്ടി Fisheries Deputy Director നെ കാണുകയും അപ്പീൽ





നൽകിയിട്ടുള്ള അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമനിധി അംഗത്വം ഉറപ്പുവരുത്തുകയും ചെയ്തു.

4. TMFന്റെ ഫെറോന സമിതിയുടെ യോഗം നടന്നു. ക്ഷേമനിധി, മത്സ്യത്തൊഴിലാളി ദിനാഘോഷത്തോടനുബന്ധിച്ച് രൂപതാ സമിതി നിരന്തരം യോഗം ചേർന്നു.

**അഞ്ചുതെങ്ങ് ഫെറോന**

**കാര്യശേഷി വികസന വിഭാഗം**

ഫെറോന മീറ്റിംഗ് 11-11-2018-ൽ കോരഡിനേറ്റർ റവ.ഫാ.ടോണി ഹാംലെറ്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ 9 അംഗങ്ങൾ പങ്കെടുത്തു. ഇടവകപ്രവർത്തന വിലയിരുത്തലിനുശേഷം ഫെറോനാ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തതിൽ മത്സ്യതൊഴിലാളി ദിനാഘോഷം ഫെറോനാതലത്തിൽ നടത്താൻ തീരുമാനിച്ചു. ഫെറോനാ സാമൂഹ്യശുശ്രൂഷാസമിതിയും വർക്കർ എസ്.ആർ. മെഡിക്കൽ കോളേജും സംയുക്തമായ സൗജന്യവൈദ്യ പരിശോധന ആരംഭിച്ച വിവരം അച്ചൻ അറിയിച്ചവരും മാസങ്ങളിൽ ഈ സേവനം തുടരുമെന്നും അച്ചൻ അറിയിച്ചു. ഈ മാസം ഫെറോനാ സമിതിയും ഇടവകസമിതിയും സംയുക്തമായ് തീരദേശ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു.

ഇടവകായോഗങ്ങളിൽ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തന വിലയിരുത്തൽ നടത്തുകയും തുടർപ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്തു തീരുമാനമെടുക്കുകയും ചെയ്തു.

സ്വയം സഹായ സംഘങ്ങളുടെ ഭാഗമായ് ഫെറോനാ യോഗം നടന്നു. വിവരാവകാശ നിയമം ബോധവൽക്കരണം ഉണർവ്വിന്റെ സഹായത്തോടെ നല്കി.ഇടവകായോഗങ്ങൾ 7/4 നടന്നു. ക്രിസ്തുമസ്സ് ഫെയർ ഫെറോനാതലത്തിൽ മൂങ്ങോട്

ഇടവകാംഗങ്ങൾ ഇടവകയിൽ നടത്താൻ തീരുമാനിച്ചു. സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ പ്രവർത്തന വിലയിരുത്തൽ നടന്നു. കുടുംബോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഭവനസന്ദർശനം സ്വയം തൊഴിൽ യൂണിറ്റ് പുരോഗമനത്തിനുവേണ്ടി ഫണ്ട് പിൻവലിക്കൽ എന്നിവ നടന്നു. കാരുണ്യപൂർവ്വം പദ്ധതിയിൽ ഫെറോനയിൽ 3 കുടുംബങ്ങളെ സഹായിച്ചു വരുന്നു. ഈ മാസം 900/- വീതം 2700 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു.

തൊഴിൽകാര്യ കമ്മീഷന്റെ ഭാഗമായ് മത്സ്യവിപണന സ്ത്രീഫോം മത്സ്യതൊഴിലാളി ഫോറം ഫെറോനായോഗങ്ങൾ നടന്നു. യോഗങ്ങളിൽ വിവരാവകാശ നിയമം ബോധവൽക്കരണ ക്ലാസ് നൽകി. മത്സ്യതൊഴിലാളി ദിനാഘോഷം ചർച്ച ചെയ്തു. രൂപതാതലത്തിൽ നടക്കുന്ന മത്സ്യതൊഴിലാളി ദിനാഘോഷത്തിൽ ഫെറോനയിൽ നിന്നും സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ 50 അംഗങ്ങൾ പങ്കെടുക്കാൻ തീരുമാനിച്ചു. മത്സ്യതൊഴിലാളി ക്ഷേമനിധി അംഗത്വം ഇൻഷുറൻസ് കാർഡ് എന്നിവ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് രൂപതാതലത്തിൽ സഹായം ആവശ്യമാണെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു.

ആരോഗ്യ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായ് ഭിന്നശേഷി കുട്ടികളുടെ വിവരശേഖരണം നടത്തി. യുഡിഐഡി കാർഡ് ലഭ്യമാക്കുന്നതിനു ക്യാമ്പ് നടത്താൻ തീരുമാനിച്ചു. സ്കൂൾ തലത്തിൽ സിഎച്ച്സിയുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് നടന്നു. ആർസിസിയുടെ നേതൃത്വത്തിൽ അഞ്ചുതെങ്ങ് സെന്റ് ജോസഫ് സ്കൂളിലെ കുട്ടികൾക്ക് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സ് നല്കി. അടുക്കളത്തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായ് സ്കൂൾതലത്തിൽ ബോധവൽക്കരണം നല്കി സ്കൂൾതലത്തിൽ പച്ചക്കറിത്തോട്ട നിർമ്മാണം നടന്നുവരുന്നു. മാമ്പള്ളി ഇടവകതലത്തിൽ തീരദേശസുചീകരണം നടന്നു.





ഇതരതൊഴിലാളി ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോനായോഗം ഇടവകാ യോഗങ്ങൾ 5/5 നടന്നു. ഇടവകാതലത്തിലും ഫെറോനാതലത്തിലും ഭാരവാഹികളുടെ തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചു. എല്ലാ ഇടവകകളിലും അടുക്കളത്തോട്ട നിർമ്മാണം വീടുകളിൽ കാര്യക്ഷമമായി നടന്നുവരുന്നു.

സപ്ലിമെന്ററി നേഴ്സറി സെന്ററുകളിൽ രക്ഷാകർമ്മയോഗം കൂടി കുട്ടികളുടെ പഠനനിലവാരം ഉറപ്പുവരുത്തി, എല്ലാ സെന്ററുകളിലും നവംബർ 4 ശിശുദിനാഘോഷം നടന്നു. മൂങ്ങോട് മാമ്പള്ളി നേഴ്സറി സെന്ററുകളിൽ നിന്നും ബിആർസിയിൽ നിന്നും ഉദ്യോഗസ്ഥർ സന്ദർശനം നടത്തി.

ചൈൽഡ് പാർലമെന്റ് യോഗം 7 ഇടവകകളിലും നടന്നു. ഫെറോനാതലത്തിൽ ശിശുദിനാഘോഷം 50 കുട്ടികളെ ഉൾപ്പെടുത്തി നടന്നു. അന്നേ ദിവസം ചൈൽഡ് പാർലമെന്റ് ലൈൻ ബോധവൽക്കരണം നല്കി.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ് സ്കൂൾ തലത്തിൽ രൂപതാടീമിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സും സ്റ്റിക്കർ ക്യാമ്പയിനും നടന്നു.

**ഫാ. ടോണി ഹാംലെറ്റ്** — **പ്രീതി മാത്യൂസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

### നീതി സമാധാന വികസന കമ്മീഷൻ

ഫെറോനതല പ്രവർത്തകയോഗം: 3-11-18-ന് രാവിലെ 10.30-ന് ശാന്തിപുരം ഇടവകയിൽ വച്ച് ഫെറോന റ്റിഎസ്എസ് കോർഡിനേറ്റർ ഫാ.സിൽവസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രവർത്തകർ ഒക്ടോബർമാസത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും

അതിന്മേൽ വിലയിരുത്താൻ നടത്തുകയും ചെയ്തു.

**ഫെറോനതല എക്സി. മീറ്റിംഗ്:** 3-11-18-ന് വൈകുന്നേരം 4 മണിക്ക് ശാന്തിപുരം ഇടവകയിൽ വച്ച് റ്റിഎസ്എസ് കോർഡിനേറ്റർ ഫാ. സിൽവസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ നടന്നു. 5 ഇടവകകളിൽ നിന്നും ടോയ്‌ലറ്റിന്റെ ആദ്യഘട്ടം തുക എടുക്കാത്തവർ എത്രയും വേഗം എടുക്കാൻ ആവശ്യപ്പെടുകയും അതിന് എന്താണ് ചെയ്യേണ്ടത് എന്നും ഓരോ മാസത്തെയും ബില്ലുകൾ അതാത് മാസം തന്നെ രൂപതയിൽ ഏൽപ്പിക്കണമെന്നും ആനിമേറ്റർ പറഞ്ഞു. വയോജനദിനാചരണം നടത്താൻ തീരുമാനിച്ചെങ്കിലും ചില കാരണങ്ങളാൽ മാറ്റിവച്ചു. ദത്ത് കുടുംബം പദ്ധതിയിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിവരം ആനിമേറ്റർ യോഗത്തെ അറിയിക്കുകയും അതിൻപ്രകാരം എല്ലാ ഇടവകകളിൽ നിന്നും നവംബർ 4-ാം തീയതിക്കകം അപേക്ഷകൾ സ്വീകരിച്ച് കോർഡിനേറ്ററെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ശിശുദിനാചരണം നവംബർ 11-ാം തീയതി തുമ്പ, പള്ളിത്തുറ ചൈൽഡ് പാർലമെന്റ് കുട്ടികളെ ഉൾപ്പെടുത്തി പള്ളിത്തുറയിൽ വച്ച് നടത്താൻ തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ഇടവകതലത്തിൽ വികലാംഗരുടെ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു.

**സ്വയംസഹായസംഘങ്ങൾ**

**ഫെറോനതലയോഗം**: 18-11-18-ന് സെന്റ് ആൻഡ്രൂസ് ഇടവകിൽവച്ച് നടന്നു. ഉണർവ് പഠനപത്രികാവബോധം നല്കി. പുതിയ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് പുതുക്കൽ, പ്രോജക്ടിന്റെ ഭാഗമായി നടത്തപ്പെടുന്ന സ്വയം തൊഴിൽ പരിശീലനം എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. 18 അംഗങ്ങൾ പങ്കെടുത്തു.

ഇടവകതലയോഗങ്ങൾ 7/8 നടന്നു. പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ, ക്രിസ്മസ് ഫെയർ, സ്വയം തൊഴിൽ പരിശീലനം എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

**പുതിയ സ്വയംതൊഴിൽ ആരംഭം:** ഫെറോനയിലെ വ്യക്തികൾക്ക് ബ്യൂട്ടീഷൻ കോഴ്സ് പരിശീലനം നല്കിയതിന്റെ വെളിച്ചത്തിൽ മര്യനാട് ഇടവകയിലെ ഒരു വ്യക്തി 'അക്ഷര' എന്ന പേരിൽ പുതിയ സ്വയംതൊഴിൽ ആരംഭിച്ചു.

**ദത്ത് കുടുംബം:** 10-11-18-ൽ പുതുക്കുറിച്ചി ഫെറോനയിൽ നിന്നും ലഭിച്ച 12 അപേക്ഷകളിന്മേൽ രൂപത എസ്എഫ്പി കോർഡിനേറ്റർ ഫെറോന ആനിമേറ്റർ എസ്എഫ്പി ആനിമേറ്റർ എന്നിവർ വെരിഫിക്കേശൻ നടത്തുകയും ഫോട്ടോ എടുക്കുകയും ചെയ്തു.

**അടിസ്ഥാന സൗകര്യ വികസനം: ഭവനം** ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി ഫെറോനയിൽ ലഭിച്ച 5 ഭവനങ്ങളിൽ 4 പേർ രണ്ടാംഘട്ടം തുക കൈപ്പറ്റി. ഒരു വ്യക്തി 3-ാം ഘട്ടം തുകയും കൈപ്പറ്റി. സ്ത്രീശാക്തീകരണ പ്രോജക്ടിന്റെ ഭാഗമായി ഫെറോനക്ക് ലഭിച്ച 81 ടോയ്‌ലറ്റുകളിൽ ഫാത്തിമപുരം ഒഴികെ മറ്റെല്ലാ ഇടവകകളും ആദ്യഘട്ടം തുക കൈപ്പറ്റി.

**തൊഴിൽകാര്യ കമ്മീഷൻ**

**റ്റിഎംഎഫ്**

**ഫെറോനയോഗം:** 4, 11 തീയതികളിൽ സെന്റ് ആൻഡ്രൂസ് ഇടവകകളിൽ വച്ച് റ്റിഎംഎഫ് ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മത്സ്യതൊഴിലാളി ദിനാചരണത്തെ ക്കുറിച്ചും അതിൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

**യൂണിറ്റ് യോഗങ്ങൾ:** 4, 6, 11 എന്നീ തീയതികളിൽ മര്യനാട്, പള്ളിത്തുറ, തുമ്പ, പുതുക്കുറിച്ചി എന്നീ ഇടവകകളിൽ മത്സ്യതൊഴിലാളികളുടെ യോഗം കൂടി. 18-ാം തീയതി സെന്റാഡ്രൂസിൽ വച്ച് നടത്തുന്ന രൂപതതല മത്സ്യതൊഴിലാളി ദിനാചരണത്തെക്കുറിച്ചും അതിന് ആളുകളെ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ചും ഇടവകകളിൽ ദിവ്യബലിക്ക് നേതൃത്വം നല്കികൊണ്ട് മത്സ്യതൊഴിലാളി ദിനാചരണം

നടത്തുന്നതിനെക്കുറിച്ചും കോസ്റ്റൽ വാർഡൻ റിക്രൂട്ട്മെന്റിനെ ക്കുറിച്ചും യോഗങ്ങളിൽ ചർച്ച നടത്തി. 35, 15, 16, 17 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**മത്സ്യത്തൊഴിലാളി ദിനാചരണം:** നവംബർ 21-ാം തീയതി പുതുക്കുറിച്ചി ഫെറോനയിലം സെന്റ് ആൻഡ്രൂസ് ഇടവകയിൽവച്ച് പുതുക്കുറിച്ചി, വലിയതുറ, കോവളം, പുല്ലുവിള, തൂത്തൂർ, അഞ്ചുതെങ്ങ് ഫെറോനകളില മത്സ്യതൊഴിലാളികളെയും മത്സ്യക്കച്ചവട സ്ത്രീകളെയും ഉൾപ്പെടുത്തി മത്സ്യതൊഴിലാളി ദിനം ആചരിക്കുകയുണ്ടായി. പ്രസ്തുത പരിപാടി റവ.ഡോ.ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്യുകയും റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ.ലെനിൻരാജ്, റ്റിഎസ്എസ്എസ് ഫെറോന കോർഡിനേറ്റർ ഫാ. സിൽവസ്റ്റർ കുരിശ്, കഠിനംകുളം പഞ്ചായത്ത് പ്രസിഡന്റ് റ്റിഎംഎഫ് ഡയറക്ടർ ഫാ. ഷാജിൻ ജോസ് എംഎൽഎ ശ്രീമാൻ വിൻസെന്റ് എന്നിവരുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു.

**ഇടവകതലം:** 11, 18, 25 എന്നീ തീയതികളിൽ പള്ളിത്തുറ, ഫാത്തിമാപുരം, തുമ്പ, പുതുക്കുറിച്ചി, സെന്റാഡ്രൂസ്, മര്യനാട്, ശ്നിതപുരം എന്നീ ഇടവകകളിൽ മത്സ്യതൊഴിലാളികൾ ദിവ്യബലിക്ക് നേതൃത്വം നല്കികൊണ്ട് മത്സ്യതൊഴിലാളി ദിനാചരണം നടത്തി. പള്ളിത്തുറ, ഇടവകയിൽ 15 മത്സ്യക്കച്ചവട സ്ത്രീകളെയും ഫാത്തിമാപുരം ഇടവകയിൽ 6 മതസ്യതൊഴിലാളി കളെയും പൊന്നാടയണിയിച്ച് ആദരിക്കുകയും വിവിധ തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**മത്സ്യക്കച്ചവട സ്ത്രീഫോറം**: ഇടവകതലയോഗങ്ങൾ 8/9 നടന്നു. എല്ലാ യൂണിറ്റ് യോഗങ്ങളിലും 18-ാം തീയതി സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് നടക്കുന്ന മത്സ്യതൊഴിലാളി ദിനാചരണത്തെ ക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ചർച്ച ചെയ്യുകയും ഉണർവ് പത്രികയായ 'വിവരാവകാശ നിയമം' എന്ന വിഷയത്തിന്മേൽ അംഗങ്ങൾക്ക് ബോധവൽക്കരണം നല്കുകയും ചെയ്തു.





**ബോധവൽക്കരണ ക്ലാസ്സ്:** 11-ാം തീയതി പുതുക്കുറിച്ചി ഇടവകയിൽ വച്ച് ലിംഗനിതിയെക്കുറിച്ചും ഭവനങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും പ്രത്യേകിച്ച് മക്കൾക്കുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും പ്രോജക്ട് അസിസ്റ്റന്റ് കോർഡിനേറ്റർ ശ്രീമതി ജനറ്റ് വിക്ടർ മത്സ്യക്കച്ചവട സ്ത്രീകൾക്ക് ക്ലാസ് നല്കി.

**നിവേദനം തയ്യാറാക്കൽ**: പെരുങ്ങുഴി, കഴക്കൂട്ടം, ചിറ്റാറ്റുമുക്ക് എന്നീ ചന്തകൾ സന്ദർശിച്ച് അവിടെയുള്ള മത്സ്യക്കച്ചവട സ്ത്രീകളുടെ പ്രശ്നങ്ങൾ മനസിലാക്കിയതിന്റെ വെളിച്ചത്തിൽ കടകാശ് കുറച്ച് കൊടുക്കുക, അടിസ്ഥാന സൗകര്യങ്ങൾ നല്കുക കഴക്കൂട്ടം മാർക്കറ്റിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കുക മറ്റ് കച്ചവടക്കാരെകൂടി ഉൾപ്പെടുത്തി ഒരു പരിപാലന കമ്മറ്റി രൂപീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് കഠിനംകുളം, അഴൂർ പഞ്ചായത്തുകൾക്കും തിരുവനന്തപുരം കോർപ്പറേഷനും കൊടുക്കാനുള്ള നിവേദനം തയ്യാറാക്കി ഒപ്പ് ശേഖരണം നടത്തിവരുന്നു.

**ആരോഗ്യകാര്യ കമ്മിഷൻ**

**എൽ എഫ് വിസിറ്റ്:** 23-ാം തീയതി ആനിമേറ്റർ എൽഎഫ് കുട്ടികളുടെ ഭവനം സന്ദർശനം നടത്തുകയും 2 കുട്ടികളുടെ ബസ് പാസ്സ്, ട്രെയിൻ പാസ്സ് എന്നിവയ്ക്ക് വേണ്ടിയുള്ള രേഖകൾ ശേഖരിക്കുകയും അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. കൂടാതെ കൊച്ചുതുറ ഇടവകയിലെ ഒരു പുതിയ കുട്ടിയെ കണ്ടെത്തി വേണ്ട വിവരങ്ങളും ഡോക്യുമെന്റുകളും ശേഖരിക്കുകയും ചെയ്തു.

ഓഖി ബാധിതരായ രണ്ട് കുടുംബങ്ങൾക്ക് തുമ്പ ഇടവകവികാരി 28-11-18-ന് വൈകുന്നേരം 3 മണിക്ക് നടന്ന ഓഖി ഒന്നാം വാർഷിക അനുസ്മരണ ദിവ്യബലി മദ്ധ്യേ ജൂബിലിയിൽ നിന്നുള്ള ഇൻഷ്വറൻസ് കാർഡ് റവ.ഫാ. റോഡ്രിക്സ് കുട്ടി വിതരണം ചെയ്തു.

### സ്ത്രീകളും കുട്ടികളും കമ്മീഷൻ

**ശിശുദിനാചരണം:** 11-ാം തീയതി പള്ളിത്തുറ ഇടവകയിൽ വച്ച് തുമ്പ, പള്ളിത്തുറ ചൈൽഡ് പാർലമെന്റുകളെ ഉൾപ്പെടുത്തി ശിശുദിനാചരണം നടത്തുകയും ശിശുദിനത്തെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനവിതരണം നടത്തുകയും തുടർന്ന് റാലി സംഘടിപ്പിക്കുകയും ചെയ്തു.

**മദ്യവിരുദ്ധവും പരിസ്ഥിതി സംരക്ഷണവും:** 21, 26 എന്നീ തീയതികളിൽ പള്ളിത്തുറ എച്ച്എസ്എസ്, പുത്തൻതോപ്പ് സെന്റ് ഇഗ്നേഷ്യസ് യുപി സ്കൂൾ എന്നിവ രൂപത കോർഡിനേറ്റർ സി.ജിൻസ ആനിമേറ്റർ എന്നിവർ സന്ദർശിക്കുകയും 27-ാം തീയതി പള്ളിത്തുറ സ്കൂളിലും 30-ാം തീയതി പുത്തൻതോപ്പ് സ്കൂളിലും വച്ച് സ്റ്റിക്കർ ക്യാമ്പെയിൻ നടത്തുന്നതിനുള്ള ദിവസംഎടുക്കുകയും ചെയ്തു.

**ഫാ. സിൽവസ്റ്റർ കുരിശ്** — കോഓർഡിനേറ്റർ

**വിജിൻ വർഗ്ഗീസ്** — ആനിമേറ്റർ

### പേട്ട ഫെറോന

### നീതി സമാധാനം വികസനം കമ്മീഷൻ

24-10-2018 ഫെറോന ജോയിന്റ് ആനിമേറ്റേഴ്സ് യോഗം ഫെറോനവികാരി റവ.ഫാ. പങ്ക്രേഷ്യസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സാമൂഹ്യശുശ്രൂഷ. വിദ്യാഭ്യാസം, ബിസിസി എന്നീ ആനിമേറ്റർമാർ പങ്കെടുത്തു ഫെറോനയിൽ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു വിലയിരുത്തി.

7-10-18 ഫെറോന സാമൂഹ്യശുശ്രൂഷ എക്സിക്യൂട്ടീവ് യോഗം വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

എസ്എച്ച്ജി ഫെറോന ഫെഡറേഷൻ യോഗം 12-10-2018, 9-11-2018 തീയതികളിൽ നടന്നു. യോഗത്തിൽ മുൻമാസ





പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്തമാസം ഫെറോനതലത്തിൽ ക്രിസ്മസ് ഫെയർ, ക്രിസ്മസ് സെലിബ്രേഷൻ എന്നിവ നടത്തുവാൻ തീരുമാനിച്ചു. 12-10-2018-ന് ഫെറോനയിലെ 23 എസ്എച്ച്ജി അംഗങ്ങൾക്ക് കുമാരപുരം പാരീഷ്ഹാളിൽ വച്ച് കെഐഎൽഎ റിസോഴ്സ് പേഴ്സിൽ ശ്രീമതി ജയാരാജേന്ദ്രൻ സാമൂഹ്യ രാഷ്ട്രീയ തലങ്ങളിൽ സ്ത്രീകളുടെ പങ്ക് എന്ന വിഷയത്തിൽ അവബോധം നല്കി. 14-10-18 സ്വയം തൊഴിൽ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പുഷ്പഗിരി ഇടവകയിലെ ജ്വാല എസ്എച്ച്ജി -ലെ 14 അംഗങ്ങൾക്ക് ഓവനില്ലാതെ കുക്കറിൽ കേക്ക് ഉണ്ടാക്കുന്നതിന്റെ പരിശീലനം സംഘടിപ്പിച്ചു.

27-9-18-ന് കുമാരപുരം പാരീഷ്ഹാളിൽ വച്ച് ഫെറോനയിലെ എസ്എച്ച്ജി അംഗങ്ങൾക്കായി സംഘടിപ്പിച്ച തയ്യൽപരിശീലനം 16-11-18-ന് സമാപിച്ചു. 35 ദിവസം നീണ്ടുനിന്ന തയ്യൽ പരിശീലനത്തിൽ എസ്എച്ച്ജി കോർഡിനേറ്റർ ആശംസയും ഫെറോന കോർഡിനേറ്റർ റവ.ഫാ.ക്രിസ്റ്റഫർ തയ്യൽ പരിശീലനം നേടിയ അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണവും ചെയ്തു.

അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി 1-10-18-ന് ഫെറോനയിലെ 5 ഭവനങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി 50,000/ രൂപ ക്രമത്തിൽ 2, 50,000/ രൂപ ധനസഹായം ലഭിച്ചു.

രൂപതയുടെ ധനസഹായത്തോടെ പണി ആരംഭിച്ച 10 ടോയിലറ്റുകളുടെ പണി പുരോഗമിച്ചുവരുന്നു. നിർധന കുടുംബങ്ങളെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാരുണ്യപൂർവ്വം പദ്ധതിയിലെ നിലവിലുള്ള 18 കുടുംബങ്ങൾക്ക് 900 രൂപ വീതം 16,200 രൂപ പ്രസ്തുത

കുടുംബങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. കാരുണ്യ പൂർവ്വം ആനിമേറ്റർ ഭവനങ്ങൾ സന്ദർശിച്ച് കുടുംബങ്ങളുടെ പുരോഗതിയും വിലയിരുത്തുകയുണ്ടായി. ചെറുവക്കൽ ഇടവകയിലെ ഒരു ഗുണഭോക്താവ് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സ്വയം തൊഴിലിലൂടെ വരുമാനം മെച്ചപ്പെടുത്തുന്നതിനായി ഒരു തയ്യൽ മെഷ്യനെടുത്ത് ടെയിലറിംഗ് ആരംഭിച്ചു.

**തൊഴിൽകാര്യ കമ്മിഷൻ**

20-10-18, 19-11-18 - കെ.എൽ.എം ഫെറോനതല യോഗം നടന്നു. രൂപതാ ടിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക മോട്ടോർ വാഹനതൊഴിലാളികളുടെ ഫോറം രൂപീകരണത്തിന്റെ ഭാഗമായി ഇടവകാതലത്തിൽ അംഗങ്ങളുടെ ലിസ്റ്റ് ശേഖരിച്ചു.

**ആരോഗ്യകാര്യ കമ്മീഷൻ**

31-10-18 മുട്ടട ഹോളിക്രോസ് എൽ.പി സ്കൂൾ കുട്ടികൾക്ക് നല്ല ഭക്ഷണശീലവും ഫാസ്റ്റ് ഫുഡിന്റെ ദൂഷ്യവശങ്ങളുടെയും ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

28-10-18 പേട്ട സെന്റ് ആൻസ് ഇടവകയിൽ ജൂബിലി ആശുപത്രിയുടെയും സിപ്ലാ-മരുന്നു കമ്പനിയുടെയും സഹായത്തോടെ 'സൗജന്യ കാർഡിയോളജി' ക്യാമ്പ് നടന്നു. മുൻ ഇടവക സഹവികാരി റവ.ഫാ.സുരേഷ് പയസിന്റെ ഉദ്ഘാടനത്തോടെ നടന്ന ക്യാമ്പിൽ വെയിറ്റ്, ഷുഗർ, കൊളസ്ട്രോൾ, ബി.പി, ഇ.സി.ജി, കണ്ണ് എന്നിവയുടെ സൗജന്യപരിശോധനയും 50 രൂപ ഫീസ് നിരക്കിൽ തയറോയിഡ് പരിശോധനയും ഉണ്ടായിരുന്നു. രണ്ട് ഹൃദ്രോഗ ഡോക്ടർമാരുടെ സേവനം ഉൾപ്പെടെ 22 സ്റ്റാഫ് അംഗങ്ങളുടെ സഹകരണവും 187 അംഗങ്ങളുടെ പങ്കാളിത്വവും ഉണ്ടായിരുന്നു.

28-10-18 മുട്ടട ഇടവകയിൽ ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ വയോധികരുടെ ഒരു ഫോറം രൂപീകരിച്ചു.





29-10-18 കുമാരപുരം കോൺഫറൻസ് ഹാളിൽ വച്ച് ഫെറോനവികാരി റവ.ഫാ.പങ്ക്രേഷ്യസിന്റെ ഉദ്ഘാടനത്തോടെ ഫെറോനതല വയോധിക ദിനാചരണം നടന്നു. ഫെറോന കോർഡിനേറ്റർ റവ. ഫാ. ക്രിസ്റ്റഫർ കെ.എൽ-ത്തിന്റെ അദ്ധ്യക്ഷത യിൽ നടന്ന പ്രോഗ്രാമിൽ 60 വയോധികർക്ക് ബഡ്ഷീറ്റ് നൽകി ആദരിച്ചു. തുടർന്ന്, ഡോ. ശോഭാ മാത്യു വയോധികരുടെ ആരോഗ്യപരിരക്ഷ എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു രൂപതാ കോർഡിനേറ്റർ സി. ജിൻസാ ആശംസാ സന്ദേശം നൽകി. വയോധികരുടെ സമൂഹഗാനവും സ്നേഹവിരുന്നും സംഘടിപ്പിച്ചു.

2/2 വിധവാഫോറം യോഗം പുഷ്പഗിരി, ചെറുവക്കൽ എന്നീ ഇടവകയിൽ നടന്നു.

2/2 ചൈൽഡ് പാർലമെന്റ് യോഗങ്ങൾ മൺവിള, കുമാരപുരം എന്നീ ഇടവകയിൽ നടന്നു.

20-11-18 മൺവിള ഇടവകയിലെ ചൈൽഡ് പാർലമെന്റ് കുട്ടികളുടെ ശിശുദിനാഘോഷം സംഘടിപ്പിച്ചു. റവ.സി.ജിൻസാ കുട്ടികൾക്ക് എൽ.സി.ഡി യുടെ സഹായത്തോടെ ചൈൽഡ് സൈക്കോളജിയുടെ ബോധവൽക്കരണം നൽകി. ചൈൽഡ്ലൈൻ ടീം മെമ്പർ ശ്രീമതി ലീജാ സ്റ്റീഫൻ ചൈൽഡ് ലൈൻ അവബോധവും ഫെറോന ആനിമേറ്റർ ശ്രീമതി ബിയാട്രിസ് ഗേർട്ടിയുടെ നേതൃത്വത്തിൽ ക്വിസ് മത്സരവും നടന്നു.

28-10-18, 29-10-18 എന്നീ ദിവസങ്ങളിൽ മുട്ടട, പേട്ട എന്നീ ഇടവകയിൽ 250 ചൈൽഡ്ലൈൻ ബ്രൗഷർ ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ വിതരമം ചെയ്തു.

മദ്യവർജ്ജനവും പരിസ്ഥിതി സംരക്ഷണവും കമ്മീഷൻ: മദ്യവർജ്ജന പ്രവർത്തനത്തിന്റെ ഭാഗമായി പുഷ്പഗിരി ഇടവകയിലെ മദ്യപാനിയായ ഒരു വ്യക്തിയുടെ ഭവനം ഫെറോന

ആനിമേറ്റർ സന്ദർശിച്ച് മുക്തി ഡീ അഡീക്ഷൻ പ്രോഗ്രാമിൽ പങ്കെടുക്കണമെന്ന് അറിയിച്ചു.

മാലിന്യനിർമ്മാർജ്ജനവും പരിസ്ഥിതി സംരക്ഷണവും എന്ന വിഷയത്തിൽ ഫെറോന ആനിമേറ്റർ ഫെറോനയിലെ 27 അംഗങ്ങൾക്ക് അവബോധം നല്കി.

**ഫാ. ക്രിസ്റ്റഫർ കെ.എൽ** — **ബിയാട്രിസ് ഗേർട്ടി**
കോഓർഡിനേറ്റർ — ആനിമേറ്റർ

**കഴക്കൂട്ടം ഫെറോന**

**അടിസ്ഥാന സൗകര്യവികസനം**

ഭവനം ഒരു സമ്മാനം ഒന്നാംഘട്ടം പണി പൂർത്തിയാക്കിയ വരുടെ ഭവനങ്ങൾ 5-11-18-ൽ സന്ദർശിക്കുകയും വെരിഫിക്കേഷൻ പൂർത്തിയാക്കി. 15-11-18-ൽ രണ്ടാംഘട്ടം പണി ആരംഭിക്കുന്ന നാല് അംഗങ്ങൾക്ക് 75000 രൂപ ഓഫീസിൽ നൽകുകയും പണി ആരംഭിക്കുകയും ചെയ്തു. ഒരു ഭവനം ആദ്യഘട്ട പണി പൂർത്തിയാകാത്തതിനാൽ രണ്ടാംഘട്ടം തുക നല്കിയില്ല.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഇടവകകളിൽ നിന്ന് ടോയ്‌ലറ്റിനായി ലഭിച്ച 28 അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസിൽ നല്കുകയും ചെയ്തു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും:** യോഗങ്ങളിൽ ഉണർവ്വ് പഠന പത്രിക വിവരാവകാശ നിയമം എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണം നല്കി. രൂപതാതല ബ്യൂട്ടിഷ്യൻ കോഴ്സ് അറിയിപ്പ് നല്കി, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ ക്ലാസ്സ് അറിയിപ്പ്, രജിസ്ട്രേഷൻ പുതുക്കാത്ത എസ്എച്ച്ജികൾ സന്ദർശിച്ച് പുതുക്കാനുള്ള നിർദ്ദേശം നല്കി.

**തൊഴിൽകാര്യ കമ്മീഷൻ**: 4-11-18-ൽ രൂപതാ സാമൂഹ്യശുശ്രൂഷാ





സമിതി ഓഫീസിൽ വച്ച് നടന്ന കെഎൽഎം ഫെറോനാ ജനറൽബോഡിയും നേതൃസംഗമവും പരിപാടിയിൽ ഫെറോനയിൽ നിന്നും 10 അംഗങ്ങൾ പങ്കെടുത്തു. ഇടവകതലയോഗങ്ങൾ 4/4 ഉം നടന്നു. ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനായി താല്പര്യപ്പെട്ട അംഗങ്ങൾക്ക് അപേക്ഷാഫോറം നല്കുകയുണ്ടായി.

**ആരോഗ്യകാര്യ കമ്മീഷൻ**

**എൽ.എഫ് ഭവന സന്ദർശനം**: കൊയ്ത്തൂർകോണം, മുരുക്കുംപുഴ എന്നീ ഇടവകകളിൽ നിന്ന് ഭിന്നശേഷി കുട്ടികളായ 4 കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും നിലവിലുള്ള അവസ്ഥ വിലയിരുത്തുകയും ആനുകൂല്യത്തിന് ആവശ്യമായ രേഖകൾ ശേഖരിച്ച് ബന്ധപ്പെട്ട ഓഫീസിൽ നല്കുകയും ചെയ്തു.

**സ്ത്രീകളും കുട്ടികളും**

കാരുണ്യപൂർവ്വം പദ്ധതിവഴി നിലവിൽ 8 അംഗങ്ങൾക്ക് മാസം 900 രൂപ ധനസഹായം ലഭിച്ചുവരുന്നു. ഈ മാസം തുണ്ടത്തിൽ ഇടവകയിൽ നിന്ന് ഈ പദ്ധതിയിൽ ആനുകൂല്യത്തിനായി 12 അപേക്ഷകൾ ലഭിക്കുകയും ഓഫീസിൽ നല്കുകയും ചെയ്തു.

വിധവാഫോറം യൂണിറ്റ് യോഗം മുരുക്കുംപുഴ, ഞാണ്ടൂർക്കോണം ഇടവകകളിൽ നടന്നു. 19-11-18-ൽ മുരുക്കുംപുഴ ഇടവകയിൽ നടന്ന യോഗത്തിൽ 8-12-18-ൽ ഇടവക വികാരിയും യൂണിറ്റ് അംഗങ്ങളുമായി വല്ലാർപാടം പള്ളിയിൽ തീർത്ഥയാത്ര പോകുവാൻ തീരുമാനിച്ചു. 21-10-18-ൽ ഞാണ്ടൂർകോണം യൂണിറ്റ് അംഗങ്ങൾ മിഷൻ ഞായറിന്റെ ഭാഗമായി ഫുഡ് ഫെസ്റ്റ് നടത്തുവാൻ തീരുമാനിച്ചു. 1-12-18-ൽ രൂപതാ ഓഫീസിൽ വച്ച് വിധവകൾക്കായി നടത്തപ്പെടുന്ന പരിപാടിയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി.

**ചൈൽഡ് പാർലമെന്റ്:** ഞാണ്ടൂർകോണം ഇടവകയിൽ 21-10-18, 11-11-18-ലും 20 കുട്ടികളും പങ്കെടുത്തുകൊണ്ട് വോളന്റിയറിന്റെ നേതൃത്വത്തിൽ യോഗം നടന്നു. യോഗത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് ബോധവൽക്കരണം നല്കി.

**പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ**

28-10-18-ൽ ഫെറോനാ സെന്ററിൽവച്ച് ഫെറോനാവികാരി മോൺ. ജോർജ്ജ്പോൾ അച്ചന്റെ അദ്ധ്യക്ഷതയിൽ ശുചിത്വമിഷനിലെ റിസോഴ്സ് പേഴ്സൺ പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ ക്ലാസ്സ് നടത്തി. 25 അംഗങ്ങൾ പങ്കെടുത്തു, രൂപതയിൽ നിന്നുള്ള സിസ്റ്റർ ജിൻസയുടേയും കോർഡിനേറ്റർ ചാണ്ടി പോളച്ചന്റേയും സാന്നിധ്യമുണ്ടായിരുന്നു.

| | |
|---|---|
| **ഫാ. ചാണ്ടിപോൾ** | **മേഴ്സിഡാൽബി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

~~**പാളയം ഫെറോന**~~

**നീതി സമാധാനവികസന കമ്മീഷൻ:**

കാര്യശേഷി വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനതല എക്സിക്യൂട്ടീവ് യോഗം 11-11-2018-ൽ പാളയത്തു വച്ചു ഫെറോന കോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിലും ഫെറോനവികാരിയുടെ സാന്നിദ്ധ്യത്തിലും നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്ലാൻ & ബഡ്ജറ്റ് പ്രകാരം തന്മാസ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. 14/18 ഇടവകതല പ്രവർത്തനങ്ങൾ നടന്നു. മലമുകൾ, കുലശേഖരം, ക്രിസ്തുരാജ പുരം, മുടവൻമുകൾ യോഗങ്ങൾ നടന്നില്ല.

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ





ഭാഗമായി മാസം ഒരു വാസം ഭവന പദ്ധതി പ്രകാരം കാച്ചാണി ഇടവകയിലെ ശ്രീമതി. സൗമ്യയുടെ ഭവന നിർമ്മാണത്തിന്റെ കല്ലിടൽ കർമ്മം ഫാ. ലെനിൻരാജ് നിർവഹിച്ചു. രൂപതാ ഭവനം ഒരു സമ്മാനം പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 4 പേർക്ക് രണ്ടാം ഗഡു തുക 75000 രൂപ വീതം അനുവദിച്ചു.

സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനതലത്തിൽ എസ്എച്ച്ജി അംഗങ്ങൾക്ക് സാമൂഹ്യരാഷ്ട്രീയ പ്രക്രിയകളിൽ സ്ത്രീകളുടെ പങ്ക് എന്ന വിഷയത്തിൽ സൈക്യാട്രിസ്റ്റ് ഡോ.ജയ രാജേന്ദ്രൻ ക്ലാസ് നല്കി. 3-9-18-ൽ പാളയം സെന്റ് സേവ്യഴ്സ് ക്രാഫ്റ്റ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ തുടങ്ങിയ 35 ദിവസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനത്തിന്റെ സമാപനം 30-10-18-ൽ നടത്തി. ഫെറോനവികാരി മോൺ. നിക്കോളസ്, രൂപതാ സാമൂഹ്യശുശ്രൂഷാ ഡയറക്ടർ ഫാ. ലെനിൻരാജ് എന്നിവർ സമാപന സന്ദേശവും രൂപതാ എസ്.എച്ച്.ജി കോർഡിനേറ്റർ ശ്രീമതി. അന്നറീറ്റ് ആശംസകളും പരിശീലകർക്ക് നല്കി. തുടർന്ന് മൂന്ന് പരിശീലകർക്ക് തയ്യൽ മെഷീൻ സൗജന്യമായി വിതരണം ചെയ്തു.

കാരുണ്യപൂർവ്വം പദ്ധതി പ്രകാരം ഫെറോനയിലെ 25 കുടുംബങ്ങൾക്ക് 900 രൂപ വീതം 22500 രൂപ ബാങ്കിൽ നിക്ഷേപിച്ചു. ആനിമേറ്റർ ശ്രീമതി. റജി ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശനം നടത്തി.

**തൊഴിൽകാര്യ കമ്മീഷൻ**

10-11-18-ൽ ഫെറോന കെ.എൽ.എം എക്സി. യോഗം കൂടി. കൃഷി രീതികളെക്കുറിച്ച് മനസ്സിലാക്കുന്നതിന്റെ ഭാഗമായി എക്സി.

അംഗങ്ങളും കർഷക തൊഴിലാളികളും ചേർന്ന് വെള്ളായണി കാർഷിക കോളേജ് സന്ദർശിക്കുവാൻ തീരുമാനിച്ചു. 12/12 ഇടവകതല യോഗങ്ങളും നടന്നു.

**ആരോഗ്യകാര്യ കമ്മീഷൻ**

തൈക്കാട് ഇടവകയിൽ വയോമിത്രം ക്യാമ്പ് നടന്നു. 28-10-18-ൽ ഫെറോനതല വയോജന ദിനാചരണം സംഘടിപ്പിച്ചു. ഫെറോന കോർഡിനേറ്റർ അദ്ധ്യക്ഷത വഹിക്കുകയും ഫെറോനവികാരി 'വാർദ്ധക്യം എങ്ങനെ സന്തോഷപ്രദമാക്കാം' എന്ന വിഷയത്തിൽ ക്ലാസ് നൽകുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. തുടർന്ന് എല്ലാ വയോധികർക്കും ബെഡ്ഷീറ്റ് നല്കുകയും കലാകായിക മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്യുകയും സ്നേഹവിരുന്ന് ഒരുക്കുകയും ചെയ്തു. 53 വയോധികർ പങ്കെടുത്തു. ഫെറോന എക്സി. അംഗങ്ങളുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. കുടപ്പനക്കുന്ന് ഇടവകയിൽ ഇടവകാസാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ ഗവ.ഡെന്റൽ കോളേജിന്റെ സഹായത്തോടെ സൗജന്യ ഡെന്റൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ 106 പേർ പങ്കെടുക്കുകയും 9 പേർക്ക് ക്ലീനിംഗ്, 12 പേരുടെ പല്ലിന്റെ പോട് അടയ്ക്കുകയും ചെയ്തു.

**സ്ത്രീകളും കുട്ടികളും കമ്മീഷൻ**: ഫെറോനതലത്തിൽ വിധവകളെ ഉൾപ്പെടുത്തി ജപമാല നിർമ്മാണ പരിശീലനം നല്കി. സിസ്റ്റർ ഷിജി പരിശീലനത്തിനു നേതൃത്വം നല്കി.

മലമുകൾ, കുടപ്പനക്കുന്ന്, പൂഴിക്കുന്ന്, നെട്ടയം. കുലശേഖരം, പാളയം ഇടവകകളിൽ ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു. യോഗങ്ങളിൽ ശിശുദിനാചരണം നടത്തുകയും ചൈൽഡ് ലൈനിന്റെ സഹായത്തോടെ കുട്ടികൾക്ക് വിവിധ





വിഷയങ്ങളിൽ ക്ലാസുകൾ നല്കുകയും മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം നടത്തുകയും ചെയ്തു.

**പരിസ്ഥിതി പ്രവർത്തനങ്ങൾ:** സാമൂഹ്യശുശ്രൂഷാ ജനറൽബോഡി അംഗങ്ങൾക്ക് കേരള സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ രൂപതാ പരിസ്ഥിതി നയരേഖയുടെ അടിസ്ഥാനത്തിൽ മാലിന്യസംസ്ക്കരണം എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് നല്കി. ശ്രീ.കെ.ആർ. രാജനാണ് ക്ലാസ് എടുത്തത്. അംഗങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ നടത്തുകയും ചെയ്തു.

**ഫാ. ക്ലീറ്റസ് വിൻസന്റ്** — **രമ്യ ജോസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

**നീതി സമാധാനവികസന കമ്മീഷൻ:**

**കാര്യശേഷി വികസന വിഭാഗം:** ഫെറോന യോഗം 3-11-18 ശനിയാഴ്ച രാവിലെ 11 മണിക്ക് ഫെറോന കോർഡിനേറ്റർ റവ.ഫാ.പോൾ.ജി ഇവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. 8 പേർ പങ്കെടുത്തു. വയോജനദിനാചരണം ഇടവകതലത്തിൽ നടപ്പിലാക്കൽ, ശിശുദിനപരിപാടി 20-11-18-ൽ ചെറുവെട്ടുകാട് ഇടവകയിൽ നടത്തൽ എന്നിവ പ്ലാൻ ചെയ്തു. ഇടവക സമിതി യോഗങ്ങൾ 6/10 ഇടവകകളിൽ നടന്നു. ഇടവക സന്ദർശനം നടത്തി.

അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കിയ 10 ടോയ്‌ലറ്റുകളുടെയും പണി പൂർത്തിയായി. ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി 5 ഭവനങ്ങൾക്ക് രൂപതാധനസഹായം ലഭിച്ചു. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**തൊഴിൽകാര്യ കമ്മീഷൻ**: മത്സ്യവിപണന സ്ത്രീഫോറം പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനയോഗം 11-11-18-ൽ നടന്നു. മത്സ്യതൊഴിലാളി ഫോറവും സംയുക്തമായി നടത്തിയ യോഗത്തിൽ മത്സ്യത്തൊഴിലാളി ദിനാചരണം ചർച്ച ചെയ്തു. 18-11-18-ൽ രൂപത മത്സ്യതൊഴിലാളി ദിനാചരണം സെന്റാഡ്രൂസ് ഇടവകയിൽ വച്ച് നടത്തി. ഫെറോനയിൽ നിന്നും 28 പുരുഷന്മാരും 66 സ്ത്രീകളും പങ്കെടുത്തു. യൂണിറ്റ് യോഗങ്ങൾ 7/8 നടന്നു. മത്സ്യത്തൊഴിലാളി ഫോറത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 4 യൂണിറ്റ് യോഗങ്ങൾ നടന്നു. ചെറിയതുറ, കൊച്ചുതോപ്പ്, കൊച്ചുവേളി എന്നീ ഇടവകയിൽ എസ്എച്ച്ജി യോഗങ്ങൾ നടന്നു. ജീവൻജ്യോതി ലോൺ 1, 13000/- വായ്പ തിരിച്ചടവ് നടത്തി.

ഓഖി തുടർപ്രവർത്തനങ്ങളുടെ ഭാഗമായി 13, 14 തീയതികളിൽ രൂപത കോർഡിനേറ്റർ റവ.സി.ഷിജിയുമായി ചേർന്ന് ഭവനസന്ദർശനം നടത്തി. സ്വയം തൊഴിൽ സംരംഭങ്ങൾ വിലയിരുത്തി.

**ആരോഗ്യകാര്യ കമ്മീഷൻ**: വയോജനദിനാചരണത്തിന്റെ ഭാഗമായി 5, 7, 8, 17, 24, 26, 27, 30 എന്നീ തീയതികളിലായി ചെറുവെട്ടുകാട്, കൊച്ചുവേളി, വെട്ടുകാട്, കണ്ണാന്തുറ, സെന്റ് സേവ്യഴ്സ്, വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, തോപ്പ് എന്നീ ഇടവകകളിലുള്ള കിടപ്പുരോഗികളുടെ ഭവനസന്ദർശനം നടത്തി പ്രാർത്ഥിച്ച് ഉപഹാരം നല്കി. ഫെറോന കോർഡിനേറ്റർ റവ.ഫാ.പോൾ.ജി ഫെറോന 80 പ്രതിനിധി, സിസ്റ്റർ - സലോമി എന്നിവർ നേതൃത്വം നല്കി.

**ചെറുവെട്ടുകാട്:** ഇടവകയിൽ 5-11-18-ൽ വയോജനദിനാചരണം നടത്തി.

ഡയബറ്റിക് ദിനാചരണത്തിന്റെ ഭാഗമായി 14-11-18-ൽ വലിയതുറ ഇടവകയിൽ ഉള്ള ഫ്ളാറ്റിൽ താമസിക്കുന്ന 38





അംഗങ്ങളെ ഉൾപ്പെടുത്തി എൻസിഡി ക്യാമ്പ് നടത്തി. ഡോ.ശേഭാമാത്യു നേതൃത്വം നല്കി.

**സ്വയം സഹായസംഘങ്ങളും സാമ്പത്തിക ഉന്നമനവും:** ഫെറോന ഫെഡറേഷൻ യോഗം 20-11-18-ൽ നടന്നു. 36 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ 'വിവരാവകാശം' എന്ന വിഷയത്തിൻ മേൽ ബോധ്യം നല്കി. ഇടവകതലയോഗങ്ങൾ 5/5 നടന്നു. ആക്ടിവിറ്റി ഗ്രൂപ്പുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി.

1-10-18-ൽ തുടങ്ങിയ തയ്യൽ പരിശീലനം 30-11-18-ൽ സമാപിച്ചു. പങ്കെടുത്ത അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**സ്ത്രീകളും കുട്ടികളും**

**വിധവാഫോറം യൂണിറ്റ് യോഗം 4/4 ഇടവകകളിൽ നടന്നു.**

കുട്ടികളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ചൈൽഡ് പാർലമെന്റ് യോഗം 4/4 ഇടവകയിലും നടന്നു. ശിശുദിനത്തെക്കുറിച്ച് ക്ലാസ്സുകൾ നല്കി. ചെറിയതുറ, വേളി, കൊച്ചുവേളി, ചെറുവെട്ടുകാട് ഇടവകകളിൽ ഇടവക വികാരിമാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ചൈൽഡ് പാർലമെന്ററുകളുടെ നേതൃത്വത്തിൽ ശിശുദിനാചരണം 20-11-18-ൽ ചെറുവെട്ടുകാട് ഇടവകയിൽ വച്ചു നടത്തി. 4 ഇടവകകളിൽ നിന്നുമായി 108 കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ ചാച്ചാജിയും ഇടവകകളിലുള്ള 4 പ്രതിനിധികളും ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. മാധ്യമം, രാഷ്ട്രീയം, ലീഡർഷിപ്പ്, വിദ്യാഭ്യാസം എന്നിവയിൽ മേൽ മന്ത്രിമാർ വിഷയാവതരണം നടത്തി. തുടർന്ന് നടന്ന ക്വിസ് മത്സരത്തിൽ ചെറിയതുറ ഇടവക ഒന്നാംസമ്മാനവും, കൊച്ചുവേളി ഇടവക രണ്ടാം സമ്മാനവും കരസ്ഥമാക്കി. രൂപതാതലത്തിൽ കാർട്ടൂൺ മത്സരത്തിൽ ഒന്നാംസമ്മാനം ലഭിച്ച കൊച്ചുവേളി ഇടവകയിലെ ചൈൽഡ് പാർലമെന്റ് അംഗത്തിനെ ആദരിച്ചു. 4 ഇടവകകളിലുമുള്ള കുട്ടികൾ

കലാപരിപാടികൾ നടത്തി. റവ.ഫാ.പോൾ.ജി, ഫാ. ഇമ്മാനുവേൽ, ഫാ.ജോസ് ദിലീപ് എന്നിവരുടേയും വോളന്റിയർമാർ ഫെറോന പ്രവർത്തകർ എന്നിവരുടേയും പരിപൂർണ്ണ സഹകരണം ഉണ്ടായിരുന്നു. സമ്മാനാർഹരായ കുട്ടികൾക്ക് സമ്മാനം നൽകി.

**ഫാ. പോൾ.ജി** — **ഷീജ റ്റി.കെ**

കോഓർഡിനേറ്റർ — ആനിമേറ്റർ





# അൽമായശുശ്രൂഷ

**ലത്തീൻ കത്തോലിക്ക സമുദായ ദിനസമ്മേളന ഒരുക്ക യോഗങ്ങൾ**

2018 ഡിസംബർ 9-ാം തിയതി തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന സംസ്ഥാനതല സമ്മേളനത്തിന്റെ ഭാഗമായി ഒരുക്കങ്ങൾ നടത്തുന്നതിന് വേണ്ടി നവംബർമാസം 5-ാം തിയതി രാവിലെ 10.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കൂടിയ യോഗത്തിൽ അൽമായ ശുശ്രൂഷ ഡയറക്ടർ ഫാ. ടോണി ഹാംലറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ. ആന്റെണി ആൽബർട്ട് സ്വാഗതം അർപ്പിച്ചു. പ്രസ്തുത യോഗത്തിൽ കെ.ആർ.എൽ.സി.സി ജനറൽ സെക്രട്ടറി റവ.ഫാ. ഫ്രാൻസീസ് താന്നിക്കപറമ്പിൽ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ റവ.ഫാ. മൈക്കിൾ തോമസ്, ഫാ. പോൾ സണ്ണി, ശ്രീ. ജോസ്മെസ്മിൻ, ശ്രീ. പാട്രിക് മൈക്കിൾ, ശ്രീമതി ഷേർളി ജോണി, ശ്രീ. ഇമ്മാനുവൽ മൈക്കിൾ, ശ്രീ. ജോണി എം.എ, ശ്രീ. ജോർജ്ജ് എസ്. പള്ളിത്തറ, ഡോ. എം.എ ജോർജ്ജ് , കെ.ആർ.എൽ.സി.സി. അൽമായ ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജ് കുമാർ എന്നിവർ സംബന്ധിച്ചു.

നാളിതുവരെയുള്ള സബ്കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. സമുദായ സമ്മേളനം വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും രൂപതയിലെ അല്മായ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും യോഗം തീരുമാനിച്ചു.

**06.11.2018 ൽ നടന്ന സമുദായ ദിനാഘോഷം വിജയമാക്കുന്നതിനുവേണ്ടി നടന്ന വിവധ സംഘടനകളുടെ യോഗം**

നവംബർ 6-ാം ഉച്ചയ്ക്ക് 2.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് അല്മായ ശുശ്രൂഷ ഡയറക്ടർ റവ. ഫാ.

ടോണി ഹാംലറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിവിധ സംഘടനകളായ കെ.എൽ.സി.എ, കെ.എൽ.സി.ഡബ്ല്യൂ.എ., ഡി.സി.എം.എസ്, കെ.സി.വൈ.എം, കെ.എൽ.എം, എന്നീ സംഘടനകളിലെ പ്രവർത്തകർ യോഗത്തിൽ പങ്കെടുത്തു. ശ്രീ. ആന്റെണി ആൽബർട്ട്, അഡ്വ.എം.എ ഫ്രാൻസീസ്, ശ്രീമതി. ഷേർളി ജോണി എന്നിവർ സമുദായ സമ്മേളനം വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

**13.11.2018 ൽ നടന്ന സമുദായദിന സമ്മേളന ആലോചന യോഗം**

നവംബർ 13-ാം തിയതി രാവിലെ 10.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്റെറിൽ വച്ച് മോൺ.യൂജിൻ എച്ച് പെരേരയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. തിരുവനന്തപുരം മെത്രാപൊലീത്ത ഡോ.സൂസപാക്യം എം, സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ്, മോൺ.ജെയിംസ് കുലാസ്, ഫാ. ഫ്രാൻസീസ് സേവ്യർ താന്നിക്കം പറമ്പിൽ, ഫെറോനവികാരിമാർ, അല്മായ ശുശ്രൂഷ കോഡിനേറ്റർമാർ, വിവിധ സബ്കമ്മിറ്റികളുടെ ചെയർമാന്മാർ, കൺവീനർമാർ എന്നിവരും യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.

ഓഖി ദുരന്തമുണ്ടായി 1 വർഷം പൂർത്തിയാകുന്ന നവംബർ 29 -ാം തിയതി ഓഖി അനുസ്മരണവും പ്രാർത്ഥനയും നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം അതിരൂപതയിലെ ഇരൈയിമ്മൻതുറ മുതൽ മാമ്പള്ളി വരെയുള്ള തീരദേശ ഇടവകകളിൽ കടൽപുറം വൃത്തിയാക്കുകയും ഓഖിയിൽ മരണപ്പെട്ടവരെയും കാണാതായവരെയും സ്മരിച്ചുകൊണ്ട് പ്രത്യേക പ്രാർത്ഥനയും കടൽ നോക്കി നിന്നുകൊണ്ട് ജപമാലയും ചൊല്ലുവാൻ തീരുമാനിച്ചു.